പഞ്ചായത്ത് വകുപ്പ്
പ്രസിദ്ധീകരണം

പഞ്ചായത്ത്‌രാജ്

പുസ്തകം 57 ലക്കം 10 ജനുവരി 2018

ശുചിത്വ നഗരമായ് പിറന്നതായിരുന്നു ഞാൻ



'നമ്മുടെ നാട്
ശുചിത്വത്തിന്റെ പാതയിൽ

നാടിന്റെ ശുചിത്വം
നമ്മുടെ കൈകളിൽ'

നമ്മുടെ ലക്ഷ്യം മാലിന്യമുക്ത കേരളം

പകർച്ചവ്യാധികളെ
അകറ്റി നിർത്തുക
പരിസര ശുചിത്വ
പ്രവർത്തനങ്ങൾക്ക്
മുൻകൈ എടുക്കുക

പഞ്ചായത്ത്‌രാജ്

ജനുവരി 2018

അകത്ത്

സമ്പൂർണ്ണ ശുചിത്വത്തിലേക്ക് ആലപ്പുഴ
ഡോ. ടി.എം തോമസ് ഐസക്ക് 5

മാലിന്യസംസ്കരണം ജനപങ്കാളിത്തത്തോടെ
പ്രേംജിത്ത് പി 8

മാലിന്യസംസ്കരണം - ചെയ്യേണ്ടത്
ഏബ്രഹാം തോമസ് രഞ്ജിത്ത് 10

അജൈവമാലിന്യ സംസ്കരണം 13

ജൈവമാലിന്യ പരിപാലനം
അമീർഷാ ആർ.എസ് 16

ജൈവമാലിന്യ സംസ്കരണ പദ്ധതികൾ 22

പദ്ധതിചെലവ് - തിരുവനന്തപുരം 50 കടന്നു 24

വിജയത്തിളക്കത്തിന്റെ കർമ്മഗാഥകൾ 24

തെരുവുവിളക്ക്
ഉത്പാദന രംഗത്തേക്ക് ക്ലൂസ്
പി. വി. സുനിൽ 36

സവിശേഷമായൊരു ശ്രവ്യാനുഭവം
മുരളീധരൻ തഴക്കര 38

പംക്തികൾ

കില ന്യൂസ് 30
ഭൂതക്കണ്ണാടി 32
വാർത്തകൾ വിശേഷങ്ങൾ 35
നാട്ടുവെളിച്ചം 40
എന്ന് വായനക്കാർ... 42
കണ്ണും കാതും 42

ജനുവരി 2018
പുസ്തകം 57 ലക്കം 10
വാർഷികവരിസംഖ്യ ₹ 120
www.lsgkerala.gov.in
www.dop.lsgkerala.gov.in

പഞ്ചായത്ത്‌രാജ്
പഞ്ചായത്ത് വകുപ്പ് പ്രസിദ്ധീകരണം

എഡിറ്റോറിയൽ

ഉപദേശക സമിതി

ചെയർമാൻ
ഡോ. കെ.ടി. ജലീൽ
തദ്ദേശസ്വയംഭരണവകുപ്പ് മന്ത്രി

അംഗങ്ങൾ
ടി.കെ. ജോസ് ഐ.എ.എസ്
അഡീഷണൽ ചീഫ് സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്
ടി.വി. സുബാഷ്
ഡയറക്ടർ, ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്
കെ. തുളസിഭായ് പത്മനാഭൻ
പ്രസിഡന്റ്, കേരള ഗ്രാമപഞ്ചായത്ത് അസോസിയേഷൻ
കെ.ആർ. അജയൻ
സെക്രട്ടറി, പ്രസ് ക്ലബ്, തിരുവനന്തപുരം
ജി. ഹരികൃഷ്ണൻ
പബ്ലിസിറ്റി ഓഫീസർ, പഞ്ചായത്ത് വകുപ്പ്

കൺവീനർ
പി.മേരിക്കുട്ടി ഐ.എ.എസ്
പഞ്ചായത്ത് ഡയറക്ടർ

എഡിറ്റർ
പി.മേരിക്കുട്ടി ഐ.എ.എസ്
Email: directorofpanchayat@gmail.com
Tel: 0471 2323286

അസിസ്റ്റന്റ് എഡിറ്റർ
ജി. ഹരികൃഷ്ണൻ
Email: prmdp2015@gmail.com
ഫോൺ: 0471 2321280
മൊബൈൽ: 9496047036

കവർ ഡിസൈൻ & ലേ ഔട്ട്
നാരായണ ഭട്ടതിരി
പ്രിന്റെയ്ഡ്സ് ലേസർ മീഡിയ

മേൽവിലാസം
എഡിറ്റർ, പഞ്ചായത്ത് രാജ് മാസിക
പഞ്ചായത്ത് ഡയറക്ടറേറ്റ്, മ്യൂസിയം പി.ഒ.
തിരുവനന്തപുരം 695033

ലേഖകരുടെ അഭിപ്രായം സർക്കാരിന്റേതായിരിക്കണമെന്നില്ല. അവയുടെ പൂർണ്ണമായ ഉത്തരവാദിത്തം ലേഖകർക്ക് മാത്രമായിരിക്കും. പരസ്യങ്ങളുടെ ഉള്ളടക്കത്തിലും പഞ്ചായത്ത് രാജിന് ഉത്തരവാദിത്തമില്ല.

ശുചിത്വം തന്നെ മഹത്വം

ശുചിത്വമെന്നാൽ വ്യക്തി ശുചിത്വം മാത്രമാണെന്ന ഒരു തെറ്റിദ്ധാരണ നമുക്കിടയിൽ അബോധപൂർവ്വമായി പടർന്നിട്ടുണ്ട്. ഇത് ശരിയല്ല. വൃത്തി വ്യക്തിക്കു മാത്രമല്ല വേണ്ടത്, പരിസരത്തിനും പരിസ്ഥിതിക്കും അനിവാര്യമാണ് ശുചിത്വം. എങ്കിലേ സ്വസ്ഥവും സ്വച്ഛവുമായൊരു ജീവിതം മനുഷ്യരുൾപ്പെടെ എല്ലാ ജീവജാലങ്ങൾക്കും സാധ്യമാകൂ. വ്യക്തിയും സമൂഹവും ശുദ്ധമായിരുന്നാൽ പ്രകൃതിയും ശുദ്ധതയിലേക്കെത്തും. അപ്പോൾ ചുറ്റുപാടും ജീവിതയോഗ്യമായിത്തീരും. സ്വാസ്ഥ്യം നിറഞ്ഞ ശരീരത്തിൽ സ്വാസ്ഥ്യം നിറഞ്ഞ മനസ്സും മറിച്ചുമുണ്ടാകും. ആരോഗ്യമാണ് ആനന്ദത്തിന്റെ അടിസ്ഥാനം. ആരോഗ്യപൂർണ്ണമായൊരു ജീവിതത്തിൽ നേട്ടങ്ങളിലേക്ക് കുതിക്കുവാനുള്ള കരുത്തുണ്ടാകും.

മാലിന്യ സംസ്കരണം തദ്ദേശസ്വയംഭരണസ്ഥാപനങ്ങളുടെ അനിവാര്യ ചുമതലയാണ്. ശുചിത്വ സുന്ദര കേരള സൃഷ്ടിക്കായി ഹരിതകേരളം മിഷനും, ശുചിത്വമിഷനും സഹായഹസ്തവുമായി ഒപ്പമുണ്ട്. ജൈവ/അജൈവമാലിന്യങ്ങൾ സംസ്കരിക്കുന്നതിനും വിവിധ തലങ്ങളിൽ പ്രയോജനകരമാക്കി മാറ്റുന്നതിനുമുള്ള പലവിധ ആധുനിക മാർഗ്ഗങ്ങൾ ഇന്നു ലഭ്യമാണ്. അവയെ വിപുലമായി പരിചയപ്പെടുത്തുന്ന ഒരു ലക്കമാണ് ഇത്തവണ പഞ്ചായത്ത് രാജ് മാസികയുടേത്. ഇലക്ട്രോണിക് വേസ്റ്റ് പോലുള്ള അജൈവമാലിന്യങ്ങളുടെ സംസ്കരണം ഒരു കീറാമുട്ടിയായിരുന്ന മുമ്പ്. എന്നാലിന്ന് അജൈവമാലിന്യങ്ങളെ പുനരുപയോഗിക്കുന്നതിനും പുനചംക്രമണം ചെയ്യുന്നതിനും നൂതന മാർഗ്ഗങ്ങൾ നിലവിലുണ്ട്. അത് ഫലപ്രദമായി ഉപയോഗിക്കാനുള്ള മനസ്സും തയ്യാറെടുപ്പുമുണ്ടെങ്കിൽ ആ ഭീഷണിയെ നിഷ്പ്രയാസം ഒഴിവാക്കാം.

2018-19 കാലയളവിലേക്ക് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ വാർഷിക പദ്ധതി രൂപീകരണത്തിനുള്ള ആലോചനകൾ ഗൗരവമായി നടക്കുന്ന സമയമാണിത്. തീർച്ചയായും ശുചിത്വപരിപാലനത്തിനും മാലിന്യ സംസ്കരണത്തിനും മുഖ്യപ്രാധാന്യം നല്കിക്കൊണ്ടുള്ള ഒരു വികസന കാഴ്ചപ്പാട് ഉണ്ടെങ്കിൽ മാത്രമേ ഈ തലമുറയ്ക്കും വരും തലമുറയ്ക്കും ജീവിക്കാനുതകുന്ന അവസ്ഥയുള്ളൊരു ഭൂമി നമുക്ക് ഒരുക്കാൻ കഴിയൂ. എല്ലാറ്റിലും പ്രധാനപ്പെട്ടതും നമ്മുടെ നിലനില്പിന്റെ അടിസ്ഥാനവുമായ വായു, വെള്ളം, ഭൂമി എന്നിവയെ സംരക്ഷിച്ചിട്ടേ മറ്റ് വികസന പ്രവർത്തനങ്ങൾക്ക് പരിഗണന നല്കേണ്ടതുള്ളൂ. ഇതിനായി ഭരണസമിതിയെയും ജീവനക്കാരെയും മാത്രമല്ല പരിസ്ഥിതി പ്രവർത്തകരും വിഷയവിദഗ്ധരുമായ പൊതുപ്രവർത്തകരെ കൂടി ഉൾപ്പെടുത്തി തുറന്ന ചർച്ചകൾ സംഘടിപ്പിക്കണം. ആ ചർച്ചകളുടെ ഫലമായി ഉരുത്തിരിഞ്ഞു വരുന്ന തീരുമാനങ്ങൾ പദ്ധതി രൂപീകരണത്തിന് സഹായകരമാക്കി മാറ്റിയെങ്കിലെ ശോഭനമായൊരു ഭാവി കെട്ടിപ്പടുക്കാൻ നമുക്കാകൂ.

2017-18 വാർഷിക പദ്ധതിയുടെ അവസാനപാദത്തിലേക്ക് നാം കടന്നിരിക്കുകയാണ്. മുൻവർഷങ്ങളെ അപേക്ഷിച്ച് പദ്ധതി നിർവ്വഹണത്തിൽ വളരെയധികം മുന്നേറാൻ നമുക്ക് കഴിഞ്ഞിട്ടുണ്ട്. പദ്ധതി അംഗീകാരം നേടിയതിൽ കൈവരിച്ച ചരിത്രനേട്ടം നിർവ്വഹണത്തിലും ആവർത്തിക്കാൻ തദ്ദേശഭരണസ്ഥാപനങ്ങൾ സ്ഥിരോത്സാഹത്തോടെ പ്രവർത്തനങ്ങൾ തുടരുമെന്ന് പ്രത്യാശിക്കുന്നു.

പി. മേരിക്കുട്ടി ഐ.എ.എസ്

ശുചിത്വം ദൈവികത്വത്തിന് അടുത്താണ്
- മഹാത്മാഗാന്ധി

സമ്പൂർണ്ണ ശുചിത്വത്തിലേക്ക് ആലപ്പുഴ

ഡോ. ടി.എം തോമസ് ഐസക്ക്
ധനകാര്യവകുപ്പ് മന്ത്രി

ഖരമാലിന്യസംസ്കരണ സമ്പ്രദായത്തിന്റെ അടിസ്ഥാനത്തിൽ ആലപ്പുഴയെ ലോകത്തെ ഏറ്റവും നല്ല അഞ്ചു നഗരങ്ങളിൽ ഒന്നായി യു.എൻ.ഇ.പി തെരഞ്ഞെടുത്തത് ഏതാനും മാസങ്ങൾക്കു മുമ്പാണ്. രണ്ടു വർഷം മുമ്പ് ഡോ. സുനിത നാരായണന്റെ സെന്റർ ഫോർ സയൻസ് ആന്റ് എൺവിയോൺമെന്റ് ആലപ്പുഴയെ ഇന്ത്യയിലെ ഏറ്റവും മികച്ച നഗരമായി തെരഞ്ഞെടുക്കുകയുണ്ടായി. പക്ഷെ ഇതിനു രണ്ടിനും ഇടയിൽ സ്വച്ഛ്ഭാരത് മിഷൻ നടത്തിയ സ്വച്ഛ് സർവ്വേഷൻ സർവ്വേയിൽ ആലപ്പുഴയുടെ സ്ഥാനം ഇന്ത്യയിൽ 380 ആയിരുന്നു. എന്തുകൊണ്ട് ആലപ്പുഴ പിന്നോക്കം പോയി?

സ്വച്ഛ് ഭാരത് മിഷനു ആലപ്പുഴയോടുള്ള വിവേചനം കൊണ്ടല്ല. മറിച്ച്, അവർ നിശ്ചയിച്ചിരുന്ന മാനദണ്ഡങ്ങളിൽ ചിലത് ആലപ്പുഴ മാതൃകയിൽ പ്രസക്തമായിരുന്നില്ല. ഇത് ചൂണ്ടിക്കാണിച്ചുകൊണ്ട് ഡോ. സുനിത നാരായണൻ ദേശീയതലത്തിൽ തന്നെ വിമർശനം ഉന്നയിച്ചിട്ടുണ്ട്. ഉദാഹരണത്തിന് സ്വച്ഛ്ഭാരത് ഏറ്റവും കൂടുതൽ മാർക്ക് നൽകിയത് വീടുവീടാന്തരമുള്ള മാലിന്യ ശേഖരണത്തിനാണ്. അതേസമയം ആലപ്പുഴയിലെ മാലിന്യസംസ്കരണ ദർശനം "എന്റെ മാലിന്യം എന്റെ ഉത്തരവാദിത്വ"മാണെന്ന ആപ്തവാക്യമാണ്.

എല്ലാവരും അവരവരുടെ വീടുകളിൽ മാലിന്യം തരംതിരിക്കുകയും ജൈവമാലിന്യം വീടുകളിൽതന്നെ സംസ്കരിക്കുകയും വേണം. ഏതെങ്കിലും കാരണവശാൽ സംസ്കരിക്കാൻ താൽപ്പര്യമില്ലാത്തവരോ കഴിയാത്തവരോ ആണെങ്കിൽ ആലപ്പുഴ മാതൃകയെക്കുറിച്ച് നേരിട്ടും അല്ലാതെയും കേന്ദ്ര സർക്കാർ ഏജൻസികൾ താൽപ്പര്യം പ്രകടിപ്പിച്ചതായി അറിയാം. പ്രധാനമന്ത്രിയടക്കം സ്വച്ഛ്ഭാരത് മിഷൻ പ്രസംഗത്തിൽ ആലപ്പുഴയെ പരാമർശിച്ചു. ഈ പശ്ചാത്തലത്തിൽ ആലപ്പുഴ നിവാസികളും മുനിസിപ്പാലിറ്റിയും ജില്ലാ ഭരണകൂടവും ഒത്തൊരുമിച്ചു പ്രവർത്തിക്കുകയാണെങ്കിൽ ഇന്ത്യയിലെ ഏറ്റവും വൃത്തിയും വെടിപ്പുമുള്ള നഗരത്തിന്റെ പട്ടികയിൽ ആലപ്പുഴ ഒന്നാമതാകും.

ആലപ്പുഴ ജില്ലയിൽ ശുചിത്വ പരിശോധനാ സർവ്വേയുമായി ചേർന്ന യോഗത്തിൽ ധനകാര്യവകുപ്പുമന്ത്രി ഡോ. ടി.എം. തോമസ് ഐസക് സംസാരിക്കുന്നു.

ആലപ്പുഴയെ പൈതൃക നഗരമായി വികസിപ്പിക്കുന്നതിന് രണ്ടായിരത്തിൽപ്പരം കോടി രൂപയുടെ പദ്ധതികളാണ് സംസ്ഥാന സർക്കാർ ആവിഷ്കരിച്ചിട്ടുള്ളത്. പുരസ്കാരം നേടുന്നത് ആലപ്പുഴയെ പൈതൃക നഗരമെന്ന നിലയിൽ ബ്രാന്റ് ചെയ്യുന്നതിന് സഹായിക്കും. പൈതൃക പദവി നേടുന്നതിലാണ് ആലപ്പുഴയുടെ വികസനഭാവി

മാലിന്യം വേർതിരിച്ച് മുനിസിപ്പാലിറ്റി ഏർപ്പെടുത്തിയിരിക്കുന്ന എയ്റോബിക് കേന്ദ്രങ്ങളിൽ നേരിട്ട് എത്തിക്കണം. ഈ കേന്ദ്രങ്ങളിൽ തന്നെ പ്ലാസ്റ്റിക് മാലിന്യങ്ങളും കൈമാറാം. അതുകൊണ്ട് കഴിഞ്ഞ സർവ്വേയിൽ ആലപ്പുഴയ്ക്ക് വീടുവീടാന്തരമുള്ള മാലിന്യശേഖരണത്തിന്റെ കാര്യത്തിൽ പൂജ്യം മാർക്കാണ് കിട്ടിയത്.

എന്നാൽ എല്ലായിടത്തും ഹരിത കർമ്മസേന രൂപീകരിക്കണമെന്ന ഹരിതമിഷൻ തീരുമാനത്തിന്റെ ഭാഗമായി ആലപ്പുഴ നഗരത്തിലും കർമ്മസേന രൂപീകരിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരികയാണ്. ആലപ്പുഴയിൽ ഒരിക്കലും ജൈവമാലിന്യങ്ങൾ വീടുകളിൽ നിന്നും ശേഖരിക്കില്ല. എന്നാൽ വൃത്തിയാക്കിയ അജൈവമാലിന്യങ്ങൾ വീടുകളിൽ നിന്നും ശേഖരിക്കും. ഏതാനും ദിവസംകൊണ്ട് ഹരിതകർമ്മസേന സജീവമാകുന്നതോടെ ആലപ്പുഴയ്ക്ക് ഇക്കാര്യത്തിൽ പൂർണ്ണ മാർക്ക് കിട്ടും.

അതുപോലെ കഴിഞ്ഞ സർവ്വേകാലത്ത് പ്ലാസ്റ്റിക് ഷ്രെഡ്ഡിംഗ് കേന്ദ്രം ഉണ്ടായിരുന്നില്ല. ഇപ്പോൾ നഗരത്തിൽ ലഭിക്കുന്ന പ്ലാസ്റ്റിക്കുകൾ ഷ്രെഡ്ഡ് ചെയ്യുവാനുള്ള സംവിധാനം ഉണ്ട്. അതുപോലെ ശുചിത്വബോധപ്രചാരണം ഒരു പ്രധാനപ്പെട്ട ഘടകമാണ്. 'നിർമ്മലഭവനം നിർമ്മലനഗരം' പദ്ധതിക്കാലത്ത് ആലപ്പുഴയിൽ നടന്നതുപോലെ മാലിന്യസംസ്കരണത്തിന് തീവ്രപ്രചാരണ പരിപാടികൾ സംഘടിപ്പിച്ച മറ്റൊരു നഗരം ഉണ്ടാവില്ല. എന്നാൽ സർവ്വേഷൻ സംഘം വന്നസമയം ആലപ്പുഴയിൽ ബോർഡും ബാനറുമൊന്നും കണ്ടില്ല. ഇങ്ങനെ ഒട്ടേറെ ചില്ലറ കാര്യങ്ങൾ.

അതേസമയം, ഉറവിടത്തിൽ മാലിന്യം സംസ്കരിക്കുന്നതിന് അന്ന് പ്രത്യേകിച്ച് മാർക്കൊന്നും നൽകിയിരുന്നില്ല. എന്നാൽ ഇക്കാര്യങ്ങളിൽ കേന്ദ്രസർക്കാരിന്റെ നിലപാടുകളിൽ മാറ്റം വന്നിട്ടുണ്ടെന്ന് സ്വച്ഛ് സർവ്വേഷന്റെ മാനദണ്ഡം നോക്കിയാൽ മനസിലാകും. നേരത്തെ 1800 മാർക്കിൽ 600 മാർക്കായിരുന്ന വീടുവീടാന്തര ശേഖരണത്തിന്. ഇപ്പോൾ 42 മാർക്കേയുള്ളൂ. മാത്രമല്ല, ആലപ്പുഴ മാതൃകയെക്കുറിച്ച് നേരിട്ടും അല്ലാതെയും കേന്ദ്രസർക്കാർ ഏജൻസികൾ താൽപ്പര്യം പ്രകടിപ്പിച്ചതായി അറിയാം. പ്രധാനമന്ത്രിയടക്കം സ്വച്ഛ്ഭാരത് മിഷൻ പ്രസംഗത്തിൽ ആലപ്പുഴയെ പരാമർശിച്ചു. ഈ പശ്ചാത്തലത്തിൽ ആലപ്പുഴ നിവാസികളും മുനിസിപ്പാലിറ്റിയും ജില്ലാ ഭരണകൂടവും ഒത്തൊരുമിച്ചു പ്രവൃത്തിക്കുകയാണെങ്കിൽ ഇന്ത്യയിലെ ഏറ്റവും വൃത്തിയും വെടിപ്പുമുള്ള നഗരത്തിന്റെ പട്ടികയിൽ ആലപ്പുഴ ഒന്നാമതാകും.

ഇതിന് എന്തു ചെയ്യണം? ജില്ലാ കളക്ടറുടെ നേതൃത്വത്തിൽ ഇതിനൊരു കർമ്മപരിപാടി തയ്യാറാക്കിയിട്ടുണ്ട്. ഇതിൽ ഉദ്യോഗസ്ഥർ ചെയ്യേണ്ട കാര്യങ്ങളെക്കുറിച്ച് പ്രതിപാദിക്കുന്നില്ല. പക്ഷെ ബഹുജനങ്ങൾക്കാണ് ഏറ്റവും വലിയ പങ്കുവഹിക്കാനുള്ളത്.

ഒന്ന് - എല്ലാ ആഫീസുകളുടെയും സ്കൂളുകളുടെയും സ്ഥാപനങ്ങളുടെയും പരിസരം അവിടെ പ്രവർത്തിക്കുന്നവരും പഠിക്കുന്നവരും ചേർന്ന് ശുചീകരിക്കണം.

രണ്ട് - നമ്മുടെ നഗരവാണിജ്യത്തിലെ പ്രമുഖസ്ഥാനം വഴിയോര കച്ചവടക്കാർക്കുണ്ട്.

സ്വച്ഛ് സർവ്വേഷൻ അവലോകന യോഗത്തിൽ ആലപ്പുഴ ജില്ലാ കളക്ടർ ടി.വി. അനുപമ സംസാരിക്കുന്നു.

അവർ റോഡിൽ നിന്നും ഒതുങ്ങി കച്ചവടം ക്രമീകരിക്കണം. അവരുടെ പരിസരം വൃത്തിയായി സൂക്ഷിക്കണം.

മൂന്ന് - എല്ലാ ഹോട്ടലുകളുടെയും അടുക്കളയും ഡൈനിംഗ് ഹാളും ശുചിയാക്കണം.

നാല് - ഒരു കച്ചവടക്കാരനും കട മുത്ത് മാലിന്യങ്ങൾ കത്തിക്കരുത്, റോഡിലേക്ക് വലിച്ചെറിയരുത്. അവ തരംതിരിച്ച് നഗരസഭ ഏർപ്പെടുത്തിയിരിക്കുന്ന സംവിധാനങ്ങൾക്ക് കൈമാറണം. വീട്ടുകാരിൽ ഭ്രരിപക്ഷവും ഈ പ്രോട്ടോക്കോൾ പാലിക്കുന്നുണ്ട്. ബാക്കിയുള്ളവരും അതിന് തയ്യാറാകണം.

അഞ്ച് - പെട്രോൾ പമ്പുകൾ, ഹോട്ടലുകൾ, പൊതുസ്ഥലങ്ങൾ എന്നിവിടങ്ങളിലെ എല്ലാ ശുചിമുറികളും വൃത്തിയാക്കണം.

ആറ് - കുടുംബശ്രീ അയൽക്കൂട്ടങ്ങൾ, റെസിഡന്റ്സ് അസോസിയേഷനുകൾ അവരുടെ പരിധിയിൽ വരുന്ന റോഡുകളും ഇടവഴികളും വൃത്തിയാക്കണം.

ഏഴ് - സംഘടനകൾ, ഓഫീസുകൾ ശുചിത്വ സന്ദേശങ്ങൾ പ്രചരിപ്പിക്കുന്ന ബാനറുകൾ കെട്ടണം.

എട്ട് - ആലപ്പുഴ ശുചിത്വ പരിപാടിയുടെ സന്ദേശങ്ങളും വിശദാംശങ്ങളും എല്ലാ നിവാസികൾക്കും പകർന്നുകൊടുക്കണം. ഇതിന് മാധ്യമങ്ങൾ സഹായിക്കണം. കാരണം മറ്റൊന്നുമല്ല. സർവ്വേയുടെ ഭാഗമായി സാധാരണക്കാരോട് അഭിപ്രായങ്ങൾ ആരായുമ്പോൾ അവർ കൃത്യമായി പ്രതികരിക്കുന്നതും പ്രധാനമാണ്.

ഒമ്പത് - ചില പൊതുശുചിത്വാചരണങ്ങൾ തീരുമാനിച്ചിട്ടുണ്ട്. അതിൽ എല്ലാവരും സഹകരിക്കണം. ഈ കാര്യങ്ങൾ രാഷ്ട്രീയപാർട്ടികളുടെ പ്രതിനിധികളുമായി ചർച്ച ചെയ്യുന്നതിന് സൗകര്യമുണ്ടാക്കുന്നതാണ്.

ജനുവരി മൂന്നാം വാരത്തിലാണ് സ്വച്ഛ് സർവ്വേഷൻ ടീം ആലപ്പുഴ അടുത്തതായി സന്ദർശിക്കുന്നത്. അപ്പോഴേക്കും നാം തയ്യാറാകണം.

ഇങ്ങനെ സ്വച്ഛ് സർവ്വേഷൻ 2018 പുരസ്കാരം ആലപ്പുഴ നേടിയിട്ട് എന്തുകാര്യം എന്ന് പലരും ചിന്തിക്കുന്നുണ്ടാകും.

ഒന്ന് - നമ്മൾ ആലപ്പുഴ ശുചിത്വ പരിപാടിയുടെ രണ്ടാംഘട്ടമായ ജലമാലിന്യ സംസ്കരണത്തിലേക്ക് ഈ വേനൽക്കാലത്ത് നീങ്ങുകയാണ്. ഇതിന് നമുക്ക് പ്രത്യേക ധനസഹായം കേന്ദ്രത്തിൽ നിന്നും വാങ്ങാൻ സാധിക്കും.

രണ്ട് - ആലപ്പുഴയെ പൈതൃക നഗരമായി വികസിപ്പിക്കുന്നതിന് രണ്ടായിരത്തിൽപ്പരം കോടി രൂപയുടെ പദ്ധതികളാണ് സംസ്ഥാന സർക്കാർ ആവിഷ്കരിച്ചിട്ടുള്ളത്. പുരസ്കാരം നേടുന്നത് ആലപ്പുഴയെ പൈതൃക നഗരമെന്ന നിലയിൽ ബ്രാന്റ് ചെയ്യുന്നതിന് സഹായിക്കും. പൈതൃക പദവി നേടുന്നതിലാണ് ആലപ്പുഴയുടെ വികസനഭാവി.

ഈ വിശാലമായ കാഴ്ചപ്പാടിൽ കൂട്ടായി ഇടപെടണം. ശുചിത്വ മേഖലയിൽ ഇതുവരെ പിന്നിട്ട പാത പരിശോധിക്കുമ്പോൾ ഇതൊരു ചെറിയ ദൂരം മാത്രമാണ്.

2012 ൽ നഗരം വലിയ മാലിന്യ പ്രതിസന്ധി നേരിട്ടപ്പോൾ ഒരു ചെറുസംഘം ആളുകൾ തുടങ്ങിയ നിർമ്മല ഭവനം, നിർമ്മല നഗരം പദ്ധതി പിന്നീട് മുനിസിപ്പാലിറ്റിയുടെ പദ്ധതിയായി. നഗരത്തിന്റെ മുഴുവൻ കാഴ്ചപ്പാടായി. കേരളത്തിൽ ഹരിതമിഷൻ ഉറവിടമാലിന്യ സംസ്കരണത്തിന് അംഗീകാരം നൽകി. സ്വച്ഛ് സർവ്വേഷൻ 2018 ആലപ്പുഴയ്ക്ക് നേടാൻ കഴിഞ്ഞാൽ അത് ഇന്ത്യൻ ശുചിത്വ പ്രസ്ഥാനത്തിന് പുതിയൊരു പാത തുറക്കുകയായിരിക്കും. ഈയൊരു വാശിയോടെ എല്ലാവരും ഒരുമിച്ചു പ്രവർത്തിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

2012 ൽ നഗരം വലിയ മാലിന്യ പ്രതിസന്ധി നേരിട്ടപ്പോൾ ഒരു ചെറുസംഘം ആളുകൾ തുടങ്ങിയ നിർമ്മല ഭവനം, നിർമ്മല നഗരം പദ്ധതി പിന്നീട് മുനിസിപ്പാലിറ്റിയുടെ പദ്ധതിയായി. നഗരത്തിന്റെ മുഴുവൻ കാഴ്ചപ്പാടായി. കേരളത്തിൽ ഹരിതമിഷൻ ഉറവിടമാലിന്യ സംസ്കരണത്തിന് അംഗീകാരം നൽകി. സ്വച്ഛ് സർവ്വേഷൻ 2018 ആലപ്പുഴയ്ക്ക് നേടാൻ കഴിഞ്ഞാൽ അത് ഇന്ത്യൻ ശുചിത്വ പ്രസ്ഥാനത്തിന് പുതിയൊരു പാത തുറക്കുകയായിരിക്കും.

മാലിന്യസംസ്കരണം ജനപങ്കാളിത്തത്തോടെ

പ്രേംജിത്ത് പി

മാലിന്യപ്രശ്നം സംസ്ഥാനം അഭിമുഖീകരിക്കുന്ന പ്രധാന വികസന വെല്ലുവിളിയാണ്. മാലിന്യസംസ്കരണ ഉത്തരവാദിത്തം നിക്ഷിപ്തമായ ഗ്രാമപഞ്ചായത്ത്, മുനിസിപ്പാലിറ്റി, മുനിസിപ്പൽ കോർപ്പറേഷനുകളുടെ നേതൃത്വത്തിൽ ജനപങ്കാളിത്തത്തോടെ കേരളീയ സാഹചര്യങ്ങൾക്കനുസൃതമായി ശാസ്ത്രീയ മാലിന്യ സംസ്കരണമുറപ്പാക്കുന്നതിനുള്ള നടപടികളാണ് ഹരിതകേരളം മിഷന്റെ ഉപദൗത്യമായ ശുചിത്വമാലിന്യ സംസ്കരണത്തിലൂടെ ശുചിത്വമിഷൻ നടപ്പിലാക്കി വരുന്നത്.

ഓരോ തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെയും പരിധിയിൽ വരുന്ന ഭ്രപ്രദേശം മാലിന്യമുക്തമാക്കാൻ ലക്ഷ്യമിട്ടുള്ള പ്രവർത്തനങ്ങൾക്കാണ് ഹരിതകേരളം മിഷൻ തുടക്കം കുറിച്ചിരിക്കുന്നത്. സമഗ്രമായ ഒരു മാലിന്യ സംസ്കരണ പരിപാടി തദ്ദേശസ്വയംഭരണ സ്ഥാപനതലത്തിൽ ശുപപ്പെടുത്തിയെടുക്കുക എന്നുള്ളതാണ് ലക്ഷ്യം.

നഗരവത്കരണവും വർദ്ധിച്ചുവരുന്ന ഉപഭോക്തൃസംസ്കാരവും നമ്മുടെ സംസ്ഥാനത്തെ മാലിന്യത്തിന്റെ തോതിലും സ്വഭാവത്തിലും ദിനംപ്രതി മാറ്റങ്ങളുണ്ടാക്കുകയാണ്. മുൻകാലങ്ങളിൽ സ്വീകരിച്ചിരുന്ന ഒറ്റപ്പെട്ട സമീപനത്തിൽ നിന്നും വ്യത്യസ്തമായി സുസ്ഥിര പരിഹാരത്തിനുള്ള ശ്രമങ്ങളാണാരംഭിച്ചിട്ടുള്ളത്.

ഈർപ്പവും നനവും കൂടുതലുള്ള ജൈവമാലിന്യം, ഉയർന്ന ജനസാന്ദ്രത, പെട്ടെന്ന് മലിനമാകാൻ ഇടയുള്ളവിധം വെള്ളക്കെട്ടുകളുടെയും ജലസ്രോതസ്സുകളുടെയും ആധിക്യം, കേന്ദ്രീകൃത ജൈവമാലിന്യ സംസ്കരണ സംവിധാനങ്ങളോട് ജനങ്ങൾക്കുള്ള എതിർപ്പ്, സ്ഥലലഭ്യതക്കുറവ്, ജനകീയസമരങ്ങൾ എന്നിങ്ങനെയുള്ള കാരണങ്ങളാൽ പരമാവധി സാധ്യമായിടത്തോളം ഉറവിടത്തിൽ തന്നെ വികേന്ദ്രീകൃതമായി ജൈവമാലിന്യം സംസ്കരിക്കുന്നതിനാണ് മുൻഗണന.

മാലിന്യസംസ്കരണം ഫലപ്രദമാക്കുന്നതിന് ചില ചിട്ടകൾ നമ്മുടെ സംസ്കാരമായി ശുപപ്പെടണം. തരംതിരിക്കുക, പരമാവധി കുറയ്ക്കുക, പുനരുപയോഗിക്കുക, പുനഃചംക്രമണം ഉറപ്പാക്കുക എന്നീ നാലുകാര്യങ്ങളാണ് ഏറ്റവും പ്രധാനപ്പെട്ടവ. ഇതിൽ മനോഭാവം, ശീലങ്ങൾ, സാങ്കേതികവിദ്യകൾ, സംസ്കരണ രീതികൾ, പശ്ചാത്തല സൗകര്യസൃഷ്ടി, ഉചിതമായി കൈകാര്യം ചെയ്യൽ എന്നിവയെല്ലാം ഉൾച്ചേർന്നിരിക്കുന്നു. പങ്കാളികളുടെ ഒറ്റയ്ക്കും കൂട്ടായുമുള്ള ഉത്തരവാദിത്തം നിശ്ചയിച്ച് പ്രവർത്തനങ്ങൾ ഏറ്റെടുത്ത് സ്ഥായിയായ നേട്ടങ്ങളുണ്ടാക്കുവാൻ കഴിയും. ഈ കാഴ്ചപ്പാടിന്റെയടിസ്ഥാനത്തിലാണ് ഹരിതകേരളം മിഷന്റെ ഭാഗമായ ശുചിത്വ മാലിന്യസംസ്കരണം ഉപദൗത്യത്തിന്റെ ലക്ഷ്യങ്ങൾ നിശ്ചയിച്ചിട്ടുള്ളത്;

1. പുതിയ നഗര ഖര-മാലിന്യ സംസ്കരണ നിയമപ്രകാരം ഒരു സാധാരണ പൗരന്റെ ഉത്തരവാദിത്തവും ചുമതലയും വ്യക്തമാക്കി

ജൈവമാലിന്യങ്ങൾ ഉറവിടത്തിൽ സംസ്കരിച്ച്, അജൈവമാലിന്യം ശേഖരിച്ച് സംഭരിച്ച്, പുനഃചംക്രമണത്തിന് കൈമാറുന്നതു വഴി അഞ്ചു വർഷത്തിനുള്ളിൽ കേരളം രാജ്യത്തിനു മാതൃകയാകത്തക്ക വിധത്തിൽ പ്രവർത്തനങ്ങൾ ചിട്ടപ്പെടുത്തുക എന്നതാണ് ഉപമിഷന്റെ ദൗത്യ പ്രഖ്യാപനം

അവബോധം സൃഷ്ടിക്കുക.

2. ഉത്തരവാദിത്ത മാലിന്യപരിപാലന രീതികൾ അവലംബിക്കുന്നതിനോട് പൗരന്മാരിൽ അനുകൂല മനോഭാവവും ശീലങ്ങളും ഉണ്ടാക്കി സമൂഹത്തിലാകെ ഒരു പുതിയ മാലിന്യ പരിപാലന സംസ്കാരം സൃഷ്ടിക്കുക.

3. സങ്കീർണ്ണമായ മാലിന്യ പരിപാലന പ്രശ്നങ്ങൾ കണ്ടെത്തുന്നതിനും പരിഹാരം സാധ്യമാക്കുന്നതിനുമുള്ള സഹായം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് ലഭ്യമാക്കുക.

4. ശാസ്ത്രീയ മാലിന്യ പരിപാലനം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ സുസ്ഥിരമാക്കുക.

ജൈവമാലിന്യങ്ങൾ ഉറവിടത്തിൽ സംസ്കരിച്ച്, അജൈവമാലിന്യം ശേഖരിച്ച് സംഭരിച്ച്, പുനഃചംക്രമണത്തിന് കൈമാറുന്നതു വഴി അഞ്ചു വർഷത്തിനുള്ളിൽ കേരളം രാജ്യത്തിനു മാതൃകയാകത്തക്ക വിധത്തിൽ പ്രവർത്തനങ്ങൾ ചിട്ടപ്പെടുത്തുക എന്നതാണ് ഉപമിഷന്റെ ദൗത്യ പ്രഖ്യാപനം.

ദൗത്യം സാക്ഷാത്കരിക്കുന്നതിനായി കൃത്യമായ കാലഗണന അനുസരിച്ച് പ്രവർത്തനങ്ങൾ നടപ്പിലാക്കേണ്ടതുണ്ട്. മാലിന്യ പരിപാലന സൗകര്യങ്ങൾക്ക് പശ്ചാത്തലം ഒരുക്കൽ, ജൈവ, അജൈവ മാലിന്യ പരിപാലനത്തിന് ഹരിതകർമ്മസേന വഴി പിന്തുണ ഉറപ്പാക്കൽ, അജൈവമാലിന്യം കൃത്യമായ ഇടവേളകളിൽ ശേഖരിച്ച് എം. സി. എഫിൽ എത്തിക്കൽ, അവിടെ നിന്നും ആർ. ആർ. എഫിൽ എത്തിക്കൽ, അവിടെ രണ്ടാം തരംതിരിവ് നടത്തി ഷ്രെഡിംഗ്, ബെയിലിംഗ് സൗകര്യം ഒരുക്കൽ, പുനഃചംക്രമണം ചെയ്ത് വ്യവസായങ്ങളിൽ എത്തിക്കൽ എന്നീ പ്രവർത്തനങ്ങളാണ് എല്ലാ പഞ്ചായത്തുകളും നഗരസഭകളും ആദ്യ ഘട്ടത്തിൽ (2017-18) ഊന്നൽ നൽകുന്നത്.

രണ്ടാം ഘട്ടത്തിൽ (2018-19) ആദ്യ ഘട്ട പ്രവർത്തനങ്ങൾക്കൊപ്പം ഗ്രീൻ പ്രോട്ടോകോൾ സംരംഭങ്ങൾ, സ്വാപ്പ്ഷോപ്പ്, റിപ്പയർ ഷോപ്പുകൾ എന്നിവയും ആരംഭിക്കണം. ദ്രവമാലിന്യ പരിപാലനത്തിന് ട്രീറ്റ്മെന്റ് പ്ലാന്റുകൾ ഒരുക്കണം. ഇ-മാലിന്യ പരിപാലനത്തിന് ഉത്പാദകൻ, ഡീലർ എന്നിവർ മുൻകൈ എടുക്കണം. കൺസ്യൂക്ഷൻ & ഡിമോളിഷൻ മാലിന്യങ്ങൾ പുനരുപയോഗിക്കുകയും പുനഃചംക്രമണം ഉറപ്പാക്കുകയും വേണം. ചില്ലുകുപ്പികളും ഇ-മാലിന്യങ്ങളും ശേഖരിക്കുന്നതിന് സ്പെഷ്യൽ ഡ്രൈവുകൾ ഏർപ്പെടുത്തണം. ഒരു തരത്തിലും പരിപാലിക്കാനാവാത്ത മാലിന്യങ്ങൾ ശാസ്ത്രീയമായി സംസ്കരിക്കാൻ സാനിട്ടറി ലാന്റ്ഫിൽ ക്ലസ്റ്റർ അടിസ്ഥാനത്തിൽ നടപ്പിലാക്കണം.

മൂന്നാം ഘട്ടത്തിൽ (2019-20) മുൻഘട്ട പ്രവർത്തനങ്ങളുടെ തുടർച്ചയ്ക്കൊപ്പം ഗ്രീൻ പ്രോട്ടോകോൾ സ്വകാര്യചടങ്ങുകളിലേക്കും വ്യാപിപ്പിക്കൽ, സ്വാപ്പ്ഷോപ്പ്, റിപ്പയർഷോപ്പ്, സർവ്വീസ് സെന്ററുകൾ ആരംഭിക്കൽ, കെട്ടിട സമുച്ചയങ്ങൾ, ആശുപത്രികൾ, വ്യവസായ സ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ എഫ്ളുവന്റ് ട്രീറ്റ്മെന്റ് പ്ലാന്റുകൾ, പ്ലാസ്റ്റിക് റീസൈക്ലിംഗ് സംരംഭങ്ങൾ, പാക്കേജ് സെപ്റ്റേജ് ട്രീറ്റ്മെന്റ് പ്ലാന്റുകൾ, സാനിട്ടറി ലാന്റ്ഫിൽ സ്ഥാപന നടപടികൾ, സാനിട്ടറി നാപ്കിൻ, ഡയപ്പറുകൾ എന്നിവയുടെ സംസ്കരണം പൊതു പ്ലാന്റുകളുടെ സ്ഥാപനം എന്നിവ നടപ്പിലാക്കണം. ഈ ഘട്ടത്തിൽ ഹരിതസഹായ സ്ഥാപനത്തിന്റെ പിൻമാറ്റ നടപടികളും ആരംഭിക്കണം.

നാലാം ഘട്ടത്തിൽ (2020-21) നിലവിലുള്ള ഡമ്പിംഗ് സൈറ്റ് റമഡിയേഷൻ ആന്റ് കാപ്പിംഗ് പ്രവൃത്തികൾ നടപ്പിലാക്കണം.

ശുചിത്വ മാലിന്യ സംസ്കരണത്തിൽ പൊതു സമൂഹമനോഭാവം മാറേണ്ടതുണ്ട്. അതിനായുള്ള ഐ. ഇ. സി പ്രവർത്തനങ്ങൾ സംഘടിപ്പിക്കുകയും നിയമങ്ങളും ശിക്ഷാനടപടികളും കർശനമാക്കുകയും ചെയ്യണം.

ഇങ്ങനെ വരുന്ന മൂന്നുവർഷക്കാലം കൊണ്ട് സംസ്ഥാനത്ത് സുരക്ഷിതമായ മാലിന്യ സംസ്കരണപ്രവർത്തനം ബഹുജന പങ്കാളിത്തത്തോടെ ശാസ്ത്രീയമായി നടപ്പിലാക്കി കേരളത്തെ സീറോവേസ്റ്റ് സംസ്ഥാനമാക്കി മാറ്റാനാണ് ഹരിതകേരളം മിഷൻ ലക്ഷ്യമിടുന്നത്.

കൊഴക്കൊല്ലിയിൽ സ്ഥാപിച്ച അത്യാധുനിക വാതക ശ്മശാനത്തിന്റെ പ്രവർത്തനം മന്ത്രി ഡോ. കെ.ടി. ജലീൽ വീക്ഷിക്കുന്നു.

ശുചിത്വ മാലിന്യസംസ്കരണത്തിൽ പൊതു സമൂഹമനോഭാവം മാറേണ്ടതുണ്ട്. അതിനായുള്ള ഐ. ഇ. സി പ്രവർത്തനങ്ങൾ സംഘടിപ്പിക്കുകയും നിയമങ്ങളും ശിക്ഷാനടപടികളും കർശനമാക്കുകയും ചെയ്യണം.

ലേഖകൻ ശുചിത്വമിഷനിൽ ഐ.ഇ.സി, എക്സ്പെർട്ടാണ്

മാലിന്യസംസ്കരണം ചെയ്യേണ്ടത്

ഏബ്രഹാം തോമസ് രഞ്ജിത്ത്

'ലോകത്തിൽ നിങ്ങൾ കാണുവാൻ ആഗ്രഹിക്കുന്ന
മാറ്റത്തിന്റെ തുടക്കം നിങ്ങളിൽ നിന്നാകട്ടെ'
- മഹാത്മാഗാന്ധി

ഇന്ന് രാജ്യത്ത് പ്രതിവർഷം ഉണ്ടാകുന്ന ഖര മാലിന്യത്തിന്റെ അളവ് ഏകദേശം 48-62 മില്യൺ ടൺ ആണ്. പുരോഗമനത്തിന്റെ ഏതൊരു നല്ല മാറ്റത്തിനൊപ്പവും നമ്മൾ മൻകൂട്ടി കാണുവാൻ മറന്നു പോകുന്ന ചില ചീത്തവശങ്ങൾ ഉണ്ടാവും. ആഗോളവൽക്കരണത്തിന്റെയും ഉദാരവൽക്കരണത്തിന്റെയും ഫലമായി ലോകത്ത് എവിടെയും ഉല്പാദിപ്പിക്കുന്ന എന്ത് വസ്തുവും ഏത് മനുഷ്യനും എവിടെ നിന്നും വാങ്ങുവാൻ കഴിയുന്ന അവസ്ഥ വന്നു. ഇതോടൊപ്പം മനുഷ്യന്റെ ഉപഭോഗ-ക്രയവിക്രയ ശേഷിയും വർദ്ധിച്ചപ്പോൾ ലോകത്ത് ദൃശ്യമായ ഒരു പ്രകടമായ മാറ്റമാണ് മാലിന്യകൂമ്പാരങ്ങൾ. ജനസംഖ്യയിലുണ്ടായ വർദ്ധനവും വർദ്ധിച്ച നഗരവൽക്കരണവും മാലിന്യസംസ്കരണത്തിന് അനുകൂലമല്ലാത്ത ഫ്ളാറ്റുകൾ പോലുള്ള ജനവാസ വ്യവസ്ഥിതിയും മാലിന്യകൂമ്പാരങ്ങളുടെ സൃഷ്ടിക്ക് മറ്റൊരു കാരണമാണ്.

30-35 കൊല്ലം മുമ്പ് നമ്മുടെ വീടുകളിൽ മാലിന്യങ്ങളെന്ന് ഇന്ന് നാം വിശേഷിപ്പിക്കുന്ന വസ്തുക്കൾ ഉണ്ടായിരുന്നില്ലേ? തീർച്ചയായും ഉണ്ടായിരുന്നു. പക്ഷെ ഇന്നത്തെ മാലിന്യത്തിന്റെ സ്വഭാവം ആയിരുന്നില്ല അവയ്ക്ക്. പ്ലാസ്റ്റിക്കും സ്റ്റൈറോഫോമും റബറും പ്ലാസ്റ്റിക് ആവരണമുള്ള പേപ്പറുകളും ഒന്നും ആയിരുന്നില്ല അന്ന് മാലിന്യങ്ങളിൽ ഏറിയ പങ്ക്. അടുക്കളയിൽ ഉണ്ടാകുന്ന പാചകത്തിന്റെ ശേഷിപ്പുകൾ ആയിരുന്നു അവയിൽ കൂടുതലും. അവ പക്ഷെ അന്ന് മാലിന്യങ്ങൾ ആയിരുന്നില്ല. പക്ഷി-മൃഗാദികൾക്കുള്ള ഭക്ഷണവും ശേഷിച്ചവ കൃഷിതോട്ടത്തിൽ വളമായി ഏതെങ്കിലും ചെടിയുടെയോ, തെങ്ങിന്റെയോ ചുവട്ടിൽ അവസാനിക്കുകയും ചെയ്യുമായിരുന്നു. എന്നാൽ ഇന്ന് സ്ഥിതിയാകെ മാറി. ഇന്ന് മാലിന്യത്തിൽ വലിയൊരു പങ്ക് അജൈവ പാഴ് വസ്തുക്കളാണ്. മാത്രമല്ല, വീടുകളിൽ ഉല്പാദിപ്പിക്കുന്ന ജൈവമാലിന്യങ്ങൾ കൈകാര്യം ചെയ്യുന്നതിന് വളർത്തുമൃഗങ്ങളോ, കൃഷിസ്ഥലങ്ങളോ ഇല്ലാതെയായി. തത്ഫലമായി മാലിന്യങ്ങൾ ഒരു പ്ലാസ്റ്റിക് കൂട്ടിലാക്കി പൊതുസ്ഥലങ്ങളിൽ വലിച്ചെറിയുന്ന ഒരു അപസംസ്കാരം നമ്മുടെ ഇടയിൽ രൂപപ്പെട്ടു. തത്ഫലമായി ഇന്ന് നാം നേരിടുന്ന ആരോഗ്യ, പാരിസ്ഥിതിക, സാമ്പത്തിക പ്രശ്നങ്ങൾ അനവധിയാണ്. ലോകാരോഗ്യ സംഘടനയുടെ കണക്കനുസരിച്ച് നാലിലൊന്ന് രോഗങ്ങൾക്ക് ഇപ്പോൾ കാരണമാകുന്നത് അശാസ്ത്രീയമായ മാലിന്യസംസ്കരണമാണ്. കാൻസർ, ശ്വാസകോശ രോഗങ്ങൾ, ബൗദ്ധിക ശേഷികുറവ്

Reduce, Reuse and Recylceഎന്നീ പ്രധാന മൂന്നു തത്വങ്ങളിലൂന്നിയുള്ള പ്രവർത്തനങ്ങളാണ് ശ്രുചിത്വമിഷന്റെ നേതൃത്വത്തിൽ സംസ്ഥാനത്ത് ഈ രംഗത്ത് നടത്തുന്നത്. അതിന്റെ ഭാഗമായി Reuse എന്ന തത്വം ഗ്രീൻ പ്രോട്ടോകോളിലൂടെ സംസ്ഥാന വ്യാപകമായി പ്രചരിപ്പിക്കുകയും നടപ്പിലാക്കി വരുകയും ചെയ്യുന്നുണ്ട്.

അല്ലെങ്കിൽ വളർച്ചാ വികാസത്തിനുള്ള കാല താമസം, പഠനവൈകല്യങ്ങൾ, ത്വക് രോഗ ങ്ങൾ, വന്ധ്യത തുടങ്ങിയ മാരക രോഗങ്ങളും മറ്റനേകം പകർച്ചവ്യാധികളും അശാസ്ത്രീയമായ മാലിന്യസംസ്കരണംമൂലം ഉണ്ടാകുന്നു. ഏതൊരു ജീവിയുടെയും പ്രത്യുല്പാദന വ്യവസ്ഥ, രോഗപ്രതിരോധ വ്യവസ്ഥ, ഹോർമോൺ വ്യവ സ്ഥ എന്നീ ജീവന്റെ നെടുംതൂണുകളായ വ്യവ സ്ഥകളെ മാലിന്യങ്ങളിൽ നിന്ന് പുറത്ത് വരുന്ന രാസവിഷങ്ങൾ ഗുരുതരമായി ബാധിക്കും. ഇതാണ് പിന്നീട് പലവിധ രോഗങ്ങളായി പരി ണമിക്കുന്നത്.

സ്വച്ഛ് ഭാരത് മിഷൻ വിഭാവനം ചെയ്യുന്നത് പോലെ 2019 ആകുമ്പോഴേക്ക് ശുചിത്വരംഗത്ത് മാതൃകാപരമായ പ്രവർത്തനങ്ങളുമായി ഭാരതം ലോകത്തിന് മാതൃകയാകണമെങ്കിൽ സർക്കാ രുകളുടെയോ, ഭരണകർത്താക്കളുടെയോ മാത്രം പ്രവർത്തനങ്ങൾകൊണ്ട് സാധ്യമാകുകയില്ല. അതിന് നാം ഓരോരുത്തരുടെയും ഉത്തരവാദി ത്തം ഉണ്ടായേ തീരൂ. 2019 വർഷം ആകുമ്പോ ഴേക്ക് മാലിന്യ സംസ്കരണ രംഗത്ത് ഒരു സാംസ്കാരിക മുന്നേറ്റം സംസ്ഥാനത്ത് സാധ്യ മാക്കുവാൻ ആവശ്യമായ എല്ലാ അടിസ്ഥാന സൗകര്യങ്ങളും സജ്ജമാക്കുവാൻ കേരളത്തിൽ പ്രാദേശിക ഭരണകൂടങ്ങളിലൂടെ സംസ്ഥാന സർ ക്കാർ പ്രവർത്തനം തുടങ്ങി കഴിഞ്ഞു.

Reduce, Reuse and Recylce എന്നീ പ്രധാന മൂന്ന തത്വങ്ങളിലൂന്നിയുള്ള പ്രവർത്തനങ്ങളാണ് ശുചിത്വമിഷന്റെ നേതൃത്വത്തിൽ സംസ്ഥാനത്ത് ഈ രംഗത്ത് നടത്തുന്നത്. അതിന്റെ ഭാഗമായി Reuse എന്ന തത്വം ഗ്രീൻ പ്രോട്ടോകോളിലൂടെ സംസ്ഥാന വ്യാപകമായി പ്രചരിപ്പിക്കുകയും നടപ്പിലാക്കി വരുകയും ചെയ്യുന്നുണ്ട്. 2015 ലെ നാഷണൽ ഗെയിംസിൽ തുടങ്ങി ആറ്റുകാൽ പൊങ്കാല, സ്കൂൾ കലോത്സവം, ഓണം വാരാഘോഷം തുടങ്ങി ഒട്ടനവധി വേദികളിലും പരിപാടികളിലും ഗ്രീൻ പ്രോട്ടോകോൾ നടപ്പി ലാക്കി പ്രകൃതി സൗഹൃദ വസ്തുക്കളുടെയും പുനരു പയോഗ സാധ്യമായ വസ്തുക്കളുടെയും ഉപയോഗം പ്രോത്സാഹിപ്പിച്ചും ഏക ഉപയോഗ വസ്തുക്കളുടെ ഉപയോഗം നിരുത്സാഹപ്പെടുത്തിയും മാലിന്യ ത്തിന്റെ അളവ് കുറയ്ക്കലാണ് മാലിന്യസംസ്കര ണത്തിന്റെ ആദ്യഘട്ടം എന്ന അറിവ് ജനങ്ങളി ലേക്ക് എത്തിച്ചു. മാലിന്യങ്ങളുടെ അളവ് കുറയ്ക്കുക എന്ന് പറയുന്നത് മാലിന്യസംസ്കരണ ത്തിലെ സങ്കീർണ്ണതകളുടെ പേരിൽ മാത്രമല്ല മറിച്ച് അറിവില്ലായ്മയും അജ്ഞതയുംമൂലം നാമിന്ന് പാഴാക്കുന്നത് പരിമിതങ്ങളായ പ്രകൃതി വിഭവങ്ങൾ കൂടിയാണ്. ആധുനികയുഗത്തിലെ ഒരു ശരാശരി മനുഷ്യൻ ഒരു ദിവസം ഉപയോ ഗിക്കുന്ന വിഭവങ്ങൾ ആയിരം വർഷങ്ങൾക്ക് മുമ്പ് പതിനായിരം മനുഷ്യർ ഉപയോഗിച്ചിരുന്ന തിന് തുല്യമായ അളവിലുള്ളതാണ് എന്ന് പറ യുമ്പോൾ നാം ചിന്തിക്കേണ്ടത്, ഇനിയും എത്രയോ തലമുറകൾക്ക് ഉപയോഗപ്പെടുത്തേ ണ്ടതും അവരുടെ നിലനിൽപ്പിന് അനിവാര്യമാ യതുമായ പ്രകൃതി വിഭവങ്ങളാണ് നാം നിർലോഭം ഉപഭോഗം നടത്തി പാഴാക്കി കളയു ന്നത് എന്ന വസ്തുതകൂടിയാണ്. മാത്രമല്ല ആയിരം വർഷങ്ങൾക്ക് മുമ്പ് ഉണ്ടായിരുന്ന ജനസംഖ്യയുടെ 20 ഇരട്ടിയാണ് ഇന്നത്തെ ജന സംഖ്യ എന്നത് കൂടി അറിയുമ്പോൾ എത്ര വേഗ ത്തിലാണ് തലമുറകൾക്ക് അവകാശപ്പെട്ട പ്രകൃതി വിഭവങ്ങൾ ഇല്ലാതായികൊണ്ടിരിക്കുന്ന ത് എന്ന് മനസിലാകും. അതിനാൽ പ്രകൃതിവി ഭവങ്ങൾ സൂക്ഷ്മതയോടുകൂടിയും ഓരോ വസ്തുവി

മാലിന്യങ്ങൾ അളവില്ലാ തെ ഉണ്ടാക്കിയിട്ട് അവ നിർമ്മാർജ്ജനം ചെയ്യു ന്നതിനുള്ള മാർഗ്ഗം തേടുക അല്ല ചെയ്യേണ്ട ത്. മറിച്ച് മാലിന്യങ്ങളു ടെ അളവ് കുറയ്ക്കുകയാണ് ഉത്തര വാദിത്തമുള്ള ഒരു സമൂഹം പിൻതുടരേണ്ടുന്ന രീതി എന്ന ബോദ്ധ്യം ജനങ്ങളിൽ ഉണ്ടാക്കി എടുക്കുന്നതിനാണ് സർക്കാർ ശ്രമിക്കുന്നത്.

ന്റെയും ഉപയോഗക്ഷമതയുടെ പരമാവധി ഉപയോഗപ്പെടുത്തിയാൽ തന്നെ മാലിന്യങ്ങളുടെ അളവ് വലിയൊരു പരിധിവരെ നമുക്ക് കുറയ്ക്കുവാൻ കഴിയും. ഒരു ഉദാഹരണം പറഞ്ഞാൽ ആയിരം ആളുകൾ പങ്കെടുക്കുന്ന ഒരു കല്യാണ സദ്യയിൽ ഇന്ന് ഏതാണ്ട് രണ്ടായിരത്തോളം ഡിസ്പോസിബിൾ കപ്പികളാണ് വെള്ളം നൽകുന്നതിനായി ഉപയോഗിക്കുന്നത്. മുമ്പ് ഒരു ലിറ്റർ കപ്പികളാണ് ഉപയോഗിച്ചിരുന്നതെങ്കിൽ ഇന്ന് 250-300 മില്ലി ലിറ്ററിന്റെ കപ്പികളും ഡിസ്പോസിബിൾ ഗ്ലാസുകളും ആണ്. ഒന്ന് മനസുവച്ചാൽ ഒഴിവാക്കാൻ കഴിയുന്ന ഇവയൊക്കെ (ഡിസ്പോസിബിൾസ്) ഉല്പാദിപ്പിക്കുന്നത് പരിമിതങ്ങളായ പ്രകൃതി വിഭവങ്ങളിൽ നിന്നുതന്നെയാണ്. ഈ പ്രകൃതി ചൂഷണം തടയുന്നതിനാണ് ഗ്രീൻ പ്രോട്ടോകോളും സ്വാപ്ഷോപ്പുകളും റീസൈക്ലിംഗ് പ്ലാന്റുകളും നാം പ്രോത്സാഹിപ്പിക്കേണ്ടത്.

മാലിന്യങ്ങൾ അളവില്ലാതെ ഉണ്ടാക്കിയിട്ട് അവ നിർമ്മാർജ്ജനം ചെയ്യുന്നതിനുള്ള മാർഗ്ഗം തേടുക അല്ല ചെയ്യേണ്ടത്. മറിച്ച് മാലിന്യങ്ങളുടെ അളവ് കുറയ്ക്കുകയാണ് ഉത്തരവാദിത്തമുള്ള ഒരു സമൂഹം പിൻതുടരേണ്ടുന്ന രീതി എന്ന ബോദ്ധ്യം ജനങ്ങളിൽ ഉണ്ടാക്കി എടുക്കുന്നതിനാണ് സർക്കാർ ശ്രമിക്കുന്നത്. മാത്രവുമല്ല പലവിധ സാങ്കേതികവിദ്യകളാൽ രൂപപ്പെടുത്തുന്ന വിവിധങ്ങളായ വസ്തുക്കളാണ് മാലിന്യങ്ങളിൽ ഉള്ളത്. ഇവയെല്ലാം കൂടി ഏതെങ്കിലും ഒരു സാങ്കേതികവിദ്യ ഉപയോഗിച്ച് അപ്രത്യക്ഷമാക്കുന്നതല്ല മാലിന്യസംസ്കരണം, മറിച്ച് ജൈവമാലിന്യങ്ങളെ തരംതിരിച്ച് കമ്പോസ്റ്റിംഗിലൂടെ പുനഃചംക്രമണം ചെയ്യുകയും അജൈവ മാലിന്യങ്ങളെ തരംതിരിച്ച് പുനഃചംക്രമണം ചെയ്ത് പുതിയ ഉൽപ്പന്നങ്ങൾ ഉണ്ടാക്കുകയും ചെയ്യുന്നതാണ് മാലിന്യസംസ്കരണത്തിലെ ഏറ്റവും പ്രകൃതി സൗഹൃദ രീതി.

Reduce, Recycle എന്നീ തത്വങ്ങളുടെ പ്രചരണത്തിനും പ്രോത്സാഹനത്തിനുമായി മെറ്റീരിയൽ റിക്കവറി ഫെസിലിറ്റികൾ (MRF) വ്യാപകമായി സംസ്ഥാനത്ത് തദ്ദേശസ്ഥാപനങ്ങൾ പണികഴിപ്പിക്കുകയും അവ ഉടൻതന്നെ പ്രവർത്തനസജ്ജമാവുകയും ചെയ്യും. ഇതുവഴി നിലവിൽ മാലിന്യങ്ങളിലേക്ക് തള്ളുന്ന പല വസ്തുക്കളും 'റീസൈക്ലിംഗിനായി' റിക്കവർ ചെയ്യപ്പെടുന്ന അവസ്ഥ ഉണ്ടാകുന്നതിനാലും മാലിന്യങ്ങളുടെ അളവ് സ്വാഭാവികമായി (Reduce) കുറയുകയും ചെയ്യും.

സ്വാപ്പ്, റിപയർ ഷോപ്പുകൾ

വിഭവങ്ങളുടെ അനാവശ്യ ഉപഭോഗം തടയുന്നതിന് സംസ്ഥാനത്ത് പല തദ്ദേശസ്ഥാപനങ്ങളിലും സ്ഥിരം കൈമാറ്റക്കടകൾ പ്രവർത്തിക്കുന്നു. ഇവിടെ നിന്നും സൗജന്യമായും മിതമായ നിരക്കിലും ആളുകൾക്ക് ഉപയോഗ യോഗ്യമായ ഇലക്ട്രിക്കൽ ഇലക്ട്രോണിക് സാധനങ്ങൾ, കളിപ്പാട്ടങ്ങൾ, വസ്ത്രങ്ങൾ, ഫർണിച്ചറുകൾ മുതലായവ ലഭിക്കുന്നു. ഇതോടൊപ്പം ചെറിയ കേടുപാടുകൾ പറ്റിയ വസ്തുക്കൾ റിപ്പയർ ചെയ്ത് പുനരുപയോഗയോഗ്യമാക്കുന്നതിനുള്ള സംവിധാനങ്ങളും ഉടൻ പ്രവർത്തനം ആരംഭിക്കും. ഇത്തരം സ്വാപ് - റിപ്പയർ ഷോപ്പുകൾ എല്ലാ തദ്ദേശ സ്ഥാപനങ്ങളിൽ ഒരു വർഷത്തിനകം തുടക്കം കുറിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടക്കുന്നു. നിലവിൽ 12 സ്ഥിരം ഷോപ്പുകൾ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്.

സംസ്ഥാന സർക്കാരും തദ്ദേശസ്ഥാപനങ്ങളും (വിവിധങ്ങളായ നടപടികൾ) മാലിന്യസംസ്കരണത്തിനായി നടപടികൾ എടുക്കുമ്പോഴും അവ പൂർണ്ണമായും വിജയത്തിൽ എത്തണമെങ്കിൽ പൊതുജനങ്ങളുടെയും സഹകരണം അനിവാര്യമാണ്. ഇവിടെയാണ് സംസ്ഥാന ശുചിത്വമിഷൻ മുന്നോട്ടുവയ്ക്കുന്ന 'എന്റെ മാലിന്യം എന്റെ ഉത്തരവാദിത്തം' എന്ന ആശയത്തിന്റെ പ്രസക്തി.

വീടുകളിലും സ്ഥാപനങ്ങളിലും ഉല്പാദിപ്പിക്കുന്ന ജൈവമാലിന്യങ്ങൾ അവരവർ തന്നെ സ്വന്തം ഉത്തരവാദിത്തത്തിൽ കമ്പോസ്റ്റാക്കിയും അജൈവ മാലിന്യങ്ങൾ വൃത്തിയാക്കി ഉണക്കി മെറ്റീരിയൽ റിക്കവറി സെന്ററുകളിൽ എത്തിച്ചുമാണ് ജനങ്ങൾ പ്രധാനമായും മാലിന്യസംസ്കരണ പ്രവർത്തനങ്ങളിൽ സഹകരിക്കേണ്ടത്. ജൈവമാലിന്യങ്ങൾ കമ്പോസ്റ്റാക്കുന്നതിന് ശുചിത്വമിഷൻ അനേകം കമ്പോസ്റ്റിംഗ് ഉപകരണങ്ങൾ നിർദ്ദേശിക്കുന്നുണ്ട്. ഇവയിൽ നിന്ന് അനുയോജ്യമായവ തെരഞ്ഞെടുത്ത് സ്വന്തം ഉത്തരവാദിത്തത്തിൽ കമ്പോസ്റ്റിംഗ് ആരംഭിച്ചാൽ വഴിയരികിലും പൊതുഇടങ്ങളിലും മാലിന്യങ്ങൾ ഉപേക്ഷിക്കുന്ന നമ്മുടെ നാടിന്റെ മുഖം വികൃതമാക്കുന്ന അപരിഷ്കൃതവും അപമാനകരവുമായ സാഹചര്യം ഇല്ലാതാക്കുവാൻ കഴിയും. ഒപ്പം ആഘോഷങ്ങൾക്കും ഉത്സവങ്ങൾക്കും മറ്റ് പൊതു ചടങ്ങുകൾക്കും ഗ്രീൻ പ്രോട്ടോകോൾ പാലിച്ച് പ്രകൃതി സൗഹൃദവും മാലിന്യരഹിതവുമായ ഉത്സവ ആഘോഷങ്ങളിലൂടെ വരുംതലമുറയോടുള്ള നമ്മുടെ കരുതൽ പങ്കുവയ്ക്കാം.

അങ്ങനെ ലോകത്ത് നാം കാണുവാൻ ആഗ്രഹിക്കുന്ന മാറ്റത്തിന്റെ തുടക്കം നമ്മളിൽ നിന്ന് തന്നെ ആരംഭിച്ച് 2019 ൽ ഒരു പുതിയ മാലിന്യസംസ്കരണ സംസ്കാരത്തിലേക്ക് നമുക്ക് എത്തിച്ചേരാം.

ആയിരം ആളുകൾ പങ്കെടുക്കുന്ന ഒരു കല്യാണസദ്യയിൽ ഇന്ന് ഏതാണ്ട് രണ്ടായിരത്തോളം ഡിസ് പോസിബിൾ കപ്പികളാണ് വെള്ളം നൽകുന്നതിനായി ഉപയോഗിക്കുന്നത്. ഒന്ന് മനസുവച്ചാൽ ഒഴിവാക്കാൻ കഴിയുന്ന ഇവയൊക്കെ (ഡിസ് പോസിബിൾസ്) ഉല്പാദിപ്പിക്കുന്നത് പരിമിതങ്ങളായ പ്രകൃതി വിഭവങ്ങളിൽ നിന്നുതന്നെയാണ്.

ലേഖകൻ ശുചിത്വമിഷനിൽ പ്രോഗ്രാം ആഫീസറാണ്

അജൈവമാലിന്യ സംസ്കരണം ഹരിതകർമ്മസേനയുടെ പങ്ക്

സംസ്ഥാനത്തെ മുഴുവൻ തദ്ദേശസ്ഥാപന പരിധിയിലെയും വീടുകളും സ്ഥാപനങ്ങളും അടങ്ങിയ ഓരോ മാലിന്യസ്രോതസുകളിൽ നിന്നും വൃത്തിയാക്കി പ്രത്യേകം തരംതിരിച്ച പ്ലാസ്റ്റിക് ഉൾപ്പെടെയുള്ള അജൈവ മാലിന്യങ്ങൾ ഹരിത കർമ്മ സേനയ്ക്ക് ശ്രുപം നൽകി അതത് തദ്ദേശ സ്ഥാപനങ്ങളുടെ ചുമതലയിൽ ശേഖരിക്കണം എന്നുള്ളതാണ് ഇക്കാര്യത്തിൽ സർക്കാർ മുന്നോട്ടുവയ്ക്കുന്ന നയം. സേവനം ലഭ്യമാക്കേണ്ട വീടുകളുടെയും സ്ഥാപനങ്ങളുടെയും എണ്ണത്തിന് അനുസരിച്ച് ഹരിത കർമ്മ സേനാംഗങ്ങളുടെ എണ്ണം തദ്ദേശസ്ഥാപനങ്ങൾക്ക് നിശ്ചയിക്കാം. സാധാരണഗതിയിൽ 500 വീടുകൾക്ക് ഒരാൾ എന്ന കണക്കിൽ ഹരിതകർമ്മ സേനാംഗങ്ങളുടെ എണ്ണം നിശ്ചയിക്കാം. ഈ രീതിയിൽ ഹരിതകർമ്മസേനാംഗമായ ഒരാൾ ഒരു ദിവസം കുറഞ്ഞത് 25 വീടുകൾ സന്ദർശിച്ച് സേവനം ലഭ്യമാക്കണം. ഹരിത കർമ്മസേനയ്ക്ക് ആവശ്യമായ സാങ്കേതിക സംരംഭകത്വ പിന്തുണ നൽകുന്നതിനും പരിശീലനങ്ങൾ നൽകുന്നതിനും പരിപാടിയുടെ മൊത്തത്തിലുള്ള മേൽനോട്ടത്തിനും സമയാസമയ ങ്ങളിൽ പ്രശ്നപരിഹാര മാർഗ്ഗങ്ങൾ കണ്ടെത്തി നിർദ്ദേശിക്കുന്നതിനും ഹരിതസഹായസ്ഥാപനങ്ങളെ തദ്ദേശസ്ഥാപന ങ്ങൾക്ക് നിയോഗിക്കാം. ഹരിതസഹായസ്ഥാപനങ്ങളുടെ മേൽനോട്ടത്തിൽ പ്രവർത്തിക്കുന്ന ഹരിതകർമ്മസേനാംഗങ്ങൾ അവരുടെ ഉത്തരവാദിത്തങ്ങളിൽ ഒന്നായ അജൈവമാലിന്യ ശേഖരണം നടത്തി തദ്ദേശ സ്ഥാപനങ്ങൾ സ്ഥാപിക്കുന്ന എം.സി.എഫുകളിൽ എത്തിച്ച് അവിടെ ഇനം അനുസരിച്ച് രണ്ടാം തരംതിരിവ് നടത്തി സൂക്ഷിക്കുകയും അവയിൽ നിന്ന് ബയിലിംഗ്/ഷ്രെഡിംഗ് നടത്തേണ്ട പ്ലാസ്റ്റിക് വസ്തുക്കൾ ബ്ലോക്ക് അടിസ്ഥാനത്തിൽ സ്ഥാപിച്ചിട്ടുള്ള ആർ.ആർ.എഫ്കളിൽ എത്തിച്ച് ബയിലിംഗ്/ഷ്രെഡിംഗ് നടത്തി പുനഃചംക്രമണത്തിനായി അവ ആവശ്യമുള്ളവർക്കോ, ഷ്രെഡിംഗ് ചെയ്തവ റോഡ് ടാറിംഗിനായി ക്ലീൻ കേരള കമ്പനിക്കോ കൈമാറേണ്ടതാണ്.

സംസ്ഥാനത്ത് പ്ലാസ്റ്റിക് മാലിന്യനിർമ്മാർജ്ജനത്തിന്റെ ഭാഗമായി പ്ലാസ്റ്റിക് റോഡുകൾ നിർമ്മിക്കുന്നതിനുള്ള സർക്കാർ ഉത്തരവ് പുറപ്പെടുവിച്ച് ക്ലീൻ കേരള കമ്പനിയെ ചുമതലപ്പെടുത്തി യിട്ടുള്ളതാണ്. ഇതിന്റെ ഭാഗമായി പ്ലാസ്റ്റിക് ഷ്രെഡ്ഡിങ്ങ് മെഷീനുകൾ മുനിസിപ്പാലിറ്റിയിൽ ഒന്ന്, ബ്ലോക്കിൽ ഒന്ന്, കോർപ്പറേഷനിൽ അഞ്ച് എന്ന വിധത്തിൽ പദ്ധതി ആവിഷ്കരിച്ചു. നാളിതുവരെ 75 തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുമായി കമ്പനി കരാറിൽ ഏർപ്പെടുകയും 40 തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ മെഷിനറികൾ വിതരണം ചെയ്യുകയും ചെയ്തിട്ടുണ്ട്. 30 തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ ഇതിന്റെ പ്രവർത്തനം ആരംഭിക്കുകയും ചെയ്തു. മാർച്ച് അവസാനത്തോടെ മുഴുവൻ സ്ഥലങ്ങളിലും ഈ പദ്ധതി പൂർത്തിയാക്കും. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ശേഖരിച്ച് ഷ്രെഡ്ഡ് ചെയ്ത് നൽകുന്ന ഷ്രെഡഡ് പ്ലാസ്റ്റിക്കുകൾ കിലോയ്ക്ക് 15 രൂപ എന്ന നിരക്കിൽ വില നൽകിയാണ് ക്ലീൻ കേരള കമ്പനി വാങ്ങുകയും 20 രൂപ എന്ന നിരക്കിൽ പൊതുമരാമത്ത് വകുപ്പിനും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കും ലഭ്യമാക്കുകയും ചെയ്യുന്നു. ഈ പദ്ധതിയുടെ ഭാഗമായി സംസ്ഥാനത്തെ പ്ലാസ്റ്റിക് മാലിന്യനിർമ്മാർജ്ജനത്തിന്റെ അമ്പതു ശതമാനം കൈവരിക്കാൻ സാധിക്കു

സംസ്ഥാനത്തിന്റെ പൊതുവായ നയത്തിന്റെയും തദ്ദേശസ്ഥാപനത്തിന്റെ തീരുമാനങ്ങളുടെയും അടിസ്ഥാനത്തിൽ ഒരു തദ്ദേശസ്ഥാപനത്തിലെ മാലിന്യസംസ്കരണവുമായി ബന്ധപ്പെട്ട മുഴുവൻ ചുമതലകളും പ്രയോഗത്തിൽ വരുത്തേണ്ടതിന്റെ ഉത്തരവാദിത്തം ഹരിതകർമ്മ സേനയ്ക്കാണ്.

തൃശ്ശൂരിൽ ഹരിതകർമ്മസേനയുടെ ഉദ്ഘാടനം ഹരിതകേരളം മിഷൻ ഉപാധ്യക്ഷ ടി.എൻ. സീമ നിർവ്വഹിക്കുന്നു.

സംസ്ഥാനത്ത് പ്ലാസ്റ്റിക് മാലിന്യനിർമ്മാർജ്ജനത്തിന്റെ ഭാഗമായി പ്ലാസ്റ്റിക് റോഡുകൾ നിർമിക്കുന്നതിനുള്ള സർക്കാർ ഉത്തരവ് ഇറക്കി ക്ലീൻ കേരള കമ്പനിയെ ചുമതലപ്പെടുത്തിയിട്ടുള്ളതാണ്. ഇതിന്റെ ഭാഗമായി പ്ലാസ്റ്റിക് ഷ്രഡ്ഡിങ്ങ് മെഷീനുകൾ മുനിസിപ്പാലിറ്റിയിൽ ഒന്ന്, ബ്ലോക്കിൽ ഒന്ന്, കോർപ്പറേഷനിൽ അഞ്ച് എന്ന വിധത്തിൽ പദ്ധതി ആവിഷ്കരിച്ചു

മെന്നാണ് പ്രതീക്ഷിക്കുന്നത്

ഹരിതകർമ്മസേന

സംസ്ഥാനത്തിന്റെ പൊതുവായ നയത്തിന്റെയും തദ്ദേശസ്ഥാപനത്തിന്റെ തീരുമാനങ്ങളുടെയും അടിസ്ഥാനത്തിൽ ഒരു തദ്ദേശ സ്ഥാപനത്തിലെ മാലിന്യ സംസ്കരണവുമായി ബന്ധപ്പെട്ട മുഴുവൻ ചുമതലകളും പ്രയോഗത്തിൽ വരുത്തേണ്ടതിന്റെ ഉത്തരവാദിത്തം ഹരിതകർമ്മ സേനയ്ക്കാണ്. ഉറവിടമാലിന്യ സംസ്കരണത്തിനാവശ്യമായ സാങ്കേതിക സഹായം ലഭ്യമാക്കി മുഴുവൻ വീടുകളിലും സ്ഥാപനങ്ങളിലും കൃത്യമായ രീതിയിൽ ജൈവമാലിന്യങ്ങൾ സംസ്കരിക്കുന്നു എന്ന് ഉറപ്പാക്കുക, ഉറവിട സംസ്കരണം അസാധ്യമായവർക്ക് പൊതുസംവിധാനങ്ങൾ തദ്ദേശസ്ഥാപനങ്ങളുടെ സഹായത്തോടെ സ്ഥാപിച്ച് പരിപാലിക്കുക, അജൈവ പാഴ്വസ്തുക്കളുടെ ശേഖരണം ഉറപ്പാക്കുക, അവയുടെ ശരിയായ സംസ്കരണ സംവിധാനങ്ങൾ ഏർപ്പാടാക്കുക, മാലിന്യങ്ങളുടെ അളവ് കുറയ്ക്കുന്നതിനുള്ള ഉപാധികളായ ഗ്രീൻ പ്രോട്ടോക്കോൾ സേവനങ്ങൾ ലഭ്യമാക്കുക, വസ്തുക്കളുടെ പുനരുപയോഗം സാധ്യമാക്കുന്നതിന് സ്വാപ് ഷോപ്പുകൾ സംഘടിപ്പിക്കുക തുടങ്ങിയ ചുമതലകൾ നിർവ്വഹിക്കുന്നതിനായി സംസ്ഥാനത്ത് ഇതിനോടകം 481 തദ്ദേശ സ്ഥാപനങ്ങളിൽ ഹരിതകർമ്മസേന പ്രവർത്തനം ആരംഭിച്ചു. ഇവർക്കുള്ള പരിശീലനം ശുചിത്വ മിഷന്റെ നേതൃത്വത്തിൽ നടന്നുവരുന്നു. പരിശീലനം പൂർത്തിയാകുന്ന മുറയ്ക്ക് ഇവർ പ്രവർത്തനം ആരംഭിക്കുകയും ഇവരുടെ സേവനം മേൽപറഞ്ഞ രീതിയിൽ ലഭ്യമായി തുടങ്ങുകയും ചെയ്യും.

മെറ്റീരിയൽ കളക്ഷൻ സെന്ററുകളും റിസോഴ്സ് റിക്കവറി സെന്ററുകളും

വിഭവങ്ങളുടെ പുനഃചംക്രമണം പ്രോത്സാഹിപ്പിച്ച് മാലിന്യത്തിന്റെ അളവ് കുറയ്ക്കുക, പുതിയ ഉത്പന്നങ്ങൾക്കായി പ്രകൃതിവിഭവങ്ങളെ ഉപയോഗപ്പെടുത്തുന്നത് പരിമിതപ്പെടുത്തുക, കാര്യക്ഷമമായ പുനഃചംക്രമണ ശൃംഖല സൃഷ്ടിച്ച് സാധ്യമാവുന്ന എല്ലാ പാഴ്വസ്തുക്കളും പുനഃചംക്രമണത്തിന് വിധേയമാക്കുക എന്നീ ലക്ഷ്യങ്ങളോടെ മാലിന്യസംസ്കരണ പദ്ധതി ആസൂത്രണം എന്ന സന്ദേശം മുഴുവൻ തദ്ദേശസ്ഥാപനങ്ങളിലേക്കും എത്തിച്ച് ഈ ദിശയിലുള്ള പ്രവർത്തനങ്ങൾക്ക് തുടക്കം കുറിച്ചിരിക്കുന്ന രാജ്യത്തെ ആദ്യ സംസ്ഥാനമാകും കേരളം. ഇതിന്റെ ഭാഗമായി സംസ്ഥാനത്തെ മുഴുവൻ തദ്ദേശസ്ഥാപനങ്ങളിലും എം.സി.എഫുകൾ സ്ഥാപിക്കുന്നതിനും അവിടെ എത്തുന്ന പാഴ്വസ്തുക്കൾ രണ്ടാംതരംതിരിവ് നടത്തി ഇനം അനുസരിച്ച് ബ്ലോക്കടിസ്ഥാനത്തിൽ സ്ഥാപിക്കുന്ന ആർ.ആർ. എഫുകളിൽ എത്തിച്ച് ഷ്രഡ്ഡിംഗ്/ ബയിലിംഗ് നടത്തി പുനഃചംക്രമണ വ്യവസായികൾക്കോ, ക്ലീൻ കേരള കമ്പനിക്കോ കൈമാറുന്നതിനുള്ള സാഹചര്യം സൃഷ്ടിക്കുന്നതിനാണ് ലക്ഷ്യമിടുന്നത്. സംസ്ഥാനത്ത് 171 ലധികം എം.സി.എഫ്കൾ പ്രവർത്തനം ആരംഭിച്ചു കഴിഞ്ഞു. അടുത്ത രണ്ട് ഘട്ടങ്ങളിലായി സംസ്ഥാനത്തെ മുഴുവൻ തദ്ദേശസ്ഥാപനങ്ങളിലും എം.സി.എഫുകൾ സ്ഥാപിച്ച് ഹരിതകർമ്മ സേനയുടെ പ്രവർത്തനത്തിന് തുടക്കം കുറിക്കുന്നതിനും സംസ്ഥാനത്തെ മുഴുവൻ വീടുകളിൽ നിന്നും അജൈവ മാലിന്യങ്ങൾ നിശ്ചിതകാലയളവിൽ മുടക്കംകൂടാതെ ശേഖരിക്കുന്നതിനുമാണ് ലക്ഷ്യമിടുന്നത്.

പത്തനംതിട്ട നഗരസഭയിലെ മെറ്റീരിയൽ കളക്ഷൻ ഫെസിലിറ്റി കേന്ദ്രം

കാസറഗോഡ് ജില്ലയിൽ പള്ളിക്കര ഗ്രാമ പഞ്ചായത്തിന്റെ RRF സെന്ററിലെ ബെയിലിംഗ് സംവിധാനം

ആർ.ആർ.എഫ്

തദ്ദേശസ്ഥാപനതലങ്ങളിലുള്ള എം.സി.എഫുകളിൽ ശേഖരിക്കുന്ന പാഴ്‌വസ്തുക്കൾ തരംതിരിച്ച് ഇനങ്ങളാക്കി വലിയ അളവിൽ കൈമാറാൻ സാധിച്ചാൽ മാത്രമേ ഈ തരത്തിലുള്ള മാലിന്യസംസ്കരണ സമീപനത്തിന് സുസ്ഥിരത ഉറപ്പാക്കാൻ സാധിക്കുകയുള്ളൂ. ഈ ഒരു സാഹചര്യം മുന്നിൽ കണ്ടാണ് ബ്ലോക്ക് അടിസ്ഥാനത്തിൽ ആർ.ആർ.എഫുകൾ സ്ഥാപിക്കുന്നത്. ഓരോ ഇനവും വേർതിരിച്ച് കൈകാര്യം ചെയ്തെങ്കിൽ മാത്രമേ നാം ഉദ്ദേശിക്കുന്ന പ്രയോജനം ഇത്തരം പ്രവർത്തന രീതിയിൽ നിന്ന് ഉണ്ടാവുകയുള്ളൂ. ഇങ്ങനെ തരംതിരിച്ച് ആർ.ആർ. എഫുകളിൽ എത്തുന്നവ വലിയ അളവിൽ പുനഃചംക്രമണത്തിനായി കൈമാറണമെങ്കിൽ അവ ഷ്രെഡ്ഡിംഗ്/ ബെയിലിംഗ് നടത്തുന്നതിനുള്ള സംവിധാനവും ആവശ്യമായുണ്ട്. നിലവിൽ സംസ്ഥാനത്ത് ഷ്രെഡ്ഡിംഗ് / ബെയിലിംഗ് സംവിധാനങ്ങളോടുകൂടി 61 ആർ.ആർ.എഫുകൾ പ്രവർത്തിക്കുന്നുണ്ട്.

പ്ലാസ്റ്റിക് ഷ്രെഡിംഗ് യൂണിറ്റ്



സംസ്ഥാനത്ത് വിവിധ സ്രോതസ്സുകളിൽ നിന്നുണ്ടാകുന്ന അജൈവ പാഴ്‌വസ്തുക്കൾ മെറ്റീരിയൽ കളക്ഷൻ സംവിധാനങ്ങളിൽ എത്തിച്ചതിന് ശേഷം അവിടെ തരംതിരിവ് നടത്തി ആർ.ആർ.എഫ് കളിൽ എത്തിക്കുന്നു. ഇങ്ങനെ തരംതിരിച്ച് എത്തുമ്പോൾ ലഭിക്കുന്ന പ്ലാസ്റ്റിക് വസ്തുക്കൾ ശാസ്ത്രീയമായി സംസ്കരിക്കുന്നതിനായി വിവിധ കേന്ദ്രങ്ങളിൽ എത്തിക്കേണ്ടതുണ്ട്. പ്ലാസ്റ്റിക്കിന് കനക്കുറവും എന്നാൽ വളരെയധികം സ്ഥലം ആവശ്യവുമാകയാൽ ഇതിന്റെ ഗതാഗത ആവശ്യങ്ങൾക്ക് തദ്ദേശസ്ഥാപനങ്ങൾക്ക് വലിയ പണച്ചെലവ് ഉണ്ടാകാനുള്ള സാധ്യതയുണ്ട്. ഈ സാഹചര്യം മറികടക്കുന്നതിനാണ് തദ്ദേശസ്ഥാപനങ്ങളിൽ ഷ്രെഡിംഗ്/ബയിലിംഗ് സംവിധാനങ്ങൾ ഒരുക്കുന്നത്. നിലവിൽ 55 തദ്ദേശ സ്ഥാപനങ്ങളിലാണ് ബയിലിംഗ്/ഷ്രെഡിംഗ് സംവിധാനങ്ങൾ സ്ഥാപിച്ചിട്ടുള്ളത്. ഇത് അടുത്ത ഒരു വർഷത്തിനകം സംസ്ഥാനത്തെ മുഴുവൻ ബ്ലോക്ക് പഞ്ചായത്തുകളിലും സ്ഥാപിക്കാനാണ് ഉദ്ദേശിക്കുന്നത്.

(കടപ്പാട്: ശുചിത്വമിഷൻ)

ഷൊർണ്ണൂർ നഗരസഭയിൽ സ്ഥാപിച്ചിട്ടുള്ള എം.സി.എഫിലെ ഷ്രെഡിംഗ് സംവിധാനം

ജൈവമാലിന്യ പരിപാലനം

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് ഏറ്റെടുക്കാവുന്ന പദ്ധതികൾ

അമീർഷാ ആർ.എസ്

ജൈവമാലിന്യം

ഉപയോഗയോഗ്യമല്ലാത്തതും ജൈവവിഘടനത്തിന് വിധേയമാകുന്നതുമായ അഴുകുന്ന വസ്തുക്കളെ പൊതുവെ ജൈവമാലിന്യം എന്ന് വിളിക്കാം. ആഹാര അവശിഷ്ടങ്ങൾ , പച്ചക്കറി വസ്തുക്കൾ , മത്സ്യ മാംസാവശിഷ്ടങ്ങൾ, ജന്തുക്കളുടെ ശവശരീരം, അറവ് മാലിന്യം, കരിയിലകൾ തുടങ്ങിയ വസ്തുക്കളെ ജൈവമാലിന്യത്തിന്റെ ഗണത്തിൽപ്പെടുത്താവുന്നതാണ്. ഇത്തരം വസ്തുക്കൾ അജൈവമാലിന്യങ്ങളുമായി കൂട്ടി ചേർത്ത് ചാക്കുകളിലും കവറുകളിലും കെട്ടി പൊതുഇടങ്ങളിലോ, വഴിയരികിലോ കൂട്ടിയിടുമ്പോഴൊ, ജലസ്രോതസ്സുകളിലുൾപ്പെടെ വലിച്ചെറിയുകയോ ചെയ്യുമ്പോഴാണ് ഇത് ഗുരുതര മാലിന്യപ്രശ്നമായി മാറുന്നത്. എന്നാൽ വ്യക്തികളും സ്ഥാപനങ്ങളും തദ്ദേശ സ്ഥാപനങ്ങളും ഒന്ന് മനസ്സുവച്ചാൽ ഇത്തരം ജൈവ മാലിന്യങ്ങളെ ഉറവിടത്തിൽ തന്നെ തരംതിരിച്ച് സംസ്കരിക്കുന്നതിനും ജൈവവളമാക്കി മാറ്റുന്നതിനും സാധിക്കുന്നതാണ്. ഇത്തരത്തിൽ രൂപപ്പെടുത്തിയെടുക്കുന്ന ജൈവവളം വീടുകളിൽ തന്നെ പരമാവധി പച്ചക്കറി കൃഷിക്കുപയോഗിക്കാവുന്നതും പൊതു ജൈവമാലിന്യസംസ്കരണ പ്ലാന്റുകളിലെ ജൈവവളം കർഷകർക്ക് നൽകാവുന്നതും അതിലൂടെ ജൈവ പച്ചക്കറി കൃഷിക്ക് പ്രോത്സാഹനം നൽകി മാലിന്യസംസ്കരണത്തിലൂടെ ജൈവ പച്ചക്കറി കൃഷി എന്ന സങ്കൽപ്പം യാഥാർത്ഥ്യമാക്കാവുന്നതുമാണ്. ഇതിലൂടെ മാലിന്യ പ്രശ്നത്തിന് ശാശ്വത പരിഹാരവും ജൈവപച്ചക്കറി കൃഷിയിൽ സ്വയംപര്യാപ്തതയും അതിലൂടെ ഹരിതകേരളം എന്ന സ്വപ്ന സാക്ഷാത്കാരത്തിലേക്കും നമുക്ക് എത്തിച്ചേരുവാൻ സാധിക്കും.

കേരളത്തിൽ സൃഷ്ടിക്കപ്പെടുന്ന ആകെ ജൈവ മാലിന്യത്തിന്റെ 60 ശതമാനവും വീടുകളിൽ നിന്നാണ് രൂപപ്പെടുന്നത്. അതുകൊണ്ട് തന്നെ വീട്ടുടമസ്ഥർ മനസ്സുവയ്ക്കുന്ന പക്ഷം വീടുകളിൽ രൂപപ്പെടുന്ന ജൈവമാലിന്യം ഉറവിടത്തിൽ തന്നെ കമ്പോസ്റ്റിങ്ങിലൂടെയോ ബയോമെത്തനേഷനിലൂടെയോ വളമോ ബയോഗ്യാസോ ആക്കി മാറ്റാവുന്നതാണ്.

ജൈവമാലിന്യം രൂപപ്പെടുന്ന സ്രോതസ്സുകൾ

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ജൈവമാലിന്യ സംസ്കരണ പദ്ധതികൾ ആവിഷ്കരിക്കുന്നതിന് മുമ്പ് തന്നെ ജൈവമാലിന്യങ്ങൾ രൂപം കൊള്ളുന്ന വിവിധ സ്രോതസ്സുകൾ മാപ്പിംഗിലൂടെ കണ്ടെത്തേണ്ടതും ഓരോ സ്രോതസ്സുകളിൽ നിന്നും രൂപപ്പെടുന്ന ജൈവമാലിന്യത്തിന്റെ പ്രതിദിന അളവും മാലിന്യത്തിന്റെ പ്രകൃതവും തിട്ടപ്പെടുത്തേണ്ടതുമാണ്. അല്ലാത്തപക്ഷം സ്ഥാപിക്കുന്ന ജൈവമാലിന്യ സംസ്കരണ പദ്ധതികൾ അതാത് തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ അവസ്ഥയ്ക്ക് യോജിക്കാത്തതോ സ്ഥാപിക്കുന്ന ജൈവമാലിന്യ സംസ്കരണ പ്ലാന്റിന്റെ ശേഷിയിൽ കൂടുതലോ ആയിരിക്കും. ഇത്തരത്തിൽ കൃത്യമായ പഠനമില്ലാതെയും ആസൂത്രണമില്ലാതെയും രൂപപ്പെടുത്തുന്നപക്ഷം ജൈവമാലിന്യ സംസ്കരണ പദ്ധതികൾ പരാജയത്തിലേക്കും പൊതുജനങ്ങളുടെ എതിർപ്പിലേക്കും തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളെ നയിക്കും. വീടുകൾ, സ്ഥാപനങ്ങൾ, ഗേറ്റഡ് കോളനികൾ, ആഡിറ്റോറിയങ്ങൾ, ഹോട്ടലുകൾ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ, മാർക്കറ്റുകൾ, ആശുപത്രികൾ, ബസ്റ്റാന്റുകൾ, വഴിയോരവാണിഭ കേന്ദ്രങ്ങൾ എന്നിവയാണ് പ്രധാനമായും ജൈവമാലിന്യത്തിന്റെ സ്രോതസ്സുകളായി കണക്കാക്കുന്നത്. പ്രസ്തുത മേഖലകൾക്കനുയോജ്യമായ രീതിയിൽ കൃത്യമായ പഠനത്തിന്റെ അടിസ്ഥാനത്തിൽ ജൈവമാലിന്യ സംസ്കരണ പദ്ധതികൾ വിഭാവനം ചെയ്ത് നടപ്പിലാക്കുന്നതിലൂടെ മാലിന്യ പ്രശ്നത്തിന് പരിഹാരം

കണ്ടെത്താവുന്നതാണ്.

വിവിധതരം ജൈവമാലിന്യങ്ങൾ

ജൈവ വിഘടനത്തിന് വിധേയമാകുന്ന ഏതുതരം അഴുകുന്ന മാലിന്യത്തെയും ജൈവമാലിന്യം എന്ന് വിളിക്കാം. പച്ചക്കറി മാലിന്യം, ആഹാര അവശിഷ്ടങ്ങൾ, മത്സ്യ- മാംസാദികളുടെ അവശിഷ്ടങ്ങൾ, അറവ് മാലിന്യങ്ങൾ, കരിയിലകൾ, പൂക്കൾ തുടങ്ങിയവയാണ് തദ്ദേശ സ്ഥാപനങ്ങൾക്ക് പ്രധാനമായും കൈകാര്യം ചെയ്യേണ്ടിവരുന്ന വിവിധതരം ജൈവമാലിന്യങ്ങൾ.

വിവിധതലങ്ങളിലെ ജൈവ മാലിന്യ സംസ്കരണം

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ രൂപപ്പെടുന്ന ജൈവ മാലിന്യങ്ങളെ സ്രോതസ്സിന്റെ അടിസ്ഥാനത്തിൽ പ്രധാനമായും മൂന്ന് മേഖലകളായി തരംതിരിക്കാം.

1. ഗാർഹികതലം
2. സംസ്ഥാനതലം
3. കമ്മ്യൂണിറ്റിതലം

വിവിധ തലങ്ങൾക്കനുയോജ്യമായ ജൈവ മാലിന്യ സംസ്കരണ പദ്ധതികൾ ചുവടെക്കൊടുക്കുന്നു.

ഗാർഹികതല ജൈവമാലിന്യ സംസ്കരണ പദ്ധതികൾ

കേരളത്തിൽ സൃഷ്ടിക്കപ്പെടുന്ന ആകെ ജൈവ മാലിന്യത്തിന്റെ 60 ശതമാനവും വീടുകളിൽ നിന്നാണ് രൂപപ്പെടുന്നത്. അതുകൊണ്ട് തന്നെ വീട്ടുടമസ്ഥർ മനസ്സുവയ്ക്കുന്ന പക്ഷം വീടുകളിൽ രൂപപ്പെടുന്ന ജൈവമാലിന്യം ഉറവിടത്തിൽ തന്നെ കമ്പോസ്റ്റിങ്ങിലൂടെയോ ബയോമെത്തനേഷനിലൂടെയോ വളമോ ബയോഗ്യാസോ ആക്കി മാറ്റാവുന്നതാണ്. വീടുകൾക്ക് അനുയോജ്യമായ ചില സംസ്കരണരീതികൾ പരിചയപ്പെടാം

കഴി കമ്പോസ്റ്റിംഗ് യൂണിറ്റ് (വളക്കുഴി)

1. കഴി കമ്പോസ്റ്റിംഗ് യൂണിറ്റ് (വളക്കുഴി)

5 സെന്റിന് മുകളിൽ ഭൂവിസ്തൃതിയുള്ള വീടുകളിൽ വീട്ടുടമസ്ഥർ സ്വന്തമായോ. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വഴി തൊഴിലുറപ്പ് പദ്ധതി മുഖാന്തരമോ, കഴി കമ്പോസ്റ്റ് (പരമ്പരാഗത വളക്കുഴി) നിർമ്മിച്ച് ജൈവമാലിന്യം അതിൽ നിക്ഷേപിച്ച് വളമാക്കി മാറ്റിയാൽ മതിയാകും. 5 സെന്റിൽ താഴെ ഭൂവിസ്തൃതിയുള്ള വീടുകൾക്ക് മാത്രമേ ഗാർഹിക ഉറവിട ജൈവ മാലിന്യ സംസ്കരണ ഉപാധികൾ ആവശ്യമുള്ളൂ. ഗാർഹികതല ജൈവമാലിന്യസംസ്കരണ പദ്ധതി തയ്യാറാക്കുന്നതിന് മുമ്പ് തന്നെ കഴി കമ്പോസ്റ്റ് നിർമ്മിക്കേണ്ട ഭവനങ്ങളെയും ജൈവമാലിന്യ

തരംതിരിക്കൽ എന്ന മഹാത്ഭുതം!!!

കേരളത്തിലെ എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലും ഒന്നല്ലെങ്കിൽ മറ്റൊരു തരത്തിലുള്ള ജൈവമാലിന്യ സംസ്കരണ പ്ലാന്റുകളും ഉപാധികളും സ്ഥാപിച്ചിട്ടുള്ളതാണ്. എന്നാൽ മിക്ക തദ്ദേശസ്ഥാപനങ്ങളിലെയും ജൈവ മാലിന്യ സംസ്കരണ പ്ലാന്റുകൾ തകരാറാകുന്നതിന് കാരണം മറ്റൊന്നുമല്ല. ജൈവ - അജൈവ മാലിന്യങ്ങൾ തരംതിരിക്കാതെ ജൈവമാലിന്യ സംസ്കരണ പ്ലാന്റിലേക്ക് കൊണ്ടു വന്ന് നിക്ഷേപിക്കുന്നത് മൂലമാണത് സംഭവിക്കുന്നത്. വായുസമ്പർക്കത്താലും സൂക്ഷ്മാണുക്കളുടെ പ്രവർത്തനത്തിലൂടെയും പ്രകൃതിക്ക് യോജിക്കും വിധം കമ്പോസ്റ്റിംഗ്/ബയോമെതനേഷൻ നടക്കത്തക്ക രീതിയിൽ സജ്ജീകരിക്കുന്ന ജൈവമാലിന്യ സംസ്കരണ പ്ലാന്റിലേക്ക് ജൈവ വിഘടനത്തിന് തടസ്സമുണ്ടാക്കുന്ന പ്ലാസ്റ്റിക്ക് ഉൾപ്പെടെയുള്ള അജൈവ വസ്തുക്കൾ നിക്ഷേപിക്കുന്നത് ജൈവ മാലിന്യ സംസ്കരണ പ്ലാന്റുകളുടെ പ്രവർത്തനത്തെ താറുമാറാക്കും. ആയതിനാൽ മാലിന്യം രൂപപ്പെടുന്ന സ്രോതസ്സുകളിൽ തന്നെ ജൈവമാലിന്യം അജൈവമാലിന്യവുമായി കൂടിക്കലരാതെ പ്രത്യേകം തരംതിരിക്കുന്നതിനും ശേഖരിക്കുന്നതിനുമുള്ള സംവിധാനം അതാത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ ഒരുക്കേണ്ടതുണ്ട്. ഇതിനാവശ്യമായ മാനസിക മാറ്റം പൊതുജനങ്ങളിൽ ഉണ്ടാക്കി എടുക്കുന്നതിനാവശ്യമായ ബോധവത്കരണ കാമ്പയിൻ പ്രവർത്തനങ്ങൾ ശുചിത്വ മിഷൻ പോലെയുള്ള സ്ഥാപനങ്ങളുടെ കൂടി സഹായത്തോടെ മുൻകൂട്ടിത്തന്നെ കർമ്മപദ്ധതി തയ്യാറാക്കി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ നടപ്പിലാക്കേണ്ടത് പദ്ധതി വിജയത്തിന് അനിവാര്യമാണ്.

കിച്ചൺ ബിൻ



സംസ്കരണ ഉപാധികൾ സ്ഥാപിക്കേണ്ടുന്ന ഭവനങ്ങളെയും തദ്ദേശസ്ഥാപനങ്ങൾ കണ്ടെത്തി അനുയോജ്യമായ രീതിയിൽ പദ്ധതി തയ്യാറാക്കേണ്ടതാണ്.

2. മൺകല കമ്പോസ്റ്റിംഗ് യൂണിറ്റ്

നാലു പേരടങ്ങുന്ന കുടുംബത്തിന് പ്രതിദിനം ഒരു കിലോ ജൈവമാലിന്യം വളമാക്കി മാറ്റുന്നതിന് അനുയോജ്യമായ സംവിധാനം. ഏത് ഭൂപ്രകൃതിക്കും കാലാവസ്ഥയ്ക്കും അനുയോജ്യം. ഒരു യൂണിറ്റിന്റെ (ഒരു ജോടി) ഏകദേശ വില 500 രൂപ

3. കിച്ചൺ ബിൻ

പ്രതിദിനം ഒരു കിലോവരെ ജൈവമാലിന്യം രൂപപ്പെടുന്ന വീടുകൾക്കനുയോജ്യം. ഏകദേശവില യൂണിറ്റ് ഒന്നിന് 410 രൂപ. ഏത് ഭൂപ്രകൃതിക്കും കാലാവസ്ഥയ്ക്കും അനുയോജ്യം. എലിശല്യമുള്ള സ്ഥലങ്ങളിൽ കിച്ചൺ ബിൻ പ്രതലത്തിൽ നിന്നും ഉയർത്തിസ്ഥാപിക്കുക

4. മുച്ചട്ടി കമ്പോസ്റ്റിംഗ് യൂണിറ്റ്

പ്രതിദിനം ഒന്നര കിലോവരെ ജൈവമാലിന്യം രൂപപ്പെടുന്ന വീടുകൾക്കനുയോജ്യം. ഏകദേശവില യൂണിറ്റ് ഒന്നിന് 1550 രൂപ. ഏത് ഭൂപ്രകൃതിക്കും കാലാവസ്ഥയ്ക്കും അനുയോജ്യം

5. ബയോ കമ്പോസ്റ്റർ യൂണിറ്റ്

പ്രതിദിനം രണ്ട് കിലോവരെ ജൈവമാലിന്യം ഉൽപാദിപ്പിക്കുന്ന വീടുകൾക്കനുയോജ്യം. ഏകദേശ വില യൂണിറ്റ് ഒന്നിന് 1800 രൂപ. ഏത് ഭൂപ്രകൃതിക്കും കാലാവസ്ഥയ്ക്കും അനുയോജ്യം.

6. പോർട്ടബിൾ ബയോബിൻ കമ്പോസ്റ്റിംഗ് യൂണിറ്റ്

പ്രതിദിനം 2 കിലോവരെ ജൈവമാലിന്യം രൂപപ്പെടുന്ന വീടുകൾക്കനുയോജ്യം. ഏകദേശ വില യൂണിറ്റ് ഒന്നിന് 1000 രൂപ. ഏത് ഭൂപ്രകൃതിക്കും കാലാവസ്ഥയ്ക്കും അനുയോജ്യം.

7. റിംഗ് കമ്പോസ്റ്റിംഗ് യൂണിറ്റ്

പ്രതിദിനം 3 കിലോവരെ ജൈവമാലിന്യം രൂപപ്പെടുന്ന 6 അംഗങ്ങൾ വരെയുള്ള വീടുകൾ

പൈപ്പ് കമ്പോസ്റ്റിംഗ് യൂണിറ്റ്

മുച്ചട്ടി കമ്പോസ്റ്റിംഗ് യൂണിറ്റ്

ബയോഗ്യാസ് പ്ലാന്റുകളുടെ വിലനിലവാരം

ദിവസവും ഉല്പാദിപ്പിക്കപ്പെടുന്ന ജൈവമാലിന്യത്തിന്റെഅളവ്	സ്ഥാപിതശേഷി	ഏകദേശ വില	മിക്സഡ് കൾച്ചർ ഫെഡ് ബാച്ച് ടൈപ്പ് ബയോഗ്യാസ് പ്ലാന്റ് - ഏകദേശ വില
2.5 കിലോവരെ	0.5 m3	8000-10500	7000
2.5 - 5 കിലോവരെ	0.75 m3	10000-12000	8000
5 -7.5 കിലോവരെ	1.00 m3	12000-13500	9000
7.5 - 50 കിലോവരെ	വിവിധ അളവുകളിൽ	1,20,000-1,40,000	

ക്കനുയോജ്യം. ഏകദേശ വില യൂണിറ്റ് ഒന്നിന് 2500 രൂപ. ഏത് ഭൂപ്രകൃതിക്കും കാലാവസ്ഥയ്ക്കും അനുയോജ്യം.

8. മോസ്പിറ്റ് കമ്പോസ്റ്റിംഗ് യൂണിറ്റ്

പ്രതിദിനം 1 കിലോ വരെ ജൈവമാലിന്യം രൂപപ്പെടുന്ന 4 അംഗങ്ങൾ വരെയുള്ള വീടുകൾക്കനുയോജ്യം. മണ്ണിനടിയിലാണ് മോസ്പിറ്റ് കമ്പോസ്റ്റിംഗ് യൂണിറ്റുകൾ സ്ഥാപിക്കുന്നത്. ഏകദേശ വില 900 രൂപ.

9. പൈപ്പ് കമ്പോസ്റ്റിംഗ് യൂണിറ്റ്

പ്രതിദിനം 1 കിലോവരെ ജൈവമാലിന്യം ഉത്പാദിപ്പിക്കുന്ന വീടുകൾക്കനുയോജ്യം. ഏകദേശ വില യൂണിറ്റ് ഒന്നിന് 900 രൂപ. വെള്ളക്കെട്ടുള്ള പ്രദേശങ്ങൾ ഒഴികെയുള്ള പ്രദേശങ്ങൾക്കനുയോജ്യം.

10. മണ്ണിര കമ്പോസ്റ്റിംഗ് യൂണിറ്റ്

പ്രതിദിനം 1.5 കിലോവരെ ജൈവമാലിന്യം രൂപപ്പെടുന്ന വീടുകൾക്കനുയോജ്യം. ഏകദേശ വില യൂണിറ്റ് ഒന്നിന് 1200 രൂപ. മിതമായ കാലാവസ്ഥയുള്ള പ്രദേശങ്ങൾക്കനു യോജ്യം.

11. പോർട്ടബിൾ ഗാർഹിക ബയോഗ്യാസ് പ്ലാന്റ്

പ്രതിദിനം രണ്ട് കിലോ മുതൽ 7.5 കിലോവരെ ജൈവമാലിന്യം ഉത്പാദിപ്പിക്കുന്ന വീടുകൾക്കനുയോജ്യം. വിവിധ ശേഷിയുള്ള ബയോഗ്യാസ് പ്ലാന്റുകളുടെ വിലനിലവാരം പട്ടികയിൽ കൊടുക്കുന്നു.

12. ബക്കറ്റ് കമ്പോസ്റ്റ്

പ്രതിദിനം രണ്ട് കിലോവരെ ജൈവമാലിന്യം രൂപപ്പെടുന്ന വീടുകൾക്കനുയോജ്യം. ഏത് ഭൂപ്രകൃതിക്കും കാലാവസ്ഥയ്ക്കും അനുയോജ്യം. ഏകദേശ വില യൂണിറ്റ് ഒന്നിന് 1000 രൂപ.

സ്ഥാപനതലത്തിലെ ജൈവമാലിന്യ സംസ്കരണ പദ്ധതികൾ

കേരളത്തിൽ ആകെ രൂപപ്പെടുന്ന ജൈവമാലിന്യത്തിന്റെ ഇരുപത് ശതമാനത്തോളവും വിവിധ സ്ഥാപനങ്ങളിൽ നിന്ന് രൂപപ്പെടുന്നവയാണ്. ഹോട്ടലുകൾ, റസ്റ്റാറന്റുകൾ, കല്യാണമണ്ഡപങ്ങൾ, ഷോപ്പിംഗ് മാളുകൾ, ഹോസ്പിറ്റലുകൾ, സർക്കാർ/ സർക്കാരിതര ഓഫീസുകൾ, സ്കൂൾ, കോളേജുകൾ തുടങ്ങിയവയെ നമുക്ക് സ്ഥാപനങ്ങളുടെ ഗണത്തിൽപ്പെടുത്താം. ഇത്തരം സ്ഥാപനങ്ങളിൽ നിന്നും പ്രതിദിനം ടൺകണക്കിന് ജൈവമാലിന്യമാണ് പ്രതിദിനം രൂപപ്പെടുന്നത്. അതുകൊണ്ട് തന്നെ ഓരോ സ്ഥാപനത്തിലെയും അംഗങ്ങളുടെ എണ്ണത്തിന് ആനുപാതികമായി രൂപപ്പെടുന്ന ജൈവമാലിന്യത്തിന്റെ അളവിനനുസരിച്ച് അനുയോജ്യമായ ജൈവമാലിന്യ സംസ്കരണ സംവിധാനങ്ങൾ അതാത് സ്ഥാപനങ്ങളിൽ തന്നെ സ്ഥാപിച്ച് മാലിന്യപ്രശ്നത്തിന് തദ്ദേശ സ്ഥാപനങ്ങൾക്ക് പരിഹാരം കണ്ടെത്താവുന്നതാണ്. അതിലൂടെ ജൈവമാലിന്യം പൊതു സ്ഥലങ്ങളിലേക്ക് എത്തുന്നതിന് തടയിടാനും കഴിയുന്നതാണ്. വിവിധ സ്ഥാപനങ്ങൾക്ക് അനുയോജ്യമായ ജൈവമാലിന്യ സംസ്കരണ സംവിധാനങ്ങൾ ചുവടെ കൊടുക്കുന്നു.

ബയോ കമ്പോസ്റ്റർ യൂണിറ്റ്

1. റിംഗ് കമ്പോസ്റ്റിംഗ് യൂണിറ്റ്

ഒരു യൂണിറ്റ് ഉപയോഗിച്ച് പ്രതിദിനം 3 കിലോവരെ ജൈവമാലിന്യം സംസ്കരിക്കാവുന്നതാണ്. ഏകദേശ വില യൂണിറ്റ് ഒന്നിന് 2500 രൂപ. ഏത് ഭൂപ്രകൃതിക്കും കാലാവസ്ഥയ്ക്കും അനുയോജ്യം. പ്രതിദിനം ഉത്പാദിപ്പിക്കുന്ന ജൈവമാലിന്യത്തിന്റെ അളവിനനുസരിച്ച് റിംഗുകളുടെ എണ്ണം കൂട്ടാവുന്നതാണ്.

കേരള രാജ് ഭവനിൽ സ്ഥാപിച്ചിട്ടുള്ള റിംഗ് കമ്പോസ്റ്റ് യൂണിറ്റ്

ആലപ്പുഴ മെഡിക്കൽ കോളേജിൽ സ്ഥാപിച്ചിട്ടുള്ള ബാർക്ക് മോഡൽ ബയോഗ്യാസ് പ്ലാന്റ്

2. എയ്റോബിക് കമ്പോസ്റ്റിംഗ് യൂണിറ്റ് (തൃശൂർ മൂഴി മോഡൽ)

ഒരു യൂണിറ്റുപയോഗിച്ച് പ്രതിദിനം 50 മുതൽ 70 കിലോ വരെ ജൈവമാലിന്യം വളമാക്കി മാറ്റാൻ സാധിക്കുന്ന പദ്ധതിയാണ് എയ്റോബിക് കമ്പോസ്റ്റിംഗ് സംവിധാനം. പ്രതിദിനം രൂപപ്പെടുന്ന ജൈവമാലിന്യത്തിന്റെ അളവനുസരിച്ച് യൂണിറ്റുകളുടെ എണ്ണം കൂട്ടാവുന്നതാണ്. എയ്റോബിക് യൂണിറ്റ് സ്ഥാപിക്കുന്നതിനുള്ള ചെലവ് തുക എസ്റ്റിമേറ്റിൻ പ്രകാരമാണ് കണക്കാക്കുന്നത്. ഏത് കാലാവസ്ഥയും ഭൂപ്രകൃതിക്കും അനുയോജ്യമായ സംവിധാനമാണിത്.

തൃശ്ശൂർ നഗരസഭ ശക്തൻ മാർക്കറ്റിൽ സ്ഥാപിച്ചിട്ടുള്ള ഓർഗാനിക് വേസ്റ്റ് കമ്പോസ്റ്റിംഗ് സംവിധാനം

3. പോർട്ടബിൾ ബയോബിൻ (വലുത്)

പ്രതിദിനം 50 മുതൽ 70 കിലോ വരെ ജൈവമാലിന്യം വളമാക്കി മാറ്റാൻ സാധിക്കുന്ന പദ്ധതിയാണ് പോർട്ടബിൾ ബയോബിൻ. സ്ഥാപനങ്ങൾക്കും ഫ്ളാറ്റുകൾക്കും ഒരു പോലെ അനുയോജ്യം. ഏകദേശ വില - ഒരു യൂണിറ്റിന് 55,000 രൂപ മുതൽ ലഭ്യമാണ്.

4. ഫിക്സഡ് ടൈപ്പ് ബയോഗ്യാസ് പ്ലാന്റ്

10 കിലോയോ അതിന് മുകളിലേക്കോ പ്രതിദിന ജൈവമാലിന്യ ഉത്പാദനമുള്ള സ്ഥാപനങ്ങൾക്കനുയോജ്യം. ജൈവമാലിന്യം രൂപപ്പെടുന്ന അളവിനനുസൃതമായി സ്ഥാപിത ശേഷിയുള്ള ബയോഗ്യാസ് പ്ലാന്റുകൾ സ്ഥാപിക്കാവുന്നതാണ്. പ്ലാന്റിൽ നിന്നുള്ള ബയോഗ്യാസ് പാചക ഇന്ധനമായും സ്ലറി നേർപ്പിച്ച് ജൈവവളമായും അതാത് സ്ഥാപനങ്ങളിൽ തന്നെ ഉപയോഗിക്കാവുന്നതാണ്.

5. ഓർഗാനിക് വേസ്റ്റ് കമ്പോസ്റ്റിംഗ് മെഷീൻ

ജൈവമാലിന്യം വൈദ്യുതിയുടെ കൂടി സഹായത്തോടെ വേഗത്തിൽ (10-15 ദിവസത്തിനുള്ളിൽ) വളമാക്കി മാറ്റുന്നതിനുള്ള യന്ത്രമാണ് ഓർഗാനിക് വേസ്റ്റ് കമ്പോസ്റ്റിംഗ് മെഷീൻ.

വിവിധ അളവുകളിൽ (10, 25 ,50, 125, 250 കി. ഗ്രാം) ജൈവമാലിന്യം വളമാക്കി മാറ്റാൻ തക്ക തരത്തിൽ സ്ഥാപിതശേഷിയുള്ള ഓർഗാനിക് വേസ്റ്റ് കമ്പോസ്റ്റിംഗ് മെഷീനുകൾ നിലവിലുണ്ട്. കമ്മ്യൂണിറ്റിതലത്തിലും അനുയോജ്യമാണ്.

കമ്മ്യൂണിറ്റി തല ജൈവമാലിന്യ സംസ്കരണ പദ്ധതികൾ

കേരളത്തിലെ ആകെ ജൈവമാലിന്യ ഉത്പാദനത്തിന്റെ 20 ശതമാനവും പൊതു ഇടങ്ങളിൽ നിന്ന് രൂപപ്പെടുന്ന ജൈവമാലിന്യമാണ്. മാർക്കറ്റുകൾ, ബസ്റ്റാന്റുകൾ, പൊതുസമ്മേളന വേദികൾ, വിവിധ ആരാധനാലയങ്ങൾ കേന്ദ്രീകരിച്ചുള്ള ഉത്സവ മേഖലകൾ തുടങ്ങിയ ഇടങ്ങളാണ് കമ്മ്യൂണിറ്റിതലത്തിൽ ഉൾപ്പെടുന്നത്. ഇത്തരം ഇടങ്ങളിൽ സ്ഥിരമായോ സാന്ദർഭികമായോ എത്തിച്ചേരുന്ന ജനവിഭാഗങ്ങളിൽ നിന്നും വഴിയോരകച്ചവടക്കാരിൽ നിന്നും ഫാസ്റ്റ് ഫുഡ്കടകളിൽ നിന്നും മത്സ്യം, മാംസം, പഴം, പച്ചക്കറി തുടങ്ങിയവ വിപണനം ചെയ്യുന്ന വ്യാപാരികളിൽ നിന്നുമൊക്കെ രൂപപ്പെടുന്ന ജൈവമാലിന്യമാണ് കമ്മ്യൂണിറ്റിതല ജൈവമാലിന്യസംസ്കരണ പദ്ധതികളിലൂടെ സംസ്കരിക്കേണ്ടത്. ഇത്തരം ഇടങ്ങളിൽ രൂപപ്പെടുന്ന മാലിന്യത്തിന്റെ സ്വഭാവം, ഏകദേശ അളവ് എന്നിവ അനുസരിച്ചുള്ള ജൈവമാലി

ന്യ സംസ്കരണ പദ്ധതികൾ തദ്ദേശസ്ഥാപനങ്ങളുടെ നേതൃത്വത്തിൽ സ്ഥാപിക്കേണ്ടതുണ്ട്. കമ്മ്യൂണിറ്റിതലത്തിനനുയോജ്യമായ ജൈവമാലിന്യ സംസ്കരണ സംവിധാനങ്ങൾ ചുവടെ കൊടുക്കുന്നു.

1. വിൻട്രോ കമ്പോസ്റ്റിംഗ് പ്ലാന്റ്

പ്രതിദിനം രൂപപ്പെടുന്ന ജൈവമാലിന്യത്തിന്റെ അളവിനനുസൃതമായ വലുപ്പത്തിൽ നിർമ്മിക്കപ്പെടുന്ന മേൽക്കൂരയോടുകൂടിയതും പ്രതലത്തിൽ ജൈവമാലിന്യത്തിൽ നിന്നും ഊർന്നിറങ്ങുന്ന ലീച്ചേറ്റ് ശേഖരിച്ച് ശാസ്ത്രീയമായി സംസ്കരിക്കുന്നതിനുള്ള സോക്കേജ് പിറ്റോടുകൂടിയതും ഉയർന്ന വായു സമ്പർക്കം ലഭിക്കുന്ന രീതിയിൽ നിർമ്മിക്കുന്നതുമായ ഷെഡ്ഡുകളാണ് വിൻട്രോ കമ്പോസ്റ്റ് പ്ലാന്റുകൾ. മാർക്കറ്റുകൾ, പ്രതിദിനം ഒരു ടണ്ണിൽ കൂടുതൽ ജൈവമാലിന്യം ഉത്പാദിപ്പിക്കപ്പെടുന്ന സ്ഥാപനങ്ങൾ , പൊതു ഇടങ്ങൾ എന്നിവയ്ക്ക് അനുയോജ്യമായ പദ്ധതിയാണിത്. സ്വാഭാവിക കമ്പോസ്റ്റിംഗ് രീതിയാണ് വിൻട്രോ കമ്പോസ്റ്റിംഗ് പ്ലാന്റിൽ അവലംബിച്ചിട്ടുള്ളത്.പദ്ധതി ചെലവ് എസ്റ്റിമേറ്റിൻ പ്രകാരം കണക്കാക്കാവുന്നതാണ്.

2. മണ്ണിര കമ്പോസ്റ്റിംഗ് പ്ലാന്റ്

മണ്ണിരയുടെ സഹായത്തോടെ ജൈവമാലിന്യം വളമാക്കി മാറ്റുന്ന കമ്പോസ്റ്റിംഗ് രീതിയാണ് മണ്ണിര കമ്പോസ്റ്റ് സംവിധാനം. പ്രതിദിനം രൂപപ്പെടുന്ന ജൈവമാലിന്യത്തിന്റെ അളവിനാനുപാതികമായ വലുപ്പത്തിൽ മണ്ണിര കമ്പോസ്റ്റ് പ്ലാന്റുകൾ നിർമ്മിക്കാവുന്നതാണ്. മണ്ണിരകമ്പോസ്റ്റിങ്ങിലൂടെ ലഭിക്കുന്ന ജൈവവളത്തിന് ഫലഭ്രയിഷ്ഠത വളരെ കൂടുതലാണ്. പദ്ധതിചെലവ് എസ്റ്റിമേറ്റിൻ പ്രകാരം കണക്കാക്കാവുന്നതാണ്.

3. എയ്റോബിക് ബിൻ കമ്പോസ്റ്റിംഗ് പ്ലാന്റ് (തുമ്പൂർ മൂഴി)

വായുസമ്പർക്കത്താൽ കരിയില, ചാണകപ്പൊടി, ജൈവഇനോക്കുലം എന്നിവയുടെ സഹായത്തോടെ ജൈവമാലിന്യത്തെ വളമാക്കിമാറ്റുന്ന അഴികളോടുകൂടിയതും ലീച്ചേറ്റ് ശേഖരണ സംവിധാനത്തോടുകൂടിയതുമായ ചതുരാകൃതിയിലുള്ള ബിന്നുകളാണ് എയറോബിക് കമ്പോസ്റ്റ് യൂണിറ്റ് (തുമ്പൂർമൂഴി). ആകെ ജൈവമാലിന്യ ഉത്പാദനത്തിന്റെ അളവിനനുസൃതമായി ക്ലസ്റ്റർ അടിസ്ഥാനത്തിൽ എയ്റോബിക് ബിന്നുകൾ സ്ഥാപിച്ച് കമ്മ്യൂണിറ്റി തലത്തിലെ ജൈവമാലിന്യം സംസ്കരിക്കാവുന്നതാണ്.

തിരുവനന്തപുരം നഗരസഭ പാളയം മാർക്കറ്റിൽ സ്ഥാപിച്ചിട്ടുള്ള പ്രതിദിനം 2 ടൺ ജൈവമാലിന്യം സംസ്കരിക്കാൻ ശേഷിയുള്ള കമ്മ്യൂണിറ്റി തല ബയോഗ്യാസ് പ്ലാന്റ്.

4. ഫിക്സഡ് ടൈപ് കമ്മ്യൂണിറ്റി തല ബയോഗ്യാസ് പ്ലാന്റ്

പ്രതിദിനം 1 ടണ്ണോ അതിന് മുകളിലോ ജൈവമാലിന്യം രൂപപ്പെടുന്ന മാർക്കറ്റുകൾ, പൊതു ഇടങ്ങൾ എന്നിവയ്ക്കനുയോജ്യമായ സംവിധാനമാണ് ഫിക്സഡ് ടൈപ്പ് ബയോഗ്യാസ് പ്ലാന്റുകൾ. ജൈവമാലിന്യത്തിന്റെ അളവിനനുസൃതമായി പ്ലാന്റിന്റെ സംഭരണ ശേഷി നിശ്ചയിച്ച് കൂടുതൽ സ്ഥാപിത ശേഷിയിൽ പദ്ധതി സ്ഥാപിക്കാവുന്നതാണ്.

ശുചിത്വ മിഷന്റെ സാങ്കേതിക സാമ്പത്തിക സഹായത്തോടെ തദ്ദേശ സ്ഥാപനങ്ങൾക്ക് മുകളിൽ സൂചിപ്പിച്ച വിവിധ തലങ്ങളിലെ പദ്ധതികൾ നിയമാനുസൃത സബ്സിഡിയോടു കൂടി നടപ്പിലാക്കാവുന്നതാണ്.

(ലേഖകൻ ശുചിത്വ മിഷനിൽ പ്രോഗ്രാം ആഫീസറാണ്)

ഏലൂർ നഗരസഭയിൽ സ്ഥാപിച്ചിട്ടുള്ള എയ്റോബിക് യൂണിറ്റ് (തുമ്പൂർ മൂഴി)

ജൈവമാലിന്യ സംസ്കരണ പദ്ധതികൾ

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ നടത്തേണ്ട പ്രവർത്തനങ്ങളും സ്വീകരിക്കേണ്ട നടപടികളും

ജൈവമാലിന്യ സംസ്കരണ പദ്ധതികൾ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ വിഭാവനം ചെയ്യുന്ന സമയം മുതൽ പദ്ധതി പൂർത്തികരിച്ച് സ്ഥിരമായ നടത്തിപ്പിലേക്ക് എത്തുന്നതുവരെ ചേയ്യേണ്ടുന്ന പ്രവർത്തനങ്ങളും സ്വീകരിക്കാവുന്ന നടപടികളും ചുവടെ പട്ടികപ്പെടുത്തുന്നു.

1 ബോധവത്ക്കരണ പ്രവർത്തനങ്ങൾ

സ്ഥാപിക്കാനുദ്ദേശിക്കുന്ന മാലിന്യ സംസ്കരണ പദ്ധതികൾക്കനുസൃതമായി ജനങ്ങളിൽ മാനസിക മാറ്റം വരുത്തുന്നതിനാവശ്യമായ വിവര വിജ്ഞാന വ്യാപന പ്രവർത്തനങ്ങൾ വിദഗ്ധരുടെ സഹായത്തോടെ മുൻകൂട്ടി തന്നെ കർമ്മ പദ്ധതി തയ്യാറാക്കി നടപ്പിലാക്കുക.

2 അനുയോജ്യ ജൈവമാലിന്യ സംസ്കരണ പദ്ധതികൾ തെരഞ്ഞെടുക്കൽ

ശുചിത്വ മിഷന്റെ ഉൾപ്പടെ മാലിന്യ സംസ്കരണ രംഗത്ത് പ്രവർത്തിക്കുന്ന സ്ഥാപനങ്ങളിലെ വിദഗ്ധരുടെ മേൽ നോട്ടത്തിൽ അതാത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ഭൂപ്രകൃതിക്കും കാലാവസ്ഥയ്ക്കും ജൈവ മാലിന്യത്തിന്റെ അവസ്ഥയ്ക്കും അനുയോജ്യമായ ജൈവമാലിന്യ സംസ്കരണ പദ്ധതികൾ ഗാർഹിക- സ്ഥാപന- കമ്മ്യൂണിറ്റി തലങ്ങളിലേക്ക് തെരഞ്ഞെടുക്കുക.

3 ഫണ്ട് വകയിരുത്തൽ

വിദഗ്ധ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ തെരഞ്ഞെടുക്കുന്ന അനുയോജ്യ ജൈവ മാലിന്യ സംസ്കരണ പദ്ധതിയുടെ നടത്തിപ്പിലേക്ക് അതാത് തദ്ദേശ സ്ഥാപനങ്ങൾ വകയിരുത്തുന്ന വിഹിതവും ശുചിത്വ മിഷൻ വിഹിതവും ഗുണഭോക്തൃ വിഹിതവും കണക്കാക്കി ആകെ പദ്ധതി ചെലവ് വകയിരുത്തുക.

4 അംഗീകാരം വാങ്ങൽ

നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പദ്ധതികൾ തെരഞ്ഞെടുത്ത് ആയതിന്റെ പദ്ധതി ചെലവ് വകയിരുത്തി ഡി.പി.സി അംഗീകാരം വാങ്ങുന്നതുൾപ്പടെയുള്ള ആവശ്യമായ നടപടികൾ സ്വീകരിക്കുക.

5 വിശദമായ പദ്ധതി റിപ്പോർട്ട് തയ്യാറാക്കൽ

ഹരിത സഹായ സ്ഥാപനം, തദ്ദേശ സ്വയംഭരണ വകുപ്പിലെ സാങ്കേതിക വിഭാഗം ഉദ്യോഗസ്ഥർ, ശുചിത്വ മിഷൻ എന്നീ വിഭാഗങ്ങളുടെ സഹായത്തോടെ വിശദമായ ജൈവമാലിന്യ സംസ്കരണ പദ്ധതി റിപ്പോർട്ട് തയ്യാറാക്കേണ്ടതാണ്. പദ്ധതിയിൽ ഉൾപ്പെടുത്തേണ്ടുന്ന ഗുണഭോക്താക്കൾ, സ്ഥാപനങ്ങൾ എന്നിവരെ മുൻകൂട്ടി നിശ്ചയിച്ച് പദ്ധതി റിപ്പോർട്ടിൽ ഉൾപ്പെടുത്തേണ്ടതാണ്.

6 സാങ്കേതിക അനുമതി വാങ്ങൽ

അതാത് പദ്ധതികളുടെ സൂക്ഷ്മ പരിശോധന പൂർത്തീകരിച്ച ശേഷം അതാത് വിഭാഗം സാങ്കേതിക സ്ഥാപനങ്ങളിൽ നിന്ന് (ശുചിത്വ മിഷൻ, തദ്ദേശ സ്വയംഭരണ വകുപ്പിലെ വിവിധ വിഭാഗം സാങ്കേതിക ഉദ്യോസ്ഥർ) സാങ്കേതിക അനുമതി വാങ്ങുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

7 ടെണ്ടർ നടപടികൾ

ആവശ്യമുള്ള പദ്ധതികൾ സർക്കാർ നടപടിക്രമങ്ങൾ പാലിച്ച് ടെണ്ടർ ചെയ്യാം, സർക്കാർ അക്രഡിറ്റഡ് ഏജൻസികൾക്ക് നേരിട്ട് അനുവദിക്കാവുന്ന പദ്ധതികൾ അത്തരത്തിലുള്ള നടപടികൾ പൂർത്തീകരിച്ചും പ്രവൃത്തി നിർവ്വഹണത്തിലേക്ക് പോകാവുന്നതാണ്.

8 പദ്ധതി നിർവ്വഹണം

ടെണ്ടർ നടപടികൾ പൂർത്തീകരിച്ച പദ്ധതികളുടെ പ്രവൃത്തി നിർവ്വഹണത്തിലേക്ക് കടക്കാവുന്നതും നിർവ്വഹണ ഉദ്യോഗസ്ഥന് പദ്ധതി നടത്തിപ്പിൽ അവ്യക്തതയുള്ള പക്ഷം പ്രസ്തുത സാങ്കേതിക സ്ഥാപനങ്ങളിൽ നിന്ന് വിദഗ്ധോ

സ്ഥാപിക്കാനുദ്ദേശിക്കുന്ന മാലിന്യസംസ്കരണ പദ്ധതികൾക്കനുസൃതമായി ജനങ്ങളിൽ മാനസിക മാറ്റം വരുത്തുന്നതിനാവശ്യമായ വിവര വിജ്ഞാന വ്യാപനപ്രവർത്തനങ്ങൾ വിദഗ്ധരുടെ സഹായത്തോടെ മുൻകൂട്ടി തന്നെ കർമ്മ പദ്ധതി തയ്യാറാക്കി നടപ്പിലാക്കുക.

റിസോഴ്സ് റിക്കവറിയും എം.സി.എഫും

നമ്മുടെ മാലിന്യക്കൂമ്പാരങ്ങളിൽ കാണപ്പെടുന്ന വസ്തുക്കളിൽ വലിയൊരു ഭാഗം പുന:ചംക്രമണ വ്യവസായത്തിന് ഉപയോഗപ്പെടുത്തുവാൻ കഴിയുന്ന അസംസ്കൃത വസ്തുക്കളാണ്. വീടുവീടാന്തരം കയറി ഇറങ്ങി ആക്രി വ്യാപാരികൾ ചെറിയൊരു പ്രതിഫലം നൽകികൊണ്ടിരിക്കുന്ന പേപ്പറുകൾ, പ്ലാസ്റ്റിക്കുകൾ, ലോഹങ്ങൾ എന്നിവ ഇപ്പോൾ പുനഃചംക്രമണത്തിന് വിധേയമാവുന്ന സാഹചര്യമുണ്ട്. എന്നാൽ കവറുകൾ, പാക്കിംഗ് കവറുകൾ, കണ്ണാടി എന്നിവയ്ക്കും പുനരുപയോഗ പുന:ചംക്രമണസാധ്യതയുണ്ട്. എന്നാൽവ്യത്തിയുള്ളതും വലിയൊരളവിൽ ലഭ്യവുമാണെങ്കിൽ മാത്രമേ അവ സാമ്പത്തിക ബാധ്യത കൂടാതെ പുനഃചംക്രമണം ചെയ്യുവാൻ സാധിക്കു.

ഇവിടെയാണ് എം.സി.എഫിന്റെ പ്രസക്തി. വീടുകളിൽ നിന്നും സ്ഥാപനങ്ങളിൽ നിന്നും ശേഖരിക്കുന്ന വൃത്തിയുള്ള എല്ലാവിധ അജൈവ പാഴ് വസ്തുക്കളും തരംതിരിച്ച് സൂക്ഷിക്കുന്നതിനും ഇങ്ങനെ ശേഖരിക്കുന്ന ഓരോ തരം വസ്തുക്കളും വലിയ അളവിൽ പുനഃചംക്രമണ വ്യവസായികൾക്ക് ലഭ്യമാക്കുന്നതിനുമുള്ള സാഹചര്യം ഒരുക്കുകയാണ് എം.ആർ.എഫ്. അജൈവ പാഴ് വസ്തുക്കൾക്ക് പുനഃചംക്രമണ സാധ്യത ഉണ്ടാവുന്നത് അവ ഓരോ ഇനം അനുസരിച്ച് തരംതിരിച്ച് ലഭ്യമാക്കുമ്പോഴാണ്. ഒപ്പം അവ വൃത്തിയുള്ളതും ഉണങ്ങിയതുമായിരിക്കും. ഇതിനുള്ള അനുകൂല സാഹചര്യമാണ് എം. ആർ. എഫ് ൽ ഉണ്ടാവേണ്ടതാണ്. പ്ലാസ്റ്റിക് വസ്തുക്കളിൽ തന്നെ അനേകം തരംതിരിവുകളുണ്ട്. ഇങ്ങനെ തരംതിരിക്കുന്ന ഓരോന്നും പ്രത്യേകം പ്രത്യേകം സൂക്ഷിക്കുന്നതിനും ഒരു പ്രത്യേക കാലയളവിനുള്ളിൽ കുമിഞ്ഞുകൂടുവാൻ ഇടയുള്ള അളവ് അനുസരിച്ചുമാവണം ഓരോ ഇനത്തിനുമുള്ള കള്ളികൾ നിർമ്മിക്കേണ്ടത്.

ബെയിലിംഗ് സംവിധാനം

എം.ആർ.എഫിന്റെ കൂടെതന്നെ അത്യാവശ്യം വേണ്ടുന്ന ഒന്നാണ് ബെയിലിംഗ് സംവിധാനം. പ്ലാസ്റ്റിക് കൂടുകളും കുപ്പികളും പുന: ചംക്രമണത്തിനായി അതേപടി തന്നെ വാഹനത്തിൽ കയറ്റുന്നതിനും ട്രാൻസ്പോർട്ട് ചെയ്യുന്നതിനും ലാഭകരമായിരിക്കില്ല. ഇതിനായി 5 ലക്ഷം രൂപയിൽ താഴെ മുതൽ മുടക്കിൽ ഒരു ബയലിംഗ് സംവിധാനം എം.ആർ.എഫ് നോട് അനുബന്ധിച്ച് പണിയുന്നത് ഉചിതമാകും. കട്ടികുറഞ്ഞ പ്ലാസ്റ്റിക് വസ്തുക്കൾ, കൂടുകൾ, കുപ്പികൾ മുതലായ ബയലിംഗ് നടത്തി ലോഡ് ചെയ്തെങ്കിൽ മാത്രമേ വലിയ അളവിൽ ചരക്ക് നീക്കം സാധ്യമാകുകയുള്ളൂ.

ഷ്രഡ്ഡിംഗ് സംവിധാനം

കനംകുറഞ്ഞ പ്ലാസ്റ്റിക്കുകൾ ചെറിയ കഷണങ്ങളാക്കി റോഡ് ടാറിംഗിനും മറ്റ് പുന: ചംക്രമണ ആവശ്യങ്ങൾക്കും ഉപയോഗപ്പെടുത്തുന്നതിന് ഷ്രഡ്ഡിംഗ് സംവിധാനം എം.ആർ. എഫ് നോടൊപ്പം ആകാവുന്നതാണ്. കുറഞ്ഞ അളവിൽ മാത്രം പ്ലാസ്റ്റിക് പാഴ് വസ്തുക്കൾ ഉണ്ടാവാനിടയുള്ള പഞ്ചായത്തുകളിൽ ഇതിന്റെ ആവശ്യം ഇല്ല

പഞ്ചായത്തുകൾക്കായി ഓരോ ബ്ലോക്ക് അടിസ്ഥാനത്തിലും നഗരസഭകളിൽ പ്രത്യേകമായും ഷ്രഡ്ഡിംഗ് സംവിധാനം ആകാവുന്നതാണ്. 500,1000, 2000 ചതുരശ്ര.അടി അളവുകളിലുള്ള മെറ്റീരിയൽ റെക്കവറി ഫെസിലിറ്റികളുടെ പ്ലാനും എസ്റ്റിമേറ്റും ശുചിത്വമിഷനിൽ ലഭ്യമാണ്. ഇവയ്ക്ക് 6 ലക്ഷം രൂപ മുതൽ 13 ലക്ഷംരൂപ വരെയാണ് എസ്റ്റിമേറ്റ് തുക. ബെയിലിംഗ് സംവിധാനത്തിന് മറ്റൊരു 4.5 ലക്ഷം രൂപയും ചിലവ് വരും. ഷ്രെഡ്ഡിംഗ് യൂണിറ്റിന് 4.5 ലക്ഷം രൂപയോളം ആവശ്യമാണ്.

പദേശം തേടി പദ്ധതി നിർവ്വഹണം വിജയകരമായി പൂർത്തീകരിക്കാവുന്നതുമാണ്.

9 പദ്ധതി നടത്തിപ്പ് - മോണിറ്ററിംഗ്

വിജയകരമായി നിർവ്വഹണം പൂർത്തീകരിക്കുന്ന ഏതൊരു പദ്ധതിയുടെയും വിജയം അത് കൃത്യമായി മോണിറ്റർ ചെയ്യുന്നതിലാണ്. ബന്ധപ്പെട്ട സാങ്കേതിക സ്ഥാപനങ്ങളുടെയും ഉദ്യോഗസ്ഥരുടെയും നേതൃത്വത്തിൽ എല്ലാ ആഴ്ചയിലും മാസാവസാനവും കൃത്യമായ മോണിറ്ററിംഗ് നടത്തി പദ്ധതി പരാജയത്തിലേക്ക് പോകാതെ പരിപാലിച്ച് മുന്നോട്ട് കൊണ്ട് പോകേണ്ടതാണ്.

ശുചിത്വ മിഷന്റെ ഉൾപ്പടെ മാലിന്യ സംസ്കരണ രംഗത്ത് പ്രവർത്തിക്കുന്ന സ്ഥാപനങ്ങളിലെ വിദഗ്ധരുടെ മേൽ നോട്ടത്തിൽ അതാത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ഭൂപ്രകൃതിക്കും കാലാവസ്ഥയ്ക്കും ജൈവമാലിന്യത്തിന്റെ അവസ്ഥയ്ക്കും അനുയോജ്യമായ ജൈവമാലിന്യ സംസ്കരണ പദ്ധതികൾ ഗാർഹിക-സ്ഥാപന- കമ്മ്യൂണിറ്റി തലങ്ങളിലേക്ക് തെരഞ്ഞെടുക്കുക.

കടപ്പാട്: ശുചിത്വമിഷൻ
ഫോൺ: 0471 - 2316730
0471 - 2319831

പദ്ധതിചെലവ്

തിരുവനന്തപുരം 50 കടന്നു

2017–18 സാമ്പത്തിക വർഷത്തിന്റെ അവസാനപാദം അസ്തമിക്കാൻ നാളുകൾ മാത്രം ബാക്കിനിൽക്കെ പദ്ധതിച്ചെലവ് 100% എത്തിക്കാനുള്ള ഊർജ്ജിതയത്നത്തിലാണ് തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങൾ. ചെലവിനത്തിൽ തിരുവനന്തപുരം ജില്ലയിലെ ഗ്രാമപഞ്ചായത്തുകൾ 2018 ജനുവരി പകുതിയോടെ 50 ശതമാനവും കടന്ന് മറ്റ് ജില്ലകൾക്ക് മാതൃകയായി മാറിയിരിക്കുകയാണ്. കണ്ണൂരും കാസർഗോഡും ഈ കുതിപ്പിൽ തിരുവനന്തപുരത്തിന് പിന്നിലായുണ്ട്.

പദ്ധതിനിർവ്വഹണം ത്വരിതഗതിയിൽ നടപ്പാക്കുന്ന കാര്യത്തിൽ സംസ്ഥാനത്തെ വിവിധ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കിടയിൽ തികച്ചും ആരോഗ്യപരമായ മത്സരസ്വഭാവം രൂപപ്പെട്ടിട്ടുണ്ട്. അതിൽ ഗ്രാമപഞ്ചായത്തുകളിൽ ഒന്നാം സ്ഥാനത്ത് മുട്ടാർ ഗ്രാമപഞ്ചായത്തും (ആലപ്പുഴ) രണ്ടും മൂന്നും സ്ഥാനത്തോടെ യഥാക്രമം ആനിക്കാട്ടും (പത്തനംതിട്ട) തുമ്പമണ്ണും (പത്തനംതിട്ട) വിളങ്ങുന്നു.

ബ്ലോക്ക് പഞ്ചായത്ത് വിഭാഗത്തിലും ആലപ്പുഴ ജില്ലയിലെ അമ്പലപ്പുഴ ബ്ലോക്ക് പഞ്ചായത്ത് മുന്നിലുണ്ട്. ജില്ലാ പഞ്ചായത്ത് തലത്തിൽ വയനാട് ജില്ലയാണ് ഒന്നാം സ്ഥാനത്ത്. മുനിസിപ്പാലിറ്റി തലത്തിൽ മുന്നിലുള്ളത് യഥാക്രമം ആലുവ (എറണാകുളം) ഈരാറ്റുപേട്ട (കോട്ടയം) താനൂർ (മലപ്പുറം) എന്നിവയാണ്. കോർപ്പറേഷനിൽ കൊല്ലം കോർപ്പറേഷനാണ് ഒന്നാമത്.

ഭരണസമിതിയുടെയും ജീവനക്കാരുടെയും ആത്മാർത്ഥവും ആവേശകരവുമായ ഇടപെടലിലൂടെയാണ് ഇവർക്കെല്ലാം സ്തുത്യർഹമായ നേട്ടങ്ങൾ കൈവരിക്കാനായത്.

ഇതാ, മികച്ച പ്രകടനത്തിലൂടെ ശ്രദ്ധേയമായ നേട്ടം കൈവരിച്ച അദ്ധ്യക്ഷന്മാരുടെ പ്രവർത്തനാനുഭവം വായനക്കാരുമായി പങ്കുവയ്ക്കുന്നു.

(പഞ്ചായത്ത് ന്യൂസ് സർവ്വീസസ്)

വിജയത്തിളക്കത്തിന്റെ കർമ്മഗാഥകൾ

'നമസ്തേ വയനാട്'
വയനാട് ജില്ലാ പഞ്ചായത്ത് വിജയ കുതിപ്പിലേക്ക്

ടി. ഉഷാകുമാരി, പ്രസിഡന്റ്

മുൻകാല അനുഭവങ്ങളിൽ നിന്നും പാഠങ്ങൾ ഉൾക്കൊണ്ടുകൊണ്ട് ജയപരാജയങ്ങൾ വിലയിരുത്തി ഭരണസമിതിയുടെയും സ്റ്റാന്റിംഗ് കമ്മിറ്റികളുടെയും ഒപ്പം നിർവ്വഹണ ഉദ്യോഗസ്ഥരുടെയും പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തി പദ്ധതി നിർവ്വഹണം കാര്യക്ഷമമാക്കുന്നതിനുള്ള പ്രവർത്തനങ്ങൾക്കാണ് 2017-18 സാമ്പത്തിക വർഷത്തിൽ തുടക്കം കുറിച്ചത്.

സമയബന്ധിതമായി പ്രശ്നങ്ങൾ കൈകാര്യം ചെയ്യുകയും ന്യൂനതകൾ ഉണ്ടെങ്കിൽ അത് പരിഹരിച്ച് മുന്നോട്ട് പോകുന്നതിനുമാണ് ജില്ലാ പഞ്ചായത്ത് സാമ്പത്തിക വർഷാരംഭത്തിൽ ഊന്നൽ നൽകിയത്. അതനുസരിച്ച് ആസൂത്രണ സമിതിയും സ്റ്റാന്റിംഗ് കമ്മിറ്റികളും വർക്കിംഗ് ഗ്രൂപ്പുകളും യഥാസമയം ചേരുകയും കൂട്ടമറ്റ രീതിയിൽ ഒരു സ്റ്റാറ്റസ് റിപ്പോർട്ട് തയ്യാറാക്കുകയും ചെയ്യുന്ന കാര്യത്തിനായിരുന്നു പ്രഥമ പരിഗണന നൽകിയിരുന്നത്. സ്റ്റാറ്റസ് റിപ്പോർട്ടിനെ അടിസ്ഥാനമാക്കി പ്രോജക്കുകൾ തയ്യാറാക്കുകയും അതിന് 31.05.2017 ന് തന്നെ ഡി.പി.സി അംഗീകാരം നേടിയെടുക്കുകയും ചെയ്തു.

തുടർന്ന് ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മിറ്റിയും ഭരണസമിതിയും ചേരുകയും മുൻഗണനാ ക്രമത്തിൽ പ്രോജക്കുകൾ നടപ്പിലാക്കുന്നതിന് തീരുമാനിക്കുകയും ചെയ്തു. അതനുസരിച്ച് പശ്ചാ

സമയബന്ധിതമായി പ്രശ്നങ്ങൾ കൈകാര്യം ചെയ്യുകയും ന്യൂനതകൾ ഉണ്ടെങ്കിൽ അത് പരിഹരിച്ച് മുന്നോട്ട് പോകുന്നതിനുമാണ് ജില്ലാ പഞ്ചായത്ത് സാമ്പത്തിക വർഷാരംഭത്തിൽ ഊന്നൽ നൽകിയത്.

ത്തല മേഖലയിലുള്ള പ്രോജക്ടുകൾ ഒഴികെ ബാക്കി എല്ലാം ഉടനെ ചെയ്യ തീർക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു. അസംസ്കൃത സാധനങ്ങളുടെ ലഭ്യതക്കുറവും ജി.എസ്.ടി ബാധകമാക്കിയതുകൊണ്ടുള്ള കരാറുകാരുടെ നിസ്സഹകരണവും മൂലം നിർമ്മാണ പ്രവൃത്തികളുമായി ബന്ധപ്പെട്ട പ്രോജക്ടുകളിൽ സമയ ബന്ധിതമായി തുടർ നടപടികൾ സ്വീകരിക്കാൻ സാധ്യമാവാതെ വന്നു. സേവന മേഖലയിലും ഉൽപ്പാദന മേഖലയിലും ഉള്ള പ്രോജക്ടുകളിൽ തുടർനടപടികൾ സ്വീകരിക്കുകയും അതിന് പ്രഥമ പരിഗണന നൽകി നടപ്പിലാക്കുന്നതിന് നിർവ്വഹണ ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകിയതിന്റെയും അടിസ്ഥാനത്തിൽ കൂടുതൽ നേട്ടങ്ങൾ ഉണ്ടാക്കി എടുക്കാൻ സാധിച്ചു. മുൻവർഷത്തെ പദ്ധതി നടത്തിപ്പിലെ പോരായ്മകൾ ചർച്ച ചെയ്തതിൽ നിന്നും പദ്ധതി നിർവ്വഹണത്തിൽ നിർവ്വഹണ ഉദ്യോഗസ്ഥരുടെ ഭാഗത്തു നിന്നും ഉണ്ടായ വീഴ്ചകൾ കണ്ടെത്തുകയും അത് പരിഹരിക്കുന്നതിനായി നിർവ്വഹണ ഉദ്യോഗസ്ഥരുടെ മീറ്റിംഗുകൾ എല്ലാ മാസവും വിളിച്ചു ചേർക്കുകയും നിർവ്വഹണത്തിലെ തടസ്സങ്ങൾ നീക്കുന്നതിനായി യഥാസമയം ഇടപെടുകയും പരിഹാരം നിർദ്ദേശിക്കുകയും ചെയ്തിട്ടുണ്ട്. ജില്ലാതല ഉദ്യോഗസ്ഥരുടെ അഭാവം ഒരു പരിധിവരെ നിർവ്വഹണ പുരോഗതിയെ പ്രതികൂലമായി ബാധിച്ചിരുന്നു. ഇത് പരിഹരിക്കുന്നതിനായി ജില്ലാതല ഉദ്യോഗസ്ഥരുടെ ഒഴിവുകൾ തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രിയുടെയും പ്രിൻസിപ്പൽ സെക്രട്ടറിയുടെയും ശ്രദ്ധയിൽപ്പെടുത്തുകയും പരിഹാരം തേടുകയും ചെയ്തിട്ടുണ്ട്. മിക്കവാറും എല്ലാ ജില്ലാതല ഉദ്യോഗസ്ഥരുടെയും തസ്തിക നികത്തപ്പെട്ടു കഴിഞ്ഞിട്ടുണ്ട്. ഇതും പുരോഗതി കൈവരിക്കുന്നതിൽ ജില്ലാ പഞ്ചായത്തിന് സഹായകരമായിട്ടുണ്ട്.

മുൻ വർഷങ്ങളിൽ അനുവാദം നൽകിയിരുന്നതും നിർവ്വഹണ ഘട്ടത്തിൽ എത്തി നിന്നതുമായ സ്പിൽഓവർ പ്രവൃത്തികൾ നടപ്പിലാക്കുന്നതിനായി നിർവ്വഹണ ഉദ്യോഗസ്ഥർക്ക് കർശന നിർദ്ദേശം നൽകുകയും അത്തരത്തിൽ പൂർത്തിയാക്കാൻ കഴിയാതിരുന്ന 34 പ്രവൃത്തികൾ ഇക്കാലയളവിൽ പൂർത്തീകരിക്കുകയും ചെയ്തു. ഇതും ജില്ലാ പഞ്ചായത്തിന് നേട്ടം കൈവരിക്കാൻ സഹായകരമായി ഭവിച്ചിട്ടുണ്ട്. പദ്ധതി രൂപീകരണത്തിലും നിർവ്വഹണഘട്ടത്തിലും ഉണ്ടായ ന്യൂനതകൾ പരിഹരിക്കുന്നതിനും തടസ്സങ്ങൾ ഒഴിവാക്കി മുന്നോട്ടു കുതിക്കുന്നതിനും ബന്ധപ്പെട്ട വകുപ്പുകളുടെയും നിർവ്വഹണ ഉദ്യോഗസ്ഥരുടെയും സംയുക്ത യോഗങ്ങൾ വിളിച്ചു

ഫണ്ട് വിനിയോഗത്തിൽ മാതൃകാപരമായി മുന്നേറുന്ന തദ്ദേശസ്ഥാപനങ്ങൾ
(2018 ജനുവരി 15 വരെയുള്ള കണക്ക്)

കോർപ്പറേഷനുകൾ–

ക്രമ നം.	തദ്ദേശഭരണ സ്ഥാപനം	ബഡ്ജറ്റ് വിഹിതം	ചെലവ്	ചെലവ് %
1	കൊല്ലം	10151.44	4052.00	39.91
2	കണ്ണൂർ	2696.28	851.00	31.57

മുനിസിപ്പാലിറ്റികൾ

ക്രമ നം.	തദ്ദേശഭരണ സ്ഥാപനം	ജില്ല	ബഡ്ജറ്റ് വിഹിതം	ചെലവ്	ചെലവ്%
1	ആലുവ	എറണാകുളം	404.15	279.00	68.94
2	ഈരാറ്റുപേട്ട	കോട്ടയം	330.36	225.00	68.16
3	താനൂർ	മലപ്പുറം	669.00	444.00	66.36

ജില്ലാ പഞ്ചായത്തുകൾ

ക്രമ നം.	തദ്ദേശഭരണ സ്ഥാപനം	ബഡ്ജറ്റ് വിഹിതം	ചെലവ്	ചെലവ്%
1	വയനാട്	3713.73	1090.00	29.36
2	പത്തനംതിട്ട	3780.00	1011.00	26.75

ബ്ലോക്ക് പഞ്ചായത്തുകൾ

ക്രമ നം.	തദ്ദേശഭരണ സ്ഥാപനം	ജില്ല	ബഡ്ജറ്റ് വിഹിതം	ചെലവ്	ചെലവ് %
1	അമ്പലപ്പുഴ	ആലപ്പുഴ	326.00	253.00	77.64
2	പറവൂർ	എറണാകുളം	367.00	258.00	70.31
3	പെരുങ്കടവിള	തിരുവനന്തപുരം	693.48	447.00	64.48
4	വാമനപുരം	തിരുവനന്തപുരം	882.00	550.00	62.39

ഗ്രാമപഞ്ചായത്തുകൾ

ക്രമ നം.	തദ്ദേശഭരണ സ്ഥാപനം	ജില്ല	ബഡ്ജറ്റ് വിഹിതം	ചെലവ്	ചെലവ് %
1	മുട്ടാർ	ആലപ്പുഴ	118.39	235.00	198.15
2	തുമ്പമൺ	പത്തനംതിട്ട	102.78	191.00	185.56
3	ആനിക്കാട്	പത്തനംതിട്ട	168.87	261.00	154.38
4	വീയപുരം	ആലപ്പുഴ	151.00	220.00	146.24
5	പൂമംഗലം	തൃശ്ശൂർ	147.00	205.00	139.41
6	മുതുവല്ലൂർ	മലപ്പുറം	244.00	332.00	136.01
7	അരിക്കുളം	കോഴിക്കോട്	192.00	255.00	132.78
8.	മൺട്രോതുരുത്ത്	കൊല്ലം	139.00	182.00	130.36

ചേർക്കുകയും ന്യൂനതകൾ പരിഹരിച്ച് മുന്നോട്ട് പോകുന്നതിനു സാധിക്കുകയും ചെയ്തിട്ടുണ്ട്. ഇക്കാര്യത്തിൽ വിദഗ്ദോപദേശം ആവശ്യമുള്ള ഘട്ടത്തിൽ കിലയിലെ ഓഫീസർമാരുമായി ബന്ധപ്പെടുകയും സംശയ നിവാരണം നടത്തുകയും അതുവഴി ഒരളവുവരെ പ്രശ്നപരിഹാരം സാധ്യമാവുകയും ചെയ്തിട്ടുണ്ട്. എല്ലാറ്റിനും ഉപരി ജില്ലാ പഞ്ചായത്ത് മെമ്പർമാർ അവരുടെ ഡിവിഷനിൽ നടത്തപ്പെടുന്ന വികസന പ്രവർത്തനങ്ങളിൽ സജീവമായി ഇടപെടുകയും പദ്ധതി പ്രവർത്തനങ്ങൾ പൂർണ്ണ വിജയത്തിലെത്തിക്കുവാൻ മാതൃകാപരമായ പ്രവർത്തനം കാഴ്ചവെയ്ക്കുകയും ചെയ്തിട്ടുണ്ട്.

ചുരുക്കിപ്പറഞ്ഞാൽ ജില്ലാ പഞ്ചായത്ത് ഭരണസമിതിയംഗങ്ങൾ, നിർവ്വഹണ ഉദ്യോഗസ്ഥർ, സ്റ്റാന്റിംഗ് കമ്മിറ്റികൾ, വർക്കിംഗ് ഗ്രൂപ്പുകൾ, ജില്ലാ പഞ്ചായത്തിലെ ഉദ്യോഗസ്ഥർ എന്നിവരുടെ ഒരു കൂട്ടായ ആത്മാർത്ഥമായ പ്രവർത്തനത്തിന്റെ ഭാഗമായിട്ടാണ് വയനാട് ജില്ലാ പഞ്ചായത്തിന് മികച്ച ഒരു പ്രവർത്തനം കാഴ്ചവെയ്ക്കാൻ സാധ്യമായിട്ടുള്ളത്.

ഇതിനെല്ലാം നേതൃത്വം നൽകി എന്നോടൊപ്പം വൈസ് പ്രസിഡന്റ് പി.കെ. അസ്മത്തും സെക്രട്ടറി വി.സി. രാജപ്പനും സദാ ജാഗരൂകരായി കർമ്മനിരതരായി പ്രവൃത്തിക്കുന്നുണ്ട്. പുരോഗതി നിലനിർത്തുന്നതിനും 100 % വിജയത്തിലെത്തിക്കുന്നതിനും അക്ഷീണം പ്രയത്നിക്കുന്നതും അതിന് സംസ്ഥാനതലത്തിലും സ്റ്റേറ്റ് പ്ലാനിംഗ് ബോർഡിലും നിന്നുള്ള ഉന്നത ഉദ്യോഗസ്ഥരുടെയും തദ്ദേശസ്വയംഭരണ വകുപ്പിന്റേയും പൂർണ്ണ സഹകരണം പ്രതീക്ഷിക്കുന്നു.

കൊല്ലം കോർപ്പറേഷൻ

ഒരുമയുടെ വിജയം

അഡ്വ. വി. രാജേന്ദ്രബാബു, മേയർ

2017-2018 വാർഷിക പദ്ധതിയ്ക്കായി കൊല്ലം മുനിസിപ്പൽ കോർപ്പറേഷന് 101.51 കോടി രൂപയാണ് ബഡ്ജറ്റ് വിഹിതമായി ലഭിച്ചിട്ടുള്ളത്. ഇതിൽ നാളിതുവരെയായി 39.28 കോടിരൂപയാണ് ചെലവഴിച്ചിട്ടുള്ളത്. 16.02 കോടി രൂപയുടെ ബില്ലുകൾകൂടി ട്രഷറിയിൽ സമർപ്പിച്ചിട്ടുണ്ട്. കൂടാതെ ബജറ്റ് പ്രകാരമുള്ള ധനകാര്യ കമ്മീഷൻ ഗ്രാന്റ് മുഴുവനും ലഭിക്കാത്തതിനാൽ 6.44 കോടി രൂപയുടെ ബില്ലുകൾ പെന്റിംഗാണ്.

സർക്കാർ നിർദ്ദേശിച്ച ദിവസംതന്നെ പദ്ധതി സമർപ്പിച്ചുകൊണ്ട് ജില്ലാ ആസൂത്രണ സമിതിയുടെ അംഗീകാരം യഥാസമയം നേടിക്കൊണ്ടാണ് കൊല്ലം കോർപ്പറേഷൻ പദ്ധതി പ്രവർത്തനം ആരംഭിച്ചത്. കോർപ്പറേഷനുകളുടെ പട്ടികയിൽ ഒന്നാമതായാണ് ഡി.പി.സി. അംഗീകാരം നേടിയിട്ടുള്ളത്. ഗുണഭോക്തൃ ലിസ്റ്റ് യഥാസമയം തയ്യാറാക്കി കൗൺസിൽ അംഗീകാരംനേടി നിർവ്വഹണ ഉദ്യോഗസ്ഥന്മാർക്ക് കൈമാറിയതുമൂലം പദ്ധതി നിർവ്വഹണം ത്വരിതഗതിയിലായിട്ടുണ്ട്.

കോർപ്പറേഷൻ കൗൺസിലിന്റെ പൂർണ്ണസഹകരണവും ഇടപെടലും പദ്ധതി ചെലവ് വർദ്ധിപ്പിക്കാൻ സഹായകമായി. മേയർ, ഡെപ്യൂട്ടി മേയർ, സ്റ്റാന്റിംഗ് കമ്മറ്റി ചെയർമാൻമാർ, കോർപ്പറേഷൻ സെക്രട്ടറി എന്നിവരുടെ നേതൃത്വത്തിൽ മാസംതോറും നിർവ്വഹണ ഉദ്യോഗസ്ഥരുടെ അവലോകനയോഗം വിളിച്ച് നിർവ്വഹണത്തിൽ തടസ്സങ്ങളുണ്ടാകുന്ന വിഷയങ്ങൾ വിശദമായി ചർച്ചചെയ്ത് അവ പരിഹരിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഘടക സ്ഥാപനങ്ങളിലെ ഉദ്യോഗസ്ഥർക്കാവശ്യമായ ഭൗതികസാഹചര്യം ഒരുക്കുകയും നിർവ്വഹണത്തിനാവശ്യമായ സ്റ്റേഷനറികൾ യഥാസമയം വിതരണം നടത്തുകയും ചെയ്തിട്ടുണ്ട്.

വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാനും അംഗങ്ങളും പദ്ധതി ചെലവ് ത്വരിതപ്പെടുത്തുന്നതിന് ഉതകുന്ന പല നടപടികളും യഥാസമയം കൈകൊണ്ടിട്ടുണ്ട്. കൊല്ലം കോർപ്പറേഷൻ അധികാരികളും നിർവ്വഹണ ഉദ്യോഗസ്ഥരും കോർപ്പറേഷൻ എഞ്ചിനീയറിംഗ് വിഭാഗവും തമ്മിൽ ശരിയായ ആശയവിനിമയം നടത്തുകവഴി പദ്ധതി നിർവ്വഹണം തടസ്സം കൂടാതെ നടത്തുവാൻ കഴിയുന്നു.

കൊല്ലം കോർപ്പറേഷനിലെ പദ്ധതി പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെയും ഘടകസ്ഥാപനങ്ങളിലെ ജീവനക്കാരുടെയും ഒറ്റക്കെട്ടായ പ്രവർത്തനങ്ങളും പദ്ധതി ചെലവ് വർദ്ധിപ്പിക്കുന്നതിന് കാരണമായിട്ടുണ്ട്.

എല്ലാറ്റിനും ഉപരി ജില്ലാ പഞ്ചായത്ത് മെമ്പർമാർ അവരുടെ ഡിവിഷനിൽ നടത്തപ്പെടുന്ന വികസന പ്രവർത്തനങ്ങളിൽ സജീവമായി ഇടപെടുകയും പദ്ധതി പ്രവർത്തനങ്ങൾ പൂർണ്ണ വിജയത്തിലെത്തിക്കുവാൻ മാതൃകാപരമായ പ്രവർത്തനം കാഴ്ചവെയ്ക്കുകയും ചെയ്തിട്ടുണ്ട്

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതി ചെലവ് (2018 ജനുവരി 15 വരെ)



പെരുങ്കടവിള ബ്ലോക്ക്

ഐക്യം വിജയത്തിനാധാരം

പി. സുജാതകുമാരി, പ്രസിഡന്റ്

കേരളത്തിന്റെ തെക്കേ അറ്റത്ത് തിരുവനന്തപുരം ജില്ലയിൽ 8 ഗ്രാമപഞ്ചായത്തുകൾ ഉൾപ്പെടുന്നതാണ് പെരുങ്കടവിള ബ്ലോക്ക് പഞ്ചായത്ത്. പദ്ധതി ആസൂത്രണത്തിലും നിർവ്വഹണത്തിലും ദീർഘവീക്ഷണത്തോടെ പുതിയ രീതികൾ ആവിഷ്കരിച്ചതും ബ്ലോക്ക് പഞ്ചായത്ത് ഭരണസമിതിയുടെയും നിർവ്വഹണ ഉദ്യോഗസ്ഥരുടെയും കഠിനമായ പരിശ്രമവും 2017-18 വാർഷിക പദ്ധതിയുടെ നിർവ്വഹണത്തിൽ പെരുങ്കടവിള ബ്ലോക്ക് പഞ്ചായത്തിനെ സംസ്ഥാനതലത്തിൽ മുൻനിരയിലെത്തിച്ചിരിക്കുകയാണ്. 2017-18 വാർഷിക പദ്ധതിയുടെ ആസൂത്രണം മുതൽ നിർവ്വഹണം വരെയുള്ള വിവിധ ഘട്ടങ്ങളെ കൃത്യമായി മോണിറ്റർ ചെയ്ത് നടപ്പാക്കുന്ന ബ്ലോക്ക് പഞ്ചായത്ത് ഭരണസമിതിയുടെയും ഉദ്യോഗസ്ഥരുടെയും സേവനം വിലമതിക്കാനാവാത്തതാണ്.

കാർഷിക മേഖലയ്ക്കും മണ്ണ് - ജല സംരക്ഷണത്തിനും മുൻഗണന നൽകിയ പദ്ധതി രൂപീകരണത്തിൽ വനിത, ശിശു, വയോജന, ഭിന്നശേഷിയുള്ളവർക്കും അർഹമായ പരിഗണന നൽകിയിട്ടുണ്ട്. ഊർജ്ജ സംരക്ഷണത്തിന്റെ ഭാഗമായി വെള്ളറട, പെരുങ്കടവിള എന്നിവിടങ്ങളിലെ സാമൂഹ്യാരോഗ്യ കേന്ദ്രങ്ങളിലും ബ്ലോക്ക് പഞ്ചായത്ത് കാര്യാലയത്തിലും സോളാർ പാനൽ സ്ഥാപിച്ച് വൈദ്യുതോല്പാദനം നടത്തുന്ന പ്രവൃത്തി പൂർത്തിയായി വരുന്നു.

പെരുങ്കടവിള ബ്ലോക്ക് പഞ്ചായത്ത് പ്രദേശം പ്ലാസ്റ്റിക് മുക്തമേഖലയാക്കുക എന്ന ലക്ഷ്യത്തോടെ ഗ്രാമപഞ്ചായത്തുകളിലും ബ്ലോക്ക് പഞ്ചായത്ത് ഓഫീസ് പരിസരത്തും പ്ലാസ്റ്റിക് സംഭരണ കേന്ദ്രങ്ങളും പ്ലാസ്റ്റിക് ഷ്രെഡിംഗ് &ബെയിലിംഗ് മെഷീനുകളും സ്ഥാപിക്കുന്നതിനും 2017-18 വാർഷിക പദ്ധതിയിൽ തുക വകയിരുത്തിയിട്ടുണ്ട്. തെറ്റിദ്ധാരണമൂലം മിക്ക ഗ്രാമപഞ്ചായത്തുകളിലും ജനങ്ങളുടെ പ്രതിഷേധം ഉണ്ടെങ്കിലും ബ്ലോക്ക് പഞ്ചായത്ത് ഭരണസമിതിയുടെ ഇച്ഛാശക്തിയും നയപരമായ ഇടപെടലും മൂലം ഭൂരിഭാഗം കേന്ദ്രങ്ങളുടെയും പണി പുരോഗമിക്കുകയാണ്.

ബ്ലോക്ക് പഞ്ചായത്തിൽ നിന്നും വിവിധ സ്കീമുകളിലായി ഭവന നിർമ്മാണം പൂർത്തിയാക്കിയ 700 ഗുണഭോക്താക്കൾക്ക് കിണർ റീചാർജ്ജ് ചെയ്യുന്നതിനും ബ്ലോക്ക് പഞ്ചായത്ത് പരിധിയിലെ വിവിധ പ്രദേശങ്ങളിലെ 18 നീരുറവകൾ സംരക്ഷിക്കുന്നതിനുള്ള പ്രോജക്ടുകൾ ഉൾപ്പെടുത്തി പെരുങ്കടവിള ബ്ലോക്ക് പഞ്ചായത്ത് ജലസംരക്ഷണത്തിന് മാതൃക കാട്ടുന്നു. ഗ്രാമപഞ്ചായത്തുമായി ചേർന്ന് സംയുക്ത പദ്ധതികൾ നടപ്പിലാക്കുന്നതിന് മുൻഗണന നൽകുകയും ഗ്രാമപഞ്ചായത്തുകൾ പൂർണ്ണമായി സഹകരിച്ചതും പദ്ധതി ആസൂത്രണ, നിർവ്വഹണഘട്ടങ്ങൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതിൽ ബ്ലോക്ക് പഞ്ചായത്ത് സമിതിയുടെ പൂർണ്ണമായ സഹകരണം ഉണ്ടായതുമാണ് വളരെ വേഗം ലക്ഷ്യം കൈവരിക്കുന്നതിന് കഴിഞ്ഞത്.

ഗ്രാമപഞ്ചായത്തുമായി ചേർന്ന് സംയുക്ത പദ്ധതികൾ നടപ്പിലാക്കുന്നതിന് മുൻഗണന നൽകുകയും ഗ്രാമപഞ്ചായത്തുകൾ പൂർണ്ണമായി സഹകരിച്ചതും പദ്ധതി ആസൂത്രണ, നിർവ്വഹണഘട്ടങ്ങൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതിൽ ബ്ലോക്ക് പഞ്ചായത്ത് സമിതിയുടെ പൂർണ്ണമായ സഹകരണം ഉണ്ടായതാണ് വളരെ വേഗം ലക്ഷ്യം കൈവരിക്കുന്നതിന് കഴിഞ്ഞത്.

മുട്ടാർ ഗ്രാമപഞ്ചായത്ത്

തീക്ഷ്ണപ്രയത്നം വിജയം കണ്ടു

മാത്തുകുട്ടി ഈഘൻ, പ്രസിഡന്റ്

പദ്ധതി ചെലവ് 100 ശതമാനം കൈവരിക്കുക എന്ന ലക്ഷ്യം സാക്ഷാത്കരിക്കുന്നതിന് പഞ്ചായത്ത് ഭരണസമിതിയും ജീവനക്കാരും ഒരു മനസ്സോടെയാണ് പ്രവർത്തിക്കുന്നത്.

മുട്ടാർ ഗ്രാമപഞ്ചായത്ത് പദ്ധതി സമയബന്ധിതമായി വർക്കിംഗ് ഗ്രൂപ്പുകൾ കൂടി നിർദ്ദേശങ്ങൾ ക്രോഡീകരിച്ച് വികസന സെമിനാർ നടത്തുകയും പദ്ധതികൾ ജില്ലാ ആസൂത്രണ സമിതിക്ക് സമർപ്പിച്ച് ആദ്യഘട്ടത്തിൽതന്നെ അനുമതി നേടുകയും ചെയ്തു. അതിനുശേഷം നിർവ്വഹണ ഉദ്യോഗസ്ഥരുടെ യോഗം വിളിച്ചുകൂട്ടുകയും ഭരണസമിതിയും സെക്രട്ടറിയും ആവശ്യമായ നിർദ്ദേശം നല്കുകയും പദ്ധതി നിർവ്വഹണം ആരംഭിക്കുകയും ചെയ്തു. അതുപോലെ ഗ്രാമസഭ കഴിഞ്ഞ ഉടൻ തന്നെ നിർവ്വഹണ ഉദ്യോഗസ്ഥരുടെ യോഗം വിളിച്ച് ഗുണഭോക്തൃ ലിസ്റ്റ് നല്കുകയും കൃത്യമായ ഇടവേളകളിൽ നിർവ്വഹണ ഉദ്യോഗസ്ഥരുടെയും കരാറുകാരുടെയും യോഗം വിളിച്ചുകൂട്ടി ആവശ്യമായ നിർദ്ദേശങ്ങൾ നല്കി അവരുടെ സഹകരണം ഉറപ്പു വരുത്തുകയും ചെയ്തു.

മുട്ടാർ ഗ്രാമപഞ്ചായത്തിൽ 2017-18 സാമ്പത്തിക വർഷം ഉണ്ടായിരുന്ന സ്പിൽ ഓവർ പ്രോജക്ടുകൾ ഏറെക്കുറെ പൂർത്തീകരിച്ചിട്ടുണ്ട്. അധിക ധനസഹായമായി അനുവദിച്ച ലോകബാങ്ക് ഫണ്ട് താരതമ്യേന അവികസിതവും സാമ്പത്തികവുമായി പിന്നോക്കം നില്ക്കുന്ന മുട്ടാർ ഗ്രാമപഞ്ചായത്തിലെ രണ്ട് പ്രധാന സ്ഥലങ്ങളെ ബന്ധിപ്പിക്കുന്ന റോഡായ ശ്മശാനം ബണ്ട് റോഡിന്റെയും പാലത്തിന്റെയും നിർമ്മാണത്തിനും കൃഷിഭവൻ നിർമ്മാണത്തിനും വകയിരുത്തി. പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് സത്വരനടപടികൾ സ്വീകരിക്കുകയും തുക ചെലവഴിച്ചിട്ടുള്ളതുമാകുന്നു. 2017 ഡിസംബർ 31 ന് മുമ്പായി ഡെപ്പോസിറ്റ് വർക്കുകൾ പൂർത്തീകരിക്കുന്നതിന് ശ്രമിക്കുകയും ലഭ്യമായ ധനകാര്യ കമ്മീഷൻ ഗ്രാന്റ് തുകയ്ക്ക് മുഴുവൻ ബില്ല് സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. പദ്ധതി നിർവ്വഹണത്തിൽ നിർവ്വഹണ ഉദ്യോഗസ്ഥർ കാര്യക്ഷമമായി പ്രവർത്തിക്കുന്നതിനോടൊപ്പം പദ്ധതി തയ്യാറാക്കുന്നതിലും നിർവ്വഹണത്തിലും വികസനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി ചെയർമാന്റെ കൃത്യമായ ഇടപെടലും അതോടൊപ്പം മറ്റ ഭരണസമിതി അംഗങ്ങളുടെ സഹകരണവും പദ്ധതി ചെലവ് ഉയരുന്നതിന് കാരണമായിട്ടുണ്ട്. പദ്ധതി ചെലവ് 100 ശതമാനം കൈവരിക്കുക എന്ന ലക്ഷ്യം സാക്ഷാത്കരിക്കുന്നതിന് പഞ്ചായത്ത് ഭരണസമിതിയും ജീവനക്കാരും ഒരു മനസ്സോടെയാണ് പ്രവർത്തിക്കുന്നത്.

വിയപുരം ഗ്രാമപഞ്ചായത്ത്

കൂട്ടായ്മയിൽ വിടർന്ന വികസനം

പ്രസാദ് കുമാർ എൻ, പ്രസിഡന്റ്

പ്രവൃത്തികൾക്ക് കൃത്യമായ ഒരു നിർവഹണ കലണ്ടർ തയ്യാറാക്കുകയുണ്ടായി. ജനപ്രതിനിധികൾ, ഉദ്യോഗസ്ഥർ, ആസൂത്രണ സമിതി അംഗങ്ങൾ എന്നിവരുടെ കൂട്ടായ്മയാണ് ഇത് സാധ്യമാക്കിയത്.

ആലപ്പുഴ ജില്ലയിലെ കാർത്തികപ്പള്ളി താലൂക്കിൽ ഉൾപ്പെട്ട വീയപുരം ഗ്രാമ പഞ്ചായത്ത് വർഷങ്ങളായി പദ്ധതി നിർവ്വഹണത്തിലും ജനക്ഷേമ പ്രവർത്തനങ്ങളിലും ഊന്നൽ നൽകി പ്രവൃത്തിക്കുന്ന പഞ്ചായത്താണ്. നിരവധി തവണ സ്വരാജ് ട്രോഫി നേടിയിട്ടുണ്ട്. 2015-16 വർഷത്തിൽ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിക്ക് ഗ്രാമ പഞ്ചായത്തടിസ്ഥാനത്തിൽ ദേശീയതലത്തിൽ ഒന്നാം സ്ഥാനവും ലഭിച്ചിട്ടുണ്ട്. ഈ വർഷവും പദ്ധതി നിർവഹണത്തിലും നികുതി പിരിവിലും സംസ്ഥാനത്ത് തന്നെ ഏറ്റവും മുൻനിരയിലുമാണ്. ലഭ്യമായ ഫണ്ടുകൾ വിശദമായ വർക്കിംഗ് ഗ്രൂപ്പുകളിലും മറ്റ ഗ്രാമസഭകളിലും ചർച്ചചെയ്ത് പൂർണ്ണമായും പ്രായോഗികമായ പദ്ധതിക്കാണ് രൂപം നൽകിയത്. 2017-18 വർഷം കൃത്യസമയത്തുതന്നെ പദ്ധതിക്ക് ജില്ലാ ആസൂത്രണ സമിതി അംഗീകാരം നേടുകയുണ്ടായി. പ്രവൃത്തികൾക്ക് കൃത്യമായ ഒരു നിർവഹണ കലണ്ടർ തയ്യാറാക്കുകയുണ്ടായി. ജനപ്രതിനിധികൾ, ഉദ്യോഗസ്ഥർ, ആസൂത്രണ സമിതി

അംഗങ്ങൾ എന്നിവരുടെ കൂട്ടായ്മയാണ് ഇത് സാധ്യമാക്കിയത്. മെച്ചപ്പെട്ട മുൻകാല പ്രവർത്തന അനുഭവങ്ങൾ ഇപ്രകാരം കൃത്യമായി ആസൂത്രണം ചെയ്യുന്നതിന് സഹായകരമായി.

കുട്ടനാടിന്റെ തനത് കാലാവസ്ഥാ പ്രശ്നങ്ങളായ വെള്ളപ്പൊക്കം, കൃഷിനാശങ്ങൾ എന്നിവയെ അതിജീവിച്ച് ഒരു നിർവ്വഹണ കലണ്ടർ തയ്യാറാക്കുക എന്നത് ഏറെ ക്ലേശകരമായിരുന്നു. ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുവാനുള്ള ഗ്രാമസഭകൾ ഭംഗിയായി പൂർത്തീകരിച്ച് നിർവ്വഹണഉദ്യോഗസ്ഥൻമാർക്ക് ഗുണഭോക്തൃ ലിസ്റ്റ് സമയബന്ധിതമായിത്തന്നെ കൈമാറി. ഗുണഭോക്താക്കളെക്കൊണ്ട് കൃത്യമായി എഗ്രിമെന്റ് വെയ്പ്പിക്കുന്നതിനും മരാമത്ത് പ്രവൃത്തികൾ ടെണ്ടർ ചെയ്യിക്കുന്നതിനും പഞ്ചായത്ത് സമിതി പ്രത്യേക നിഷ്ക്കർഷ പുലർത്തി.

കാർഷിക മേഖലയ്ക്ക് പ്രാധാന്യമുള്ള പ്രദേശമാകയാൽ കൃഷി അനുബന്ധ മേഖലകൾക്കാണ് പ്രാമുഖ്യം നൽകിയത്. 2017 ജൂൺ, ജൂലൈ മാസങ്ങളിലെ വെള്ളപ്പൊക്കത്തിൽ കൃഷിയിടങ്ങൾ ആകെ മുങ്ങി വിളനാശം സംഭവിച്ചുവെങ്കിലും ആഗസ്റ്റ്, സെപ്റ്റംബർ മാസങ്ങളിൽ വീണ്ടും കൃഷിയിറക്കി ഈ മേഖലയ്ക്ക് വേണ്ടി നീക്കിവച്ചിരുന്ന തുക ഏകദേശം പൂർണ്ണമായും ചെലവഴിക്കുവാൻ കഴിഞ്ഞു.

ഭരണസമിതി യോഗങ്ങളിൽ പ്രധാന ചർച്ചാ വിഷയം പദ്ധതി വിലയിരുത്തലും നിർവഹണവുമാണ്. എല്ലാ മാസവും കൃത്യമായി നിർവഹണ ഉദ്യോഗസ്ഥരുടെ അവലോകനവും നടത്തുന്നു. അതാത് വാർഡുകളിൽ ഏറ്റെടുത്തിരിക്കുന്ന ക്ഷേമ വികസന പ്രവർത്തനങ്ങൾക്ക് മേൽനോട്ടവും ദിശാബോധവും നൽകുന്നതിൽ പഞ്ചായത്ത് അംഗങ്ങളുടെ സേവനം സ്തുത്യർഹമാണ്.

തുമ്പമൺ ഗ്രാമപഞ്ചായത്ത്
ഒരുമയിൽനിന്ന് ഉയർച്ച
സഖറിയ വർഗീസ്, പ്രസിഡന്റ്

തുമ്പമൺ ഗ്രാമപഞ്ചായത്തിൽ പദ്ധതി നിർവ്വഹണത്തിൽ ഓരോ തൈമാസത്തിലും ലക്ഷ്യമിട്ട തിലുപരിയായി ചെലവ് എത്തിക്കാനായത് താഴെപറയുന്ന സമീപനം പദ്ധതി നിർവ്വഹണത്തിൽ അനുവർത്തിക്കാൻ കഴിഞ്ഞതിലൂടെയാണ്.

ചെറിയ തുകകൾ വകയിരുത്തിയുള്ള പ്രോജക്ടുകൾ ഒഴിവാക്കിയും പ്രോജക്ടുകളുടെ എണ്ണം കുറച്ചും ഗുണനിലവാരമുള്ള വലിയ പ്രോജക്ടുകൾ ഏറ്റെടുത്ത് നടപ്പിലാക്കി. കൃത്യമായ ഇടവേളകളിൽ നിർവ്വഹണ ഉദ്യോഗസ്ഥരുടെ യോഗം വിളിച്ചുചേർത്തും ഗ്രാമപഞ്ചായത്ത് യോഗങ്ങളിൽ മാസത്തിൽ ഒരു പ്രാവശ്യം നിർവ്വഹണ ഉദ്യോഗസ്ഥരെ പങ്കെടുപ്പിച്ച് പദ്ധതി നിർവ്വഹണ അജണ്ട ചർച്ച ചെയ്തും പ്രോജക്ടിന്റെ നടത്തിപ്പിലുള്ള അപാകതകൾ പരിഹരിക്കാൻ സാധിച്ചു. ഗുണഭോക്തൃ പ്രോജക്ടുകൾ 17 എണ്ണത്തിൽ 10 എണ്ണത്തിന്റെയും ഗുണഭോക്താക്കൾ കുടുംബശ്രീ ഗ്രൂപ്പുകൾ, ലേബർ ഗ്രൂപ്പുകൾ എന്നിവ മുഖേനയുള്ളതായതിനാൽ ഗുണഭോക്തൃ തെരഞ്ഞെടുപ്പ് ലളിതമായി നടത്താൻ കഴിഞ്ഞു.

ഭിന്നശേഷിയുള്ളവരുടെ ഗ്രാമപഞ്ചായത്തുതല സർവ്വേ വികലാംഗ ക്ഷേമബോർഡ് മുഖേന നടപ്പിലാക്കിയിട്ടുള്ളതിനാൽ ഇത്തരത്തിലുള്ള എല്ലാ അംഗങ്ങളെയും ഉൾക്കൊള്ളിക്കുന്നതിനും ഗുണഭോക്താക്കളെ കണ്ടെത്തുന്നതിനും സഹായകമായി. സൂചിക സോഫ്റ്റ്വെയർ മുഖേനയുള്ള ഫയൽ നീക്കം, ഘടകസ്ഥാപനങ്ങളുമായുള്ള ആശയവിനിമയത്തിൽ പൂർണ്ണമായും വിവരസാങ്കേതികവിദ്യയുടെ ഉപയോഗം എന്നിവ പ്രയോജനപ്പെടുത്തുന്നതിനാൽ ഇത്തരത്തിലുള്ള കാലതാമസം ഒഴിവാക്കാൻ കഴിയുന്നു.

ഉദ്യോഗസ്ഥരെ സമ്മർദ്ദത്തിലാക്കാതെയുള്ള ഭരണസമിതിയുടെ സമീപനം ഗ്രാമപഞ്ചായത്തിന്റെ പ്രവർത്തനത്തെ ത്വരിതപ്പെടുത്താൻ സഹായിക്കുന്നു. നടപ്പിലാക്കിയ പദ്ധതികളിൽ വരുന്ന സേവിംഗ്സ് തുക വകയിരുത്തി പുതിയ പ്രോജക്ടുകൾ ഏറ്റെടുത്തും നടപ്പിലാക്കി വരുമ്പോൾ ഏതെങ്കിലും തരത്തിലുള്ള തടസ്സം ഉണ്ടാകുന്ന പ്രോജക്ടുകൾക്ക് ഭേദഗതി വരുത്തിയും സമയബന്ധിതമായി ഡി. പി. സി അംഗീകാരം നേടി പ്രോജക്ടുകൾ നടപ്പാക്കുന്നതിനാലുമാണ് തുമ്പമൺ ഗ്രാമപഞ്ചായത്തിന് ചെലവ് ശതമാനത്തിൽ വർദ്ധനവ് കൈവരുത്താൻ കഴിഞ്ഞിട്ടുള്ളത്.

ഭരണസമിതി, ജീവനക്കാർ, നിർവ്വഹണ ഉദ്യോഗസ്ഥർ എന്നിവരുടെ പരസ്പരസ്നേഹത്തോടെയുള്ള കൂട്ടായ പ്രവർത്തനമാണ് ഈ അഭിമാനാർഹമായ നേട്ടങ്ങൾക്ക് പിന്നിലുള്ളത്.

ഉദ്യോഗസ്ഥരെ സമ്മർദ്ദത്തിലാക്കാതെയുള്ള ഭരണസമിതിയുടെ സമീപനം ഗ്രാമപഞ്ചായത്തിന്റെ പ്രവർത്തനത്തെ ത്വരിതപ്പെടുത്താൻ സഹായിക്കുന്നു.

കില ന്യൂസ്

അയ്യങ്കാളി തൊഴിലുറപ്പുപദ്ധതി ഊർജിതമാക്കാൻ സർക്കാർ നടപടി

നഗരപ്രദേശത്ത് കായികാദ്ധ്വാനത്തിനു തയ്യാറുള്ളവർക്കു തൊഴിൽ ഉറപ്പാക്കുന്ന അയ്യങ്കാളി തൊഴിലുറപ്പുപദ്ധതി കൂടുതൽ കാര്യക്ഷമമാക്കി നടപ്പാക്കാൻ സംസ്ഥാന സർക്കാർ തീരുമാനിച്ചു. ഇതിനായി അയ്യങ്കാളി നഗര തൊഴിലുറപ്പുപദ്ധതിയുടെ സംസ്ഥാന കൗൺസിൽ പുനസ്സംഘടിപ്പിക്കുകയും പ്രവർത്തന മാർഗ്ഗരേഖ നിർദ്ദേശങ്ങൾ പരിഷ്ക്കരിക്കുകയും ചെയ്തു.പുതിയ മാർഗ്ഗരേഖ പ്രകാരം പ്രകൃതി വിഭവ പരിപാലനം, അവശതയനുഭവിക്കുന്നവർക്കുള്ള വ്യക്തിഗത ആസ്തികൾ, വരൾച്ചാപ്രതിരോധം, ശുചിത്വം, ഭവനികസനം, ജലസംരക്ഷണം, കുടിവെള്ളം, കെട്ടിടനിർമ്മാണം തുടങ്ങിയ മേഖലകളിലെ പ്രവൃത്തികൾ നഗരസഭകൾക്കേറ്റെടുക്കാം.

ഈ പദ്ധതിക്കു ഊർജം പകരാനായി വിവിധ നഗരസഭകളിൽനിന്നുള്ള ജനപ്രതിനിധികൾക്കും ഉദ്യോഗസ്ഥർക്കും കിലയിൽ ആരംഭിച്ച പരിശീലനപരിപാടി അയ്യങ്കാളി പദ്ധതിയുടെ സംസ്ഥാന കൗൺസിൽ അംഗം എസ്.രാജേന്ദ്രൻ ഉദ്ഘാടനം ചെയ്തു.



അയ്യങ്കാളി തൊഴിലുറപ്പുപദ്ധതിയുമായി ബന്ധപ്പെട്ട് നഗരസഭകളിലെ ജനപ്രതിനിധികൾക്കും ഉദ്യോഗസ്ഥർക്കും കിലയിൽ സംഘടിപ്പിച്ച പരിശീലനപരിപാടി.

കാലാവസ്ഥാവ്യതിയാനത്താൽ നാശം കേരളത്തിന്

കാലാവസ്ഥാവ്യതിയാനം മൂലം കൂടുതൽ നാശം സംഭവിക്കുന്നതു കേരളത്തിലായിരിക്കുമെന്നു മുൻ ചീഫ് സെക്രട്ടറി എസ്. എം.വിജയാനന്ദ്. ചെലവു കുറഞ്ഞ-പ്രകൃതി സൗഹൃദ വീടുനിർമ്മാണത്തെക്കുറിച്ച് കിലയിൽ സംഘടിപ്പിച്ച ഏകദിന ശില്പശാലയിൽ മുഖ്യപ്രഭാഷണം നടത്തുകയായിരുന്നു അദ്ദേഹം. പരിസ്ഥിതിയിലുണ്ടാകുന്ന ദോഷങ്ങളാണ് കാലാവസ്ഥാവ്യതിയാനത്തിന്റെ മുഖ്യകാരണം. പരിസ്ഥിതിക്കു നാശം സംഭവിച്ചാൽ പാവപ്പെട്ടവരെയാണ് ആദ്യം ബാധിക്കുക. സൈലന്റ് വാലി പദ്ധതി വേണമെന്നാവശ്യപ്പെട്ടവർ പിന്നീടതു തിരുത്തി പരിസ്ഥിതി സംരക്ഷകരായ കാര്യം വിസ്മരിക്കരുത്. പക്ഷേ ജനങ്ങളുടെ പരിസ്ഥിതി ബോധം കുറഞ്ഞു വരികയാണ്. വികസനം വേണോ പരിസ്ഥിതി വേണോയെന്ന ചർച്ച ചെയ്യേണ്ട സമയമായിരിക്കുന്നു. വനം നശീകരണം ഇപ്പോൾ കുറഞ്ഞിട്ടുണ്ട്. കെട്ടിടനിർമ്മാണത്തിൽ മാത്രം ഒതുങ്ങുന്നതല്ല ലൈഫ് മിഷനെന്നും അദ്ദേഹം പറഞ്ഞു.

ചെലവു കുറഞ്ഞ-പ്രകൃതി സൗഹൃദ വീടുനിർമ്മാണത്തെക്കുറിച്ച് കിലയിൽ സംഘടിപ്പിച്ച ഏകദിന ശില്പശാലയിൽ മുൻ ചീഫ് സെക്രട്ടറി എസ്.എം.വിജയാനന്ദ് മുഖ്യപ്രഭാഷണം നടത്തുന്നു

കോസ്റ്റ്ഫോഡ് എക്സിക്യൂട്ടീവ് ഡയറക്ടർ ടി.ആർ. ചന്ദ്രദത്ത് ആമുഖാവതരണം നടത്തി. കില പ്രൊഫ.ഡോ. സണ്ണി ജോർജ് അദ്ധ്യക്ഷത വഹിച്ചു. ലൈഫ് പദ്ധതികളുടെ നിർമ്മാണത്തെക്കുറിച്ച് സി. ചന്ദ്രബാബുവും ഹരിതനിർമ്മാണ രീതികളെപ്പറ്റി കെ.ജി. ദേവപ്രിയനും സംസാരിച്ചു.

കോളേജ് വിദ്യാർത്ഥികൾക്കു കിലയിൽ സർട്ടിഫിക്കറ്റ് കോഴ്സ്

പ്രാദേശികഭരണത്തെക്കുറിച്ച് കോളേജ് വിദ്യാർത്ഥികൾക്കുള്ള ആറാഴ്ച നീണ്ടുനിൽക്കുന്ന സർട്ടിഫിക്കറ്റ് കോഴ്സ് കിലയിൽ ആരംഭിച്ചു. തൃശ്ശൂർ വിമല കോളേജിൽനിന്നുള്ള 70 പേരാണ് ആദ്യ ബാച്ചിൽ പങ്കെടുത്തത്. ബിരുദത്തിനും ബിരുദാനന്തര ബിരുദത്തിനും പഠിക്കുന്ന വിദ്യാർത്ഥികളിൽനിന്ന് കോളേജ് അധികൃതർ തന്നെ അഭിമുഖം നടത്തിയാണ് താൽപര്യമുള്ളവരെ തെരഞ്ഞെടുത്തത്. പരിശീലനപരിപാടി കില ഡയറക്ടർ ഡോ.ജോയ് ഇളമൺ ഉദ്ഘാടനം ചെയ്തു. കോളേജ് വൈസ് പ്രിൻസിപ്പൽ സിസ്റ്റർ നമിത അദ്ധ്യക്ഷയായിരുന്നു. കോഴ്സ് ഡയറക്ടർ ഡോ.പീറ്റർ എം.രാജ് ആമുഖാവതരണം നടത്തി. കോളേജ് അസോസിയേറ്റ് പ്രൊഫ. ഡോ.മിനി കെ.ജോസ്, വിദ്യാർത്ഥി പ്രതിനിധി റജീന റസാഖ് എന്നിവർ സംസാരിച്ചു.

സങ്കേതം സോഫ്റ്റ് വെയർ: ഗ്രാമപഞ്ചായത്ത് സെക്രട്ടറിമാർക്കു പരിശീലനം

കെട്ടിടനിർമ്മാണത്തിനുള്ള അനുമതിക്ക് അപേക്ഷിക്കുന്നതിനും അനുമതി നൽകുന്നതിനുമുള്ള സങ്കേതം സോഫ്റ്റ് വെയറിനെക്കുറിച്ചു ഗ്രാമപഞ്ചായത്ത് സെക്രട്ടറിമാർക്കുള്ള അർദ്ധദിന പരിശീലനം കിലയിൽ സംഘടിപ്പിച്ചു. മലപ്പുറം ജില്ലയിലെ 92 ഗ്രാമപഞ്ചായത്ത് സെക്രട്ടറിമാരാണ് ആദ്യഘട്ട പരിശീലനത്തിൽ പങ്കെടുത്തത്.

പ്രാദേശികഭരണത്തെക്കുറിച്ച് കോളേജ് വിദ്യാർത്ഥികൾക്കു കിലയിൽ സംഘടിപ്പിച്ച സർട്ടിഫിക്കറ്റ് കോഴ്സ് കില ഡയറക്ടർ ഡോ.ജോയ് ഇളമൺ ഉദ്ഘാടനം ചെയ്യുന്നു

ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാർക്കും സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർമാന്മാർക്കും പരിശീലനം

അടുത്ത വർഷത്തെ (2018-19) വാർഷിക പദ്ധതി ആസൂത്രണവും നിർവ്വഹണവും സംബന്ധിച്ച് തിരുവനന്തപുരം ജില്ലയിലെ ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാർക്കും വിവിധ സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർമാൻമാർക്കും പഞ്ചായത്ത് അസി.സെക്രട്ടറിമാർക്കും രണ്ടുദിവസത്തെ പരിശീലനം കിലയിൽ സംഘടിപ്പിച്ചു.

നഗരസഭ ഉദ്യോഗസ്ഥർക്കു പരിശീലനം

നഗരസഭകളിലെ ഉദ്യോഗസ്ഥർക്കുള്ള കാര്യശേഷിവികസന പരിശീലനപരിപാടി കിലയിൽ തുടങ്ങി.സൂപ്രണ്ടു മുതൽ ക്ലാർക്കു വരെയുള്ള ജീവനക്കാരാണ് മൂന്നുദിവസത്തെ പരിശീലനത്തിൽ പങ്കെടുത്തത്.കോർഡിനേറ്റർ ആർ. ബാലഗംഗാധരൻ പരിശീലനപരിപാടി വിശദീകരിച്ചു. നഗരസഭ സംവിധാനം, കേരള മുനിസിപ്പൽ ആക്ട്, പദ്ധതി ആസൂത്രണവും നിർവഹണവും കേരള സർവീസ് റൂൾസ്, കേന്ദ്ര- സംസ്ഥാനാവിഷ്കൃത പദ്ധതികൾ, ധനമാനേജ്മെന്റ്,നഗരാസൂത്രണം, ബിൽഡിംഗ് റൂൾസ്, പൊതുമരാമത്ത് ചട്ടങ്ങൾ, സാമൂഹ്യസുരക്ഷാപെൻഷനുകൾ തുടങ്ങിയ വിഷയങ്ങളിലാണ് പരിശീലനം.

സാമൂഹ്യവിദ്യാഭ്യാസ പരിപാടിയിൽ സാക്ഷരതാപ്രവർത്തകരും

ജനകീയാസൂത്രണത്തിൽ സാക്ഷരതാമിഷന്റെ പങ്കാളിത്തം ശക്തമാക്കാൻ സാക്ഷരതാമിഷൻ പ്രവർത്തകരെ സജ്ജരാക്കുന്നതിനു മുന്നോടിയായുള്ള രണ്ടു ദിവസത്തെ സംസ്ഥാനതല പരിശീലക പരിശീലനം കിലയിൽ സംഘടിപ്പിച്ചു. സാക്ഷരതാമിഷൻ ജില്ലാ കോർഡിനേറ്റർമാരും അസി.കോർഡിനേറ്റർമാരുമാണ് പരിശീലനത്തിൽ പങ്കെടുത്തത്. കില ഡയറക്ടർ ഡോ.ജോയ് ഇളമൺ സ്വാഗതമാശംസിച്ചു. സംസ്ഥാന സാക്ഷരതാമിഷൻ അതോറിറ്റി ഡയറക്ടർ ഡോ. പി.എസ്. ശ്രീകല ആമുഖപ്രഭാഷണം നടത്തി.

നഗരശുചിത്വ പദ്ധതി രൂപീകരണം മാർച്ച് 31 നകം പൂർത്തിയാക്കും

സംസ്ഥാനത്തെ മുഴുവൻ നഗരസഭകളിലും മാർച്ച് 31 നകം നഗരശുചിത്വ പദ്ധതി രൂപീകരിക്കാൻ തീവ്ര ശ്രമം. 26 നഗരസഭകളിൽ ഇതിനകം പദ്ധതിരൂപീകരണം പൂർത്തിയായി. ശുചിത്വ പരിപാലനത്തിനു പ്രത്യേക പദ്ധതി (സിറ്റി സാനിറ്റേഷൻ പ്ലാൻ) തയ്യാറാക്കിക്കൊണ്ടിരിക്കുകയാണ്. കേന്ദ്ര സർക്കാരിന്റെ അർബൻ സാനിറ്റേഷൻ നയത്തിന്റെ അടിസ്ഥാനത്തിലാണ് പദ്ധതി തയ്യാറാക്കുന്നത്. ഹരിതകേരളം മിഷൻ മുന്നോട്ടുവച്ച സമഗ്ര ശുചിത്വ പദ്ധതിയുടെ പ്രാധാന്യം കൂടി ഉൾക്കൊണ്ടാണ് നഗരസഭകൾ പദ്ധതി തയ്യാറാക്കുക.

ഇതുമായി ബന്ധപ്പെട്ട് നഗരസഭകളിലെയും കോർപ്പറേഷനുകളിലെയും സെക്രട്ടറിമാർ,എഞ്ചിനിയർമാർ, ഹെൽത്ത് ഇൻസ്പെക്ടർമാർ എന്നിവർക്കു കിലയിൽ രണ്ടുദിവസത്തെ പരിശീലനം നൽകി. കില പ്രൊഫ.ഡോ.സണ്ണി ജോർജ് ഉദ്ഘാടനം ചെയ്തു. കോർഡിനേറർ കെ.ഗോപാലകൃഷ്ണൻ പരിശീലനപരിപാടി വിശദീകരിച്ചു. കിലയും ജർമ്മൻ സർക്കാർ സ്ഥാപനമായ ജി.ഐ.ഇസെഡും ശുചിത്വമിഷനും സംയുക്തമായാണ് പരിശീലനം നടത്തുന്നത്.

പരിസ്ഥിതി-കാലാവസ്ഥാ വ്യതിയാനം: ദ്വിദിന പരിശീലനം

ഗ്രാമപഞ്ചായത്തുകളെ പരിസ്ഥിതി സൗഹൃദമാക്കാനുള്ള കാര്യശേഷി വികസനപരിപാടിയുടെ ഭാഗമായ ആദ്യഘട്ട ദ്വിദിന പരിശീലനം കിലയിൽ തുടങ്ങി. പരിസ്ഥിതി, കാലാവസ്ഥാ വ്യതിയാനം, ജൈവവൈവിധ്യ സംരക്ഷണം എന്നീ വിഷയങ്ങളെ അടിസ്ഥാനപ്പെടുത്തിയാണ് പരിശീലനം. കിലയും പരിസ്ഥിതി-കാലാവസ്ഥാ വ്യതിയാന ഡയറക്ടറേറ്റും ജൈവവൈവിധ്യബോർഡും സംയുക്തമായി മൂന്നു ഘട്ടങ്ങളിലായിട്ടാണ് പരിശീലനം നൽകുന്നത്.

കേരള സംസ്ഥാന ജൈവവൈവിധ്യബോർഡ് ചെയർമാൻ ഡോ.ജോഷി ഐ.എഫ്.എസ്, കില ഡയറക്ടർ ഡോ.ജോയ് ഇളമൺ എന്നിവർ സംബന്ധിച്ചു. പരിസ്ഥിതി, കാലാവസ്ഥാവ്യതിയാനം, ജൈവവൈവിധ്യം, മേഖലാതല അവസ്ഥയും പ്രത്യാഘാതങ്ങളും, കൃഷി, കന്നുകാലി വളർത്തൽ, കുടിവെള്ളം, ആരോഗ്യം, ശുചിത്വം, മാലിന്യപരിപാലനം, ജൈവവൈവിധ്യ പ്രദേശങ്ങൾ, ദുരന്തനിവാരണം, മനുഷ്യ-വന്യജീവി സംഘട്ടനങ്ങൾ, പഞ്ചായത്ത് തലത്തിൽ കർമ്മപരിപാടി തയ്യാറാക്കൽ, തുടങ്ങിയ വിഷയങ്ങളെ അടിസ്ഥാനപ്പെടുത്തി വിവിധ സെഷനുകളായിട്ടായിരുന്നു പരിശീലനം.

അന്നവിചാരം മുന്നവിചാരം

ഡോ. വട്ടവിള വിജയകുമാർ

പരിണാമശൃംഖലയിലെ അവസാനത്തെ കണ്ണിയായ മനുഷ്യന് ഭക്ഷണത്തോടുള്ള ആർത്തി തുടങ്ങിയിട്ട് കാലമേറെയൊന്നുമായിട്ടില്ല. വിശപ്പുമാറ്റാൻ മാത്രമല്ല ആസ്വദിക്കാൻ കൂടിയുള്ളതാണ് ഭക്ഷണം എന്ന ചിന്താഗതിയാണ് ജീവിക്കാൻ വേണ്ടി തിന്നുക എന്ന ആശയത്തിൽ നിന്നും തിന്നാൻ വേണ്ടി ജീവിക്കുക എന്ന കാഴ്ചപ്പാടിലേക്കു അവനെ മാറ്റിയത്. പിന്നീടങ്ങോട്ട് മെയ്യനങ്ങാതെ കിട്ടുന്നതെന്തും തൊണ്ടതൊടാതെ വിഴുങ്ങാൻ തുടങ്ങിയപ്പോൾ അവനെ ജീവിതശൈലീരോഗങ്ങളും പിടികൂടാൻതുടങ്ങി. നമ്മുടെ പൂർവികർ എന്നുവച്ചാൽ മൺമറഞ്ഞുപോയവരൊന്നുമല്ല. ഇന്ന് ജീവിച്ചിരിക്കുന്നതിൽ മുതിർന്നവർ, അവരൊക്കെ എല്ലുമുറിയെ പണിചെയ്ത് പല്ലുമുറിയെ തിന്നവരാണ്. സ്വന്തം ശരീരത്തെ രോഗങ്ങൾക്കൊന്നും വിട്ടുകൊടുക്കാതെ ആരോഗ്യമാണ് സമ്പത്തെന്ന മുദ്രാവാക്യം അവർ ഉയർത്തിപ്പിടിച്ചു. കാലമേൽപ്പിച്ച വടുക്കളല്ലാതെ രോഗപീഡകളൊന്നും തന്നെ അവരെ ഗ്രസിച്ചിരുന്നില്ല. പക്ഷെ ഇന്ന് എല്ലാവരും ഒരുതരത്തിൽ അല്ലെങ്കിൽ മറ്റൊരുതരത്തിൽ രോഗികളാണ്. ആരോഗ്യമുള്ളവരാണെന്ന് സ്വയം അഹങ്കരിക്കുമ്പോഴും വർധിച്ച രോഗാതുരതയാണെന്ന സത്യം തിരിച്ചറിയുന്നില്ല. പണ്ടൊക്കെ ജീവൻ നിലനിറുത്താൻ ഭക്ഷണം മാത്രം മതിയായിരുന്നു. ഇന്ന് ജീവൻ നിലനിൽക്കണമെങ്കിൽ ഭക്ഷണത്തോടൊപ്പം മരുന്നുംകൂടി കഴിക്കണമെന്ന സ്ഥിതിയായി. അതായത് ഒരു കയ്യിൽ മരുന്നും മറുകൈയിൽ പഞ്ഞിയുമായി നടക്കുന്നവരാണ് നമ്മൾ. വലതുകയ്യിലുള്ള മരുന്ന് തീരുമ്പോൾ ഇടത് കയ്യിലെ പഞ്ഞി മൂക്കിൽ വച്ച് തെക്കുവടക്കായി കിടക്കണമെന്ന ധ്വനി മേല്പറഞ്ഞ വാചകത്തിൽ ഒളിഞ്ഞിരുപ്പുണ്ടെങ്കിൽ അതിലൊട്ടും അതിശയോക്തിയില്ലെന്ന് അടിവരയിട്ടുപറയാനാകും.

എന്തായാലും ഇന്ന് ഏകദേശം 300 ദശലക്ഷം ആളുകൾ ജീവിതശൈലീരോഗങ്ങൾക്ക് അടിമകളാണെന്നാണ് ലോകാരോഗ്യ സംഘടന പറയുന്നത്. തെറ്റായ ജീവിതചര്യയും അശാസ്ത്രീയമായ ആഹാരരീതിയും ഒപ്പം പുകവലിയും മദ്യവും മയക്കുമരുന്നുംകൂടിയായപ്പോൾ കൽപ്പിച്ച ആയുസ് പൂർത്തിയാക്കാനാകതെ മരണംപുൽകാനോ ശയ്യാവലംബിയായി ശേഷിച്ചകാലം കരഞ്ഞുതീർക്കാനോ നിർബന്ധിതരാകുന്നു. ഇന്ന് മലയാളിയും ജീവിതശൈലീരോഗങ്ങൾക്ക് അടിമയാണ്. എന്തിനെയും

ഇന്ന് മലയാളിയും ജീവിതശൈലീരോഗങ്ങൾക്ക് അടിമയാണ്. എന്തിനെയും ഏതിനെയും അനുകരിക്കുന്ന നമ്മൾ തനത് ഭക്ഷണങ്ങൾക്ക് വിലക്കേർപ്പെടുത്തികൊണ്ട് സായിപ്പിന്റെ ജീവിതം പകർത്താൻ തുടങ്ങിയതാണ് കാരണം.

ഏതിനെയും അനുകരിക്കുന്ന നമ്മൾ തനത് ഭക്ഷണങ്ങൾക്ക് വിലക്കേർപ്പെടുത്തികൊണ്ട് സായിപ്പിന്റെ ജീവിതം പകർത്താൻ തുടങ്ങിയതാണ് കാരണം.

ഹൃദ്രോഗം, ടൈപ്പ് 2 പ്രമേഹം, അർബുദം, പൊണ്ണത്തടി, വൃക്കകളുടെ പ്രവർത്തന വൈകല്യം, കരൾ രോഗം, മേധാക്ഷയം, എല്ല് പൊട്ടൽ തുടങ്ങിയ ഒരു ഡസനോളം രോഗങ്ങൾ തെറ്റായ ജീവിതശൈലിയുമായി ബന്ധപ്പെട്ടുണ്ടാകുന്നെങ്കിലും മുന്നിൽ നിൽക്കുന്നത് ഹൃദ്രോഗവും അനുബന്ധപ്രശ്നങ്ങളുമാണ്. ഇന്ന് ഇന്ത്യയിൽ ഏകദേശം 32 ദശലക്ഷം ഹൃദ്രോഗികളുണ്ടെന്നാണ് കണക്ക്. അതിലേറെയും ചെറുപ്പക്കാരാണെന്ന സത്യം ലോകാരോഗ്യസംഘടനയെപ്പോലും അത്ഭുതപ്പെടുത്തുന്നു. മാത്രമല്ല ഹൃദയാഘാതം മൂലം മരിക്കുന്നവരിൽ പത്തുശതമാനത്തിലേറെ നാൽപതു വയസിന് താഴെയുള്ളവരും.

കേരളീയന് ഹൃദ്രോഗം പിടിപെടാനുള്ള സാധ്യത മറ്റേതൊരു സംസ്ഥാനത്തേക്കാൾ കൂടുതലാണെന്ന് പഠനങ്ങൾ വെളിപ്പെടുത്തുന്നു. എന്തുകൊണ്ടാണ് കേരളീയർ ഇത്ര ചെറുപ്പത്തിലേ ഹൃദയസംബന്ധമായ അസുഖങ്ങൾക്ക് അടിമപ്പെടുന്നത്. ഉത്തരം തേടി അലയുംമുമ്പ് തീൻമേശയിലെ ഭക്ഷണത്തിലേക്കൊന്നു നോക്കൂ. ആവിപറക്കുന്ന മാംസഭക്ഷണത്തിൽ ഒരു വില്ലൻ ഒളിഞ്ഞിരിപ്പുണ്ട്. കൊളെസ്റ്റെറോൾ എന്ന വില്ലൻ. എന്നെയും നിങ്ങളെയും ഈ ലോകത്തുള്ള സകലരെയും ആയുസ്സാരാതെ കൊല്ലിക്കുന്ന ഭീകരൻ.

ഈ ലോകത്ത് ഒരുപക്ഷെ ഏറ്റവും കൂടുതൽ സുപരിചിതമായ പദമായിരിക്കാം കൊളെസ്റ്റെറോൾ. ചങ്ക് തകർക്കുന്ന ഭീകരനെന്ന കുപ്രസിദ്ധിയായിരിക്കാം അതിന് കാരണം. എന്താണ് കൊളെസ്റ്റെറോൾ എന്നുചോദിച്ചാൽ കൊഴുപ്പിന്റെ ഒരു വകഭേദമാണെന്ന് പറയാം. അങ്ങനെയെങ്കിൽ അതിനെ എന്തിന് പേടിക്കണം. ആരെങ്കിലും അങ്ങനെയൊരു സംശയം ഉന്നയിച്ചാൽ ഭയങ്കരമായി പേടിച്ചില്ലെങ്കിലും കേൾക്കുമ്പോൾ ഒന്ന് ഞെട്ടുകയെങ്കിലും വേണമെന്ന് പറഞ്ഞേ മതിയാവൂ. ഹൃദയത്തിന്റെ ആരോഗ്യത്തിൽ ആർക്കാണ് ഉൽക്കണ്ഠയില്ലാത്തത്.

മധ്യവയസ്കരെ സംബന്ധിച്ചിടത്തോളം കൊളസ്ട്രോൾ എന്നും ഒരു പേടിസ്വപ്നം തന്നെയാണ്. എന്നാൽ ഈ ജൈവരാസപദാർത്ഥത്തെ അങ്ങനെയങ്ങ് വില്ലനായി ചിത്രീകരിക്കേണ്ട. കാരണം കോശാവരണത്തിന്റെ നിർമ്മിതിക്കും കോശങ്ങളുടെ വളർച്ചയ്ക്കും പിന്നെ ചില ജീവകങ്ങളുടെ (വൈറ്റമിൻ) നിർമ്മാണത്തിനും അതുപോലെ ചില ഹോർമോണുകളുടെ ഉൽപാദനത്തിനും കൊളെസ്റ്റെറോൾ അനിവാര്യമാണ്. വെയിലേൽക്കുമ്പോൾ കൊളസ്റ്റെറോൾ വൈറ്റമിൻ ഡി (vitamin D) ആയി പരിണമിക്കുമെന്ന് ചെറിയ ക്ലാസ്സിൽ നമ്മളൊക്കെ പഠിച്ചിട്ടുള്ളതാണ്. ശരീരത്തിനാവശ്യമായ ആകെ കൊളെസ്റ്റെറോളിന്റെ 80 ശതമാനവും നിർമ്മിക്കുന്നത് കരളാണ്. 20 ശതമാനം മാത്രമാണ് ആഹാരത്തിലൂടെ ശരീരത്തിലെത്തുന്നത്. സസ്യാഹാരത്തിലൊന്നും തന്നെ കൊളെസ്റ്റെറോളില്ല. കാരണം ഒരു ചെടിയും പ്രസ്തുത ജൈവരാസപദാർത്ഥത്തെ നിർമ്മിക്കുന്നില്ല. മാംസാഹാരമാണ് കൊളെസ്റ്റെറോളിന്റെ പ്രധാന സ്രോതസ്. കൊളെസ്റ്റെറോളിനെക്കുറിച്ച് ചെറിയൊരു ധാരണ എല്ലാവർക്കുമുണ്ടെങ്കിലും കുറച്ചുകൂടി അറിയുന്നത് നന്നായിരിക്കും. ഹൃദയാരോഗ്യം മറ്റേതിനേക്കാളും മുഖ്യമാണല്ലോ.

നമ്മുടെ ശരീരത്തിൽ ചീത്ത കൊളെസ്റ്റെറോളെന്നും നല്ല കൊളെസ്റ്റെറോളെന്നും രണ്ടുതരമുണ്ട്. എൽ ഡി എൽ (LDL-Low Density Lipoprotein) എന്നറിയപ്പെടുന്ന ചീത്ത കൊളെസ്റ്റെറോളിന്റെ അളവ് രക്തത്തിൽ കൂടിയാൽ രക്തധമനികൾക്കുള്ളിൽ അടിഞ്ഞുകൂടി അപകടകരമായ ആരോഗ്യപ്രശ്നങ്ങളുണ്ടാക്കും. എന്നാൽ എച്ച് ഡി എൽ (High Density Lipoprotein) എന്നറിയപ്പെടുന്ന നല്ല കൊളെസ്റ്റെറോൾ ധമനികളിൽ കൊഴുപ്പടിഞ്ഞുകൂടുന്നതിനെ തടഞ്ഞ് രക്തക്കുഴലുകളെ സംരക്ഷിക്കും. തീരെ സാന്ദ്രത കുറഞ്ഞ മറ്റൊരുതരം കൂടിയുണ്ട്. വി എൽ ഡി എൽ (VLDL) എന്നാണ് ഇതിനെ അറിയപ്പെടുന്നത്. സാധാരണ കൊഴുപ്പായ ട്രൈഗ്ലിസറൈഡ് (Triglyceride) ധാരാളമുള്ള ഈ കൊളെസ്റ്റെറോളാണ് ശരീരകലകൾക്കാവശ്യമായ കൊഴുപ്പിനെ ഊർജ്ജത്തിനായി വിതരണം ചെയ്യുന്നത്. മാത്രമല്ല എൽ ഡി എൽ (LDL) എന്നയിനം കൊളെസ്റ്റെറോളിനെ രക്തത്തിലൂടെ സഞ്ചരിക്കാനും സഹായിക്കുന്നു. എൽ ഡി എൽ (LDL), എച്ച് ഡി എൽ (HDL), വി എൽ ഡി എൽ (VLDL) എന്നീ മൂന്നിനം കൊളെസ്റ്റെറോളുംകൂടി ചേരുന്നതിനെയാണ് ടോട്ടൽ കൊളെസ്റ്റെറോൾ എന്നറിയപ്പെടുന്നത്.

രക്തപരിശോധനയിലൂടെ കൊളസ്റ്റെറോളിനെ വെവ്വേറെയും മൊത്തമായും അറിയാനൊക്കും. വെവ്വേറെ അറിയുന്നതിനെയാണ് ലിപിഡ് പ്രൊഫൈൽ (Lipid Profile)എന്ന് പറയുന്നത്. ടോട്ടൽ കൊളസ്റ്റെറോൾ എപ്പോഴും 100 മില്ലി ലിറ്റർ രക്തത്തിൽ 200 മില്ലിഗ്രാമിൽ താഴെയായിരിക്കുന്നതാണ് ഉത്തമം. ഹൃദ്രോഗങ്ങളുടെ പ്രധാനകാരണക്കാരനായ എൽ ഡി എൽ എപ്പോഴും 100 മില്ലി ലിറ്റർ രക്തത്തിൽ 100 മില്ലിഗ്രാമിൽ കുറഞ്ഞിരിക്കുന്നതാണ് നല്ലത്. നല്ല കൊളെസ്റ്റെറോളായ എച്ച് ഡി എൽ 40 മില്ലിഗ്രാമിൽ കുറഞ്ഞാൽ അത് എൽ ഡി എൽ കൂടുന്നതി

കേരളീയന് ഹൃദ്രോഗം പിടിപെടാനുള്ള സാധ്യത മറ്റേതൊരു സംസ്ഥാനത്തേക്കാൾ കൂടുതലാണെന്ന് പഠനങ്ങൾ വെളിപ്പെടുത്തുന്നു. എന്തുകൊണ്ടാണ് കേരളീയർ ഇത്ര ചെറുപ്പത്തിലേ ഹൃദയസംബന്ധമായ അസുഖങ്ങൾക്ക് അടിമപ്പെടുന്നത്. ഉത്തരം തേടി അലയുംമുമ്പ് തീൻമേശയിലെ ഭക്ഷണത്തിലേക്കൊന്നു നോക്കൂ.

ന് കാരണമാവും. വി എൽ ഡി എൽ 30 മില്ലിഗ്രാമിൽ കൂടാതിരിക്കുന്നതാണ് അഭികാമ്യം. ട്രൈഗ്ലിസറൈഡ് കൂടിയാൽ കൊഴുപ്പ് രക്തത്തിൽ അടിയുമെന്നുള്ളതിനാൽ അതിന്റെ അളവ് 150 ഗ്രാമിൽ തന്നെ നിലനിർത്തേണ്ടതുണ്ട്.

ഇന്ന് നമ്മൾ ശാരീരികാസ്വാസ്ഥ്യങ്ങളുമായി ആശുപത്രിയിലെത്തുമ്പോൾ ഡോക്ടർ ആദ്യം നിർദേശിക്കുന്നത് രക്തപരിശോധനയാണല്ലോ. പ്രസ്തുത പരിശോധനയിലൂടെ നാളെ അല്ലെങ്കിൽ മറ്റെന്നാൾ അതുമല്ലെങ്കിൽ ഭാവിയിൽ സംഭവിക്കാൻ സാധ്യതയുള്ള രോഗങ്ങളെക്കുറിച്ചൊരു ധാരണ നൽകാനാവും. കൊളസ്ട്രോളിന്റെ നില പരിധിക്കകത്താണെങ്കിൽ ഹൃദയ സംബന്ധമായ പ്രശ്നങ്ങളെക്കുറിച്ച് ആവലാതിപ്പെടേണ്ട കാര്യമില്ല. നേരെമറിച്ച് കൊളസ്ട്രോളിന്റെ അളവ് പരിധിക്കപ്പുറമാണെങ്കിൽ കുറയ്ക്കാനുള്ള നടപടികൾ അടിയന്തരമായി ചെയ്യുകയും വേണം.

പരിധിവിട്ട കൊളെസ്ട്രോളിനെ പരിധിക്കുള്ളിലാക്കാൻ മരുന്നിനും ക്രമപ്പെടുത്തിയ ആഹാരരീതിക്കും പിന്നെ വ്യായാമങ്ങൾക്കും കഴിയും. നിസ്സംശയത കാണിച്ചാൽ ഹൃദയം ക്ഷീണിക്കും. നോക്കൂ, അമ്മയുടെ ഉദരത്തിലായിരുന്നപ്പോൾ മുതൽ തുടിക്കുന്നതാണ് നമ്മളുടെ ഹൃദയം. അതിന്റെ പ്രവർത്തനത്തെ ഒരു മരം മുറിക്കുന്നതുമായി താരതമ്യം ചെയ്യാം. മരത്തിൽ കോടാലി വീഴുമ്പോൾ ഒരു കക്ഷണം തടി തെറിച്ചുപോകും. അതായത് ഓരോ പ്രാവശ്യവും കോടാലി വീഴുമ്പോൾ മരത്തിന്റെ ആയുസ് കുറഞ്ഞ് കുറഞ്ഞ് വരും. അവസാനത്തെ കോടാലി പതിക്കുമ്പോൾ മരം നിലപൊത്തുകയും ചെയ്യും. അതുപോലെയാണ് നമ്മുടെ ഹൃദയവും. ജനിച്ചനാൾ മുതൽ ആരോ ഹൃദയത്തിനുമേൽ കോടാലിയിടുന്നു. അതാണ് മിനുട്ടിൽ 75 എന്ന കണക്കെ കേൾക്കുന്ന ശബ്ദം അല്ലെങ്കിൽ സ്പന്ദനം. തെറ്റായ ആഹാരരീതിയാണ് തുടരുന്നതെങ്കിൽ ഹൃദയത്തിലേക്ക് കോടാലിയിടുന്നതിന്റെ ആക്കം കൂടുകയും അകാലത്തിൽ മരണം സംഭവിക്കുകയും ചെയ്യും. ഹൃദയാഘാതമാണ് മരണകാരണമെങ്കിൽ നമ്മൾ പ്രതിസ്ഥാനത്ത് നിറുത്തുന്നത് കൊളെസ്ട്രോളിനെയാണ്. ചത്തത് കീചകനെങ്കിൽ കൊന്നത് ഭീമനായിരിക്കുമല്ലോ!.

ഹൃദ്രോഗങ്ങളുടെ നോട്ടപ്പുള്ളി എന്നും പുരുഷന്മാരാണ്. എന്നുവച്ച് സ്ത്രീകൾ അതിന് അതീതരാണെന്ന് ധരിക്കരുത്. ആർത്തവവിരാമംവരെ സ്ത്രീകൾക്ക് കാലം നൽകുന്ന സംരക്ഷണമുണ്ട്. ആർത്തവശേഷം ഹൃദ്രോഗങ്ങളുടെ നിരക്ക് ആണായാലും പെണ്ണായാലും തുല്യമായിരിക്കും. ഇവിടെ സ്ത്രീകൾ നന്ദിപറയേണ്ടത് അവർക്ക് പ്രസ്തുത നൽകുന്ന ഈസ്ട്രജൻ എന്ന ഹോർമോണിനാണ്. ഈസ്ട്രജൻ (estrogen) ചീത്ത കൊളസ്ട്രോളിനെ കുറച്ച് നല്ലകൊളെസ്ട്രോളിനെ കൂട്ടുകയും. പക്ഷെ ഈ സൗഭാഗ്യം ആർത്തവവിരാമംവരെ മാത്രമേയുള്ളൂ. അതിനുശേഷം ഈസ്ട്രജനുണ്ടാവില്ലല്ലോ.

ഇലക്കറികളും പച്ചക്കറികളും കൂടുതൽ ഭക്ഷണത്തിൽ ഉൾപ്പെടുത്തുക. ഒമേഗാ 3 ഫാറ്റി അമ്ലങ്ങൾ ധാരാളമുള്ള മത്തി, അയില തുടങ്ങിയ മൽസ്യങ്ങൾ കഴിക്കുക, മൊരിച്ചതും വറുത്തതും കുറയ്ക്കുക. മാംസാഹാരം ആഴ്ചയിലൊന്ന് എന്നകണക്കിന് ക്രമപ്പെടുത്തുക, ധാരാളം കൊഴുപ്പും മധുരവും അടങ്ങിയ സംസ്കരിച്ച ആഹാരസാധനങ്ങളും മധുരപാനീയങ്ങളും ഒഴിവാക്കുക, ഉപ്പ് കുറയ്ക്കുക (രക്തത്തിൽ വെള്ളത്തെ പിടിച്ചുനിറുത്താൻ ഉപ്പിലെ സോഡിയത്തിന് കഴിയും. ഇത് രക്തമർദ്ദം കൂടാൻ കാരണമാകും). എണ്ണയിൽ വറുത്ത ആഹാരങ്ങൾ ഒഴിവാക്കുക (എണ്ണ ആവർത്തിച്ചാവർത്തിച്ച് ചൂടാക്കുമ്പോൾ രാസമാറ്റം നടന്ന് ട്രാൻസ്ഫാറ്റ് എന്ന ഒരിനം കൊഴുപ്പുണ്ടാകും. ഹൃദ്രോഗങ്ങളുണ്ടാക്കുന്നതിൽ ഈ കൊഴുപ്പിനുള്ള പങ്ക് വളരെ വലുതാണ്. വ്യായാമത്തിന് ശാരീരിക പ്രവർത്തനങ്ങളെ ത്വരിതപ്പെടുത്തി ആരോഗ്യത്തെ പ്രദാനം ചെയ്യാൻ കഴിയും. അതുകൊണ്ട് വ്യായാമം ശീലിക്കുക, ദിവസേന 20 മിനുട്ടിൽ കുറയാതെ നടക്കുക, തുടങ്ങിയവ ചിട്ടയോടെ പാലിച്ചാൽ കൊളെസ്ട്രോളിനെന്നല്ല ഒന്നിനും നമ്മുടെ ആരോഗ്യത്തെ തകർക്കാനൊക്കില്ല.

രോഗങ്ങൾ വേട്ടയാടുമ്പോൾ ചിലപ്പോഴൊക്കെ ഏഴരാണ്ടശനിയെന്നും കണ്ടകശ്ശനിയെന്നുമൊക്കെപ്പറഞ്ഞ് സമയത്തെ പഴിക്കുന്ന നാം യാഥാർത്ഥകുറ്റവാളിയെ ബോധപൂർവം മറക്കുന്നു അല്ലെങ്കിൽ അവഗണിക്കുന്നു. തെറ്റായ ആഹാരരീതിയാണ് മനുഷ്യരെ രോഗികളാക്കുന്നതെന്ന് അറിയാമെങ്കിലും തുറന്നു പറയാൻ നമ്മൾ മടിക്കുന്നു. രോഗങ്ങളേറെയും നമ്മൾ കഴിക്കുന്ന ആഹാരവുമായി ബന്ധപെട്ടതാണ്. എന്നുവച്ചാൽ നല്ല ആഹാരം ശീലിച്ചാൽ രോഗങ്ങളെ തുരത്താമെന്നർത്ഥം. മാത്രവുമല്ല ആജീവനാന്തം അരോഗദൃഢഗാത്രനായിരിക്കുകയും ചെയ്യാം. അതിഥി സൽക്കാരത്തിൽ പ്രമേഹം കാരണം ചായക്ക് മധുരം വേണ്ടാന്ന് പറയുമ്പോഴും മുന്നിലിരിക്കുന്ന ലഡുവിനെ ഒരുളുപ്പും കൂടാതെ എടുത്ത് കഴിക്കുമ്പോൾ അൽപനേരത്തേക്കെങ്കിലും അവൻ അവന്റെ ആരോഗ്യത്തെ മറക്കുന്നു. അന്നവിചാരം മുന്നവിചാരം പിന്നെവിചാരം കാര്യ വിചാരം എന്നാണല്ലോ ചൊല്ല്. അതെ അന്നം തന്നെയാണ് മുഖ്യം. ജീവിക്കാൻ കഴിക്കുന്ന ആഹാരം, പക്ഷെ ജീവനെടുക്കരുത്.

ജനിച്ചനാൾ മുതൽ ആരോ ഹൃദയത്തിനുമേൽ കോടാലിയിടുന്നു. അതാണ് മിനുട്ടിൽ 75 എന്ന കണക്കെ കേൾക്കുന്ന ശബ്ദം അല്ലെങ്കിൽ സ്പന്ദനം. തെറ്റായ ആഹാരരീതിയാണ് തുടരുന്നതെങ്കിൽ ഹൃദയത്തിലേക്ക് കോടാലിയിടുന്നതിന്റെ ആക്കം കൂടുകയും അകാലത്തിൽ മരണം സംഭവിക്കുകയും ചെയ്യും. ഹൃദയാഘാതമാണ് മരണകാരണമെങ്കിൽ നമ്മൾ പ്രതിസ്ഥാനത്ത് നിറുത്തുന്നത് കൊളെസ്ട്രോളിനെയാണ്. ചത്തത് കീചകനെങ്കിൽ കൊന്നത് ഭീമനായിരിക്കുമല്ലോ!

എഴുത്തുകാരനും എം.ജി. കോളേജിലെ സുവോളജി പ്രൊഫസറുമാണ് ലേഖകൻ

വാർത്തകൾ വിശേഷങ്ങൾ

തൊഴിലുറപ്പ് പദ്ധതി മാർഗ്ഗനിർദ്ദേശം റദ്ദ് ചെയ്തു

മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിക്ക് കീഴിൽ ഏറ്റെടുത്ത് നടത്തുന്ന പ്രവൃത്തികൾക്കുള്ള സാധന സാമഗ്രികളുടെ വാങ്ങലും സംഭരണവും വിനിയോഗവും സംബന്ധിച്ച മാർഗ്ഗനിർദ്ദേശങ്ങൾ പരിഷ്കരിച്ചുകൊണ്ട് പുറപ്പെടുവിച്ച 31.03.12 ലെ സ.ഉ(കൈ) നം. 93/2012/തസ്വഭവ നമ്പർ സർക്കാർ ഉത്തരവ് റദ്ദ് ചെയ്ത് ഉത്തരവായി. എന്നാൽ 18.07.17 ലെ സ.ഉ(കൈ) നം. 138/2017/തസ്വഭവ ഉത്തരവ് പ്രാബല്യത്തിൽ ഉണ്ടായിരിക്കുന്നതാണ്.

(സ.ഉ. (കൈ) നം/254/2017/തസ്വഭവ, തീയതി 18.07.2017)

കിയോസ്ക് എക്സിക്യൂട്ടീവുകളുടെ വേതനം വർദ്ധിപ്പിച്ചു

സംസ്ഥാനത്തെ എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെയും ഹോസ്പിറ്റൽ കിയോസ്കുകളിലെ കിയോസ്ക് എക്സിക്യൂട്ടീവ് / ഡാറ്റാ എൻട്രി ഓപ്പറേറ്റർമാരുടെ ദിവസവേതനം 01.042016 മുതൽ 675 രൂപയായും 01.04.2017 മുതൽ 710 രൂപയായും വർദ്ധിപ്പിച്ച് ഉത്തരവ് പുറപ്പെടുവിച്ചു.

(സ.ഉ(സാധാ) നം. 4079/2017/തസ്വഭവ, തീയതി 18-12-2017)

മാലിന്യസംസ്കരണം - എയ്ഡഡ് സ്കൂളുകൾക്കും സബ്സിഡി

സ്കൂളുകൾ, ആശുപത്രികൾ, ഹോസ്റ്റലുകൾ തുടങ്ങിയ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് കൈമാറിക്കിട്ടിയ പൊതുസ്ഥാപനങ്ങളിൽ മാലിന്യസംസ്കരണസംവിധാനം ഒരുക്കുന്നതിന് 100 ശതമാനം സബ്സിഡി നൽകുന്നതിന് അനുമതി നല്കിയും ഇത്തരം സംവിധാനങ്ങൾ ഒരുക്കുന്നതിന് ശുചിത്വമിഷന്റെ ധനസഹായം ലഭിക്കാവുന്ന അവസരങ്ങളിൽ ആയത് ഉറപ്പാക്കേണ്ടതും ശുചിത്വമിഷന്റെ സ്പെസിഫിക്കേഷൻ അനുസരിച്ച് മാലിന്യസംസ്കരണ സംവിധാനം ഒരുക്കേണ്ടതുമാണ് എന്ന് നിർദ്ദേശം നല്കിയും 15.11.2017 ലെ സ.ഉ(സാധാ) നമ്പർ 3687/2017/തസ്വഭവ നമ്പർ പ്രകാരം പുറപ്പെടുവിച്ചിട്ടുള്ള ഉത്തരവ് എയ്ഡഡ് സ്കൂളുകൾക്കും ബാധകമാക്കി ഭേദഗതി വരുത്തി ഉത്തരവായി.

(സ.ഉ(സാധാ) നമ്പർ 16/2018/തസ്വഭവ തീയതി 03.01.2018)

ട്യൂട്ടോറിയൽ സ്ഥാപനങ്ങളുടെ രജിസ്ട്രേഷൻ

കേരള പഞ്ചായത്ത് രാജ് ആക്ട്, 1994-ലെ 266-ാം വകുപ്പ് പ്രകാരവും കേരള മുനിസിപ്പാലിറ്റി (ട്യൂട്ടോറിയൽ സ്ഥാപനങ്ങളുടെ രജിസ്ട്രേഷൻ) ചട്ടങ്ങൾ, 1999 പ്രകാരവും എല്ലാ ട്യൂട്ടോറിയൽ സ്ഥാപനവും ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ രജിസ്റ്റർ ചെയ്തിരിക്കണമെന്ന വ്യവസ്ഥ ചെയ്തിട്ടുണ്ട്. പ്രസ്തുത രജിസ്ട്രേഷൻ നിർബന്ധമാക്കേണ്ടത് നിയമപരമായ ആവശ്യമാണെന്നും എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കും അത്തരത്തിൽ നിർദ്ദേശം നൽകേണ്ടതാണെന്നും കേരള സംസ്ഥാന ബാലാവകാശ സംരക്ഷണ കമ്മീഷൻ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ബാലാവകാശ സംരക്ഷണ കമ്മീഷൻ ഉത്തരവിന്റെ അടിസ്ഥാനത്തിൽ, "ട്യൂട്ടോറിയൽ" എന്ന നിർവചനത്തിൽ വരുന്ന എല്ലാ സ്ഥാപനങ്ങളും ബന്ധപ്പെട്ട ഗ്രാമപഞ്ചായത്തിൽ/മുനിസിപ്പാലിറ്റിയിൽ/കോർപ്പറേഷനിൽ നിർബന്ധമായും രജിസ്റ്റർ ചെയ്യേണ്ടതാണ്. ആയത് ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ സെക്രട്ടറി പരിശോധിച്ച് ഉറപ്പാക്കേണ്ടതാണ്.

(സർക്കുലർ നം. 213/ആർഡി3/17/തസ്വഭവ, തീയതി 24-11-2017)

ഡാറ്റാ ബാങ്കിൽ ഇല്ലാത്ത സ്ഥലങ്ങളിൽ നിർമ്മാണാനുമതി സംബന്ധിച്ച്

നെൽവയൽ തണ്ണീർത്തട സംരക്ഷണനിയമപ്രകാരം തയ്യാറാക്കിയ ഡാറ്റാ ബാങ്കിൽ ഉൾപ്പെട്ടിട്ടില്ലാത്ത സ്ഥലങ്ങളിൽ കെട്ടിടനിർമ്മാണാനുമതി നല്കുന്നത് സംബന്ധിച്ച് സർക്കുലർ പുറപ്പെടുവിച്ചു.

(സർക്കുലർ നം. ഡിഎ 1/980/2017തസ്വഭവ, തീയതി 12.12.2017)

പ്രോജക്ടുകളുടെ പൂർത്തീകരണപത്രം തയ്യാറാക്കണം

കഴിഞ്ഞ വർഷങ്ങളിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ നടപ്പാക്കിയ പ്രോജക്ടുകളുടെ പൂർത്തീകരണപത്രം തയ്യാറാക്കിയിരുന്നത് മാർച്ച് 31-ന് ശേഷമായിരുന്നു. മാർച്ച് മാസം 31ന ശേഷം പൂർത്തീകരണപത്രം തയ്യാറാക്കി സോഫ്റ്റ്വെയറിൽ രേഖപ്പെടുത്തുന്നതിന് കാലതാമസമെടുക്കുന്നതിനാൽ ഓരോ പ്രോജക്ടും പൂർത്തിയാക്കുമ്പോൾ തന്നെ പൂർത്തീകരണപത്രം തയ്യാറാക്കി ബന്ധപ്പെട്ട ഉദ്യോഗസ്ഥൻ എൻട്രി ചെയ്യേണ്ടതാണ്. ഭൗതിക ലക്ഷ്യത്തിന് അനുസൃതമായി ഭൗതിക നേട്ടം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ പൂർത്തീകരണ പത്രത്തോടൊപ്പം കൃത്യമായി ചേർക്കേണ്ടതാണ്.

(സർക്കുലർ.നം. 1858832/ആർ.എ1/2017/തസ്വഭവ, തീയതി 06-12-2017)

തദ്ദേശസ്വയംഭരണവകുപ്പുമായി ബന്ധപ്പെട്ട സർക്കാർ ഉത്തരവുകൾ, സർക്കുലറുകൾ ഗസറ്റ് വിജ്ഞാപനങ്ങൾ എന്നിവയുടെ പൂർണരൂപം www.lsgkerala.gov.in, www.dop.lsgkerala.gov.in **എന്നീ വെബ്സൈറ്റുകളിൽ ലഭ്യമാണ്**

തെരുവുവിളക്ക് ഉത്പാദനരംഗത്തേക്ക് ക്രൂസ്

പി. വി. സുനിൽ

കേരളത്തിലെ മുഴുവൻ ഗ്രാമപഞ്ചായത്തുകളും അംഗങ്ങളായി പഞ്ചായത്ത് വകുപ്പിന് കീഴിൽ രൂപം കൊണ്ട കേരള റൂറൽ എംപ്ലോയ്മെന്റ് & വെൽഫെയർ സൊസൈറ്റി (ക്രൂസ്) പേരിനെ അന്വർത്ഥമാക്കികൊണ്ട് അതിന്റെ ഉദ്ദേശ ലക്ഷ്യങ്ങളിലേക്കുള്ള പ്രയാണത്തിൽ മറ്റൊരു നാഴികക്കല്ല് കൂടി പിന്നിടുകയാണ്. തെരുവുവിളക്കുകളുടെ ഉത്പാദന രംഗത്തേക്ക് കാലെടുത്തു വച്ച കൊണ്ട് ക്രൂസിന്റെ തെരുവുവിളക്ക് ഉത്പാദന യൂണിറ്റായ കേരള ഗ്രാമ ജ്യോതി ലൈറ്റിംഗ് ഈ പുതുവർഷാരംഭത്തിൽ ഔദ്യോഗികമായി ഉത്ഘാടനം ചെയ്യുകയാണ്.

പേരു പോലെ തന്നെയാണ് പ്രവർത്തനതലവും. ലക്ഷ്യങ്ങൾക്കും പുതു സംരംഭങ്ങൾക്കും പരിധി കൽപ്പിച്ചിട്ടില്ല. അതുകൊണ്ട് തന്നെ ഗ്രാമീണ മേഖലയിൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിൽ മാത്രമല്ല കാലചക്രത്തിന്റെ തിരിയലിൽ തള്ളപ്പെടുന്ന നിലവിലെ അവസ്ഥകളെ വൈവിധ്യവത്കരണത്തിന്റെ നൂതനപാതയിലൂടെ പുനഃസ്ഥാപിച്ച് നിലനിർത്താനുള്ള ക്രൂസിന്റെ പ്രയത്ന ഫലമാണ് കാസറഗോഡ് സീതാംഗോളിയിൽ ആരംഭിച്ച കേരള ഗ്രാമജ്യോതി ലൈറ്റിംഗ് (KGL) എന്ന സ്ഥാപനം. ഇതിന് പ്രചോദനമായതാകട്ടെ ക്രൂസ് മുൻകാലങ്ങളിൽ തുടങ്ങിയതും ലക്ഷ്യപ്രാപ്തി നേടിയതുമായ രണ്ട് ഗ്രാമലക്ഷ്മി മുദ്രാലയങ്ങളും. ഇവ രണ്ടും കേരളത്തിലെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ആവശ്യം നിറവേറ്റുന്നതിൽ പൂർണ്ണമായും വിജയം കൈവരിച്ചതോടെയാണ് ക്രൂസ് മറ്റൊരു മേഖലയെകുറിച്ച് ചിന്തിക്കുന്നത്. ആധുനിക സാങ്കേതികവിദ്യയുടെ തള്ളിക്കയറ്റത്തിൽ അച്ചടി മേഖലയ്ക്കുണ്ടായ മുരടിപ്പും കംപ്യൂട്ടർവത്കരണത്തിന്റെ ഭാഗമായി പല തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും പേപ്പർലെസ്സ് ഓഫീസുകളായി മാറികൊണ്ടിരിക്കുന്ന സാഹചര്യത്തിലും നിലവിൽ ക്രൂസ് കൈവെച്ച തൊഴിൽ മേഖല വികസിപ്പിക്കാനാകാതെ വന്നതും പുതിയ ചിന്തയ്ക്ക് പ്രേരണയായി. ഡയറക്ടർ ബോർഡ് അംഗങ്ങളും ക്രൂസിന്റെ മാനേജിംഗ് ഡയറക്ടറായ പഞ്ചായത്ത് ഡയറക്ടറും ക്രൂസിന്റെ സെക്രട്ടറിയായ ജോയിന്റ് ഡയറക്ടറും തങ്ങളുടെ അനുഭവജ്ഞാനം പങ്കുവച്ചപ്പോൾ ഉടലെടുത്തതാണ് തെരുവുവിളക്ക് ഉത്പാദനം എന്ന ആശയം. യഥാർത്ഥത്തിൽ പന്ത്രണ്ട് വർഷം മുമ്പ് തെരുവുവിളക്ക് വിതരണത്തിനായി കാസർഗോഡ് കിൻഫ്രാ പാർക്കിൽ ക്രൂസിന്റെ സ്ഥലത്ത് ഒരു ഷെഡ് പണിതെങ്കിലും വ്യക്തമായ പ്രവർത്തനരേഖയുടെ അഭാവം കാരണം തുടർ പ്രവർത്തനം നടന്നിരുന്നില്ല. ആദ്യകാലത്ത് പഞ്ചായത്തുകൾക്കാവശ്യമായ തെരുവുവിളക്കുകളുടെ വിതരണവും ഇൻസ്റ്റലേഷനും മാത്രമാണ് ക്രൂസ് ചെയ്തിരുന്നത്. സ്വന്തമായി

ഗ്രാമീണമേഖലയിൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിൽ മാത്രമല്ല കാലചക്രത്തിന്റെ തിരിയലിൽ തള്ളപ്പെടുന്ന നിലവിലെ അവസ്ഥകളെ വൈവിധ്യവത്കരണത്തിന്റെ നൂതനപാതയിലൂടെ പുനഃസ്ഥാപിച്ച് നിലനിർത്താനുള്ള ക്രൂസിന്റെ പ്രയത്ന ഫലമാണ് കാസറഗോഡ് സീതാംഗോളിയിൽ ആരംഭിച്ച കേരള ഗ്രാമജ്യോതി ലൈറ്റിംഗ് എന്ന സ്ഥാപനം.

ഉത്പാദിപ്പിക്കാനുള്ള സാങ്കേതികജ്ഞാനം നേടിയെടുക്കാനുള്ള കാലതാമസം ഒന്നുകൊണ്ട് മാത്രമാണ് പ്രാരംഭഘട്ടത്തിൽ വിതരണം മാത്രമായി രംഗപ്രവേശം ചെയ്യേണ്ടി വന്നത്. പല കോണിൽ നിന്നും ഒരുപാട് എതിർപ്പുകൾ നേരിടേണ്ടി വന്നു. കേരള ഹൈക്കോടതിയുടെ സിംഗിൾ ബഞ്ച് വിധിയും ഡിവിഷൻ ബഞ്ചിന്റെ വിധിയും ക്രൂസിന് അനുകൂലമായതോടെ എല്ലാ തടസ്സങ്ങളും നീങ്ങി. തുടക്കത്തിലെ ബാലാരിഷ്ടതകളെ അതിജീവിച്ച് ക്രൂസ് തെരുവുവിളക്ക് വിതരണത്തിന്റെ രണ്ടാം വർഷത്തിലേക്ക് കടന്നതോടെ നിർമ്മാണത്തിന്റെ ആവശ്യകത ഏറിവന്നു. ഇതിന്റെ അടിസ്ഥാനത്തിൽ സാങ്കേതികജ്ഞാനമുള്ള പങ്കാളിയെ കണ്ടെത്താനായി താല്പര്യപത്രം ക്ഷണിച്ചു. കേരളത്തിലെ തെരുവുവിളക്ക് ഉത്പാദന രംഗത്ത് ഏറെ നിർമ്മാണ പരിചയമുള്ളതും മുൻപന്തിയിൽ നില്ക്കുന്നതുമായ PMR എന്ന കമ്പനിയെ പങ്കാളിയാക്കി PPP വ്യവസ്ഥയിലാണ് KGL ആരംഭിച്ചത്. ക്രൂസിന്റെ വിഹിതമായി 51 ശതമാനവും PMR എന്ന സ്വകാര്യ സ്ഥാപനത്തിന്റെ വിഹിതമായി 49 ശതമാനവും ചേർത്ത് സ്വരൂപിച്ച 1 കോടി രൂപയാണ് പ്രാരംഭം മുതൽ മുടക്ക്. ആദ്യ ഘട്ടമെന്ന നിലയിൽ അസംബ്ലിംഗ് ജോലികൾ ആരംഭിച്ചെങ്കിലും ഔദ്യോഗിക തലത്തിൽ സംഭവിച്ച ചില തടസ്സങ്ങൾ മൂലം പ്രവർത്തനം സ്തംഭിച്ച അവസ്ഥയിലായിരുന്നു.

ഈ പശ്ചാത്തലത്തിലാണ് ക്രൂസിന്റെ പുതിയ ഭരണസമിതി നിലവിൽ വരുകയും എല്ലാ അനുബന്ധ സ്ഥാപനങ്ങളുടെയും നിലവിലെ അവസ്ഥയും പ്രവർത്തനവും ആധികാരികമായി തന്നെ പഠന വിധേയമാക്കുകയും പാളിച്ചകളും പരിമിതികളും പരാതികളും പരിഹരിക്കാനായി ഡയറക്ടർ ബോർഡ് അംഗങ്ങളുടെ വിവിധ കമ്മിറ്റികൾ രൂപവൽക്കരിക്കുകയും ചെയ്തത്. ഇതുവരെ അസംബ്ലിംഗ് ജോലികൾ മാത്രം ചെയ്യുന്ന യൂണിറ്റായി പ്രവർത്തിച്ച കേരള ഗ്രാമ ജ്യോതി ലൈറ്റിംഗ് സ്ട്രീറ്റ് ലൈറ്റ് മാനുഫാക്ച്ചറിംഗ് യൂണിറ്റായി രൂപാന്തരപ്പെടുത്താനാവശ്യമായ മെഷിനറികളും ഉപകരണങ്ങളും വാങ്ങി പ്രവർത്തനം ആരംഭിച്ചതോടെ ക്രൂസിന്റെ തെരുവുവിളക്ക് നിർമ്മാണശാല കേരള ഗ്രാമ ജ്യോതി ലൈറ്റിംഗ് എന്ന രൂപത്തിൽ സജ്ജമാവുകയും കേരളത്തിലെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ സ്വന്തം സ്ഥാപനമായി മാറുകയും ചെയ്തു. ടെണ്ടറില്ലാതെ പഞ്ചായത്തുകൾക്ക് നേരിട്ട് ക്രൂസ് മുഖാന്തരം തെരുവുവിളക്കുകൾ വാങ്ങാനുള്ള അനുവാദം 05.04.2017 തിയതിയിലെ സ.ഉ.(സാധാ) നം.1093/17 തസ്വഭവ നമ്പർ ഉത്തരവ് പ്രകാരം നല്കിയിട്ടുണ്ട്. നിലവിൽ പ്രത്യക്ഷമായും പരോക്ഷമായും നാല്പതോളം പേർക്ക് തൊഴിൽ പ്രദാനംചെയ്യുന്നതോടൊപ്പം 12 പേർക്ക് തൊഴിൽ പരിശീലനവും നല്കിവരുന്നു. ഉണനിലവാരത്തിൽ വിട്ടു വീഴ്ച ഇല്ലാത്തതിനാൽ ഉണമേൻമ പരിശോധിക്കാനായി സ്വന്തമായി ഒരു ലാബും പ്രവർത്തിച്ചു വരുന്നുണ്ട്. കമ്പനിയുടെ പ്രവർത്തനം പൂർണ്ണരൂപത്തിൽ ആരംഭിക്കുന്നതോടെ ഏതു മാർക്കറ്റിലും ക്രൂസിന്റെ ഉത്പന്നങ്ങൾ മുൻപന്തിയിൽ തന്നെ ഇടം പിടിക്കുമെന്ന് ഉറപ്പുണ്ട്. തെരുവുവിളക്കുകൾ സ്ഥാപിക്കുന്നതിനും കേടുപാടുകൾ പരിഹരിക്കുന്നതിനുമായി ഓരോ ജില്ലയിലും അംഗീകൃത സർവീസ് ഏജന്റുമാരെ നിയമിക്കുകയും ചെയ്തിട്ടുണ്ട്. ഇപ്പോൾ തന്നെ കെട്ടിടങ്ങൾക്കും മെഷിനറികൾക്കുമായി 2 കോടിയിലേറെ രൂപ ചെലവഴിച്ചു കഴിഞ്ഞു. പൂർണ്ണ സജ്ജീകരണത്തോടെ ഉത്പാദനം ആരംഭിക്കുമ്പോൾ ഏകദേശം 4 കോടി രൂപയോളം അടിസ്ഥാന ചെലവ് വരും എന്നാണ് കണക്കാക്കിയിട്ടുള്ളത്.

ക്രൂസ് വിതരണം ചെയ്ത തെരുവുവിളക്കുകൾ വാറണ്ടി കാലാവധി അവസാനിച്ച ശേഷം പഞ്ചായത്തുകളുടെ ആവശ്യമനുസരിച്ച് AMC അടിസ്ഥാനത്തിലോ പെയ്ഡ് സർവീസ് ആയോ കേടുപാടുകൾ തീർക്കാനുള്ള പദ്ധതിയും ആവിഷ്കരിച്ചു വരുന്നു.

കേരളത്തിലെ ഗ്രാമ പഞ്ചായത്തുകളും മറ്റ് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും നല്കിവരുന്ന എല്ലാവിധ സഹകരണത്തിനും ഈ അവസരത്തിൽ ക്രൂസ് ഡയറക്ടർ ബോർഡിനും ജീവനക്കാർക്കും വേണ്ടി നന്ദി രേഖപ്പെടുത്തിക്കൊണ്ടും മേലിലും എല്ലാവിധ സഹകരണങ്ങളും വിലയേറിയ ഉപദേശങ്ങളും പ്രതീക്ഷിച്ചുകൊണ്ടും ക്രൂസിന്റെ തെരുവു വിളക്ക് ഉത്പാദന ശാലയായ കേരള ഗ്രാമ ജ്യോതി ലൈറ്റിംഗ് എന്ന സ്ഥാപനം കേരളത്തിലെ എല്ലാ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾക്കുമായി സന്തോഷത്തോടെ സമർപ്പിക്കുന്നു.

കമ്പനിയുടെ പ്രവർത്തനം പൂർണ്ണരൂപത്തിൽ ആരംഭിക്കുന്നതോടെ ഏതു മാർക്കറ്റിലും ക്രൂസിന്റെ ഉത്പന്നങ്ങൾ മുൻപന്തിയിൽ തന്നെ ഇടംപിടിക്കുമെന്ന് ഉറപ്പുണ്ട്. തെരുവുവിളക്കുകൾ സ്ഥാപിക്കുന്നതിനായും കേടുപാടുകൾ പരിഹരിക്കുന്നതിനുമായി ഓരോ ജില്ലയിലും അംഗീകൃത സർവീസ് ഏജന്റുമാരെ നിയമിക്കുകയും ചെയ്തിട്ടുണ്ട്. ഇപ്പോൾ തന്നെ കെട്ടിടങ്ങൾക്കും മെഷിനറികൾക്കുമായി 2 കോടിയിലേറെ രൂപ ചെലവഴിച്ചു കഴിഞ്ഞു.

(ലേഖകൻ കേരള റൂറൽ എംപ്ലോയ്മെന്റ് വെൽഫയർ & സൊസൈറ്റി ചെയർമാനാണ്)

പന്മനയിൽ നിന്ന്

സവിശേഷമായൊരു ശ്രവ്യാനുഭവം

മുരളീധരൻ തഴക്കര

കൊല്ലം ജില്ലയിലെ പന്മന ഗ്രാമം സാംസ്ക്കാരിക രാഷ്ട്രീയ സാമൂഹിക രംഗങ്ങളിൽ ഏറെ ശ്രദ്ധേയവും സവിശേഷപ്രാധാന്യവുമുള്ള പ്രദേശമാണ്. ഉല്പതിഷ്ണുവും അഗാധ പണ്ഡിതനും സന്യാസിശ്രേഷ്ഠനുമായ ചട്ടമ്പി സ്വാമികളുടെ സമാധിസ്ഥലം പന്മന ആശ്രമത്തിലാണ്. കേരളത്തിന്റെ രാഷ്ട്രീയ സാമൂഹിക രംഗങ്ങളിലെ അതികായനും സ്വാതന്ത്ര്യ സമരനായകനുമായിരുന്ന കുമ്പളത്ത് ശങ്കുപിള്ളയും ജ്ഞാനി രാമകൃഷ്ണ പിള്ളയും അടക്കം നിരവധി മഹത്തുക്കളുടെ ജന്മം കൊണ്ടനുഗ്രഹീതമായ പ്രദേശം. ചവറ പന്മന തേവലക്കര-കയറു കൊണ്ട് പിഴയ്ക്കുമെന്നത് പറഞ്ഞു പതിഞ്ഞ കാര്യമാണ്. റാട്ടിന്റെ സംഗീതം ഈ ഗ്രാമത്തിന്റെ ജീവസ്പന്ദനമായിരുന്നു. പക്ഷെ ഇന്നിതാ റാട്ടും കയറും ഈ തീരദേശ ഗ്രാമത്തിൽ നിന്ന് അന്യമാകുകയാണ്. എന്നാൽ ധാതു സമൃഷ്ടമായ ഇവിടുത്തെ മണ്ണ് അനവധി ലോഹങ്ങളുടെയും ധാതുക്കളുടെയും അക്ഷയഖനിയാണ്. ഇങ്ങനെ എണ്ണിയെണ്ണിപ്പറയാൻ കഴിയുന്ന പ്രാമാണികതകളേറെയുള്ള ഗ്രാമം. ഈ തീരദേശഗ്രാമം ഇപ്പോഴിതാ വളരെ വ്യത്യസ്തമായൊരു ശ്രവ്യാനുഭവത്തിലൂടെ കേരളത്തിനാകെ മാതൃകയാവുന്നു.

ഇവിടെ ഈ ഗ്രാമത്തിൽ റേഡിയോയും റേഡിയോ കിയോസ്ക്കുകളും തിരിച്ചുവരുന്നു. പന്മന ഗ്രാമപഞ്ചായത്ത് മെമ്പറും ക്ഷേമകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർമാനുമായ കുറുകത്തല ഇസ്മയിലാണ് നന്മയുടെ ശബ്ദവീചികളുടെ ഇവിടുത്തെ അംബാസഡർ. നന്നേ ചെറുപ്പം മുതൽ റേഡിയോ-വിശിഷ്യാ ആകാശവാണി പരിപാടികൾ കേട്ടു വളർന്ന ഇദ്ദേഹത്തിന് റേഡിയോ ചങ്ങാതിയും സന്തത സഹചാരിയുമാണ്. തന്റെ പഞ്ചായത്തിലാകെ റേഡിയോ വ്യാപരിപ്പിക്കുവാനുള്ള പരിശ്രമത്തിലാണിദ്ദേഹം. അതിന്റെ തുടക്കമെന്ന നിലയിൽ പന്മനയിലെ എല്ലാ അംഗനവാടികളിലും റേഡിയോ വാങ്ങി നൽകിക്കഴിഞ്ഞു. ഉച്ച നേരത്ത് അംഗനവാടികളിലെ കുട്ടികൾ ആകാശവാണിയുടെ ചലച്ചിത്ര ഗാനങ്ങളും രഞ്ജിനിയും കേട്ടാണ് ഇപ്പോൾ ഉറങ്ങുന്നത്. റേഡിയോയിൽ നിന്ന് ഒഴുകിയെത്തുന്ന ചലച്ചിത്രഗാനം കുട്ടികൾക്ക് ഉറക്കുപാട്ടായി-താരാട്ടായി മാറുന്നു.

രണ്ടാം ഘട്ടമായി ഇദ്ദേഹത്തിന്റെ വാർഡിൽ സർവ്വെ നടത്തി റേഡിയോ ഇല്ലാത്ത വീടുകളുടെ കണക്കെടുത്ത് എല്ലാ വീട്ടിലും റേഡിയോ സ്വന്തം ചെലവിൽ വാങ്ങി നൽകുവാനുള്ള യത്നമായിരുന്നു. ഇങ്ങനെ 235 റേഡിയോ വാങ്ങി ഇക്കഴിഞ്ഞ ഓണത്തിന് വിതരണം ചെയ്തു. കേൾവിയുടെ സംസ്കാരത്തെയും പ്രാധാന്യത്തെയും അധികരിച്ച് പന്മനയിൽ ഒരു

ഇവിടെ ഈ ഗ്രാമത്തിൽ റേഡിയോയും റേഡിയോ കിയോസ്ക്കുകളും തിരിച്ചുവരുന്നു. പന്മന ഗ്രാമപഞ്ചായത്ത് മെമ്പറും ക്ഷേമകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർമാനുമായ കുറുകത്തല ഇസ്മയിലാണ് നന്മയുടെ ശബ്ദവീചികളുടെ ഇവിടുത്തെ അംബാസഡർ. നന്നേ ചെറുപ്പം മുതൽ റേഡിയോ-വിശിഷ്യാ ആകാശവാണി പരിപാടികൾ കേട്ടു വളർന്ന ഇദ്ദേഹത്തിന് റേഡിയോ ചങ്ങാതിയും സന്തത സഹചാരിയുമാണ്.

പന്മനയിൽ നടന്ന റേഡിയോ വിതരണ ചടങ്ങ്

സമ്മേളനം സംഘടിപ്പിച്ചാണ് റേഡിയോ വിതരണം ചെയ്തത്. ഏകദേശം ഒരു ലക്ഷത്തിലേറെ രൂപയാണ് സ്വന്തം പോക്കറ്റിൽ നിന്നും ഈ നന്മപ്രവർത്തനത്തിനായി ഇതിനകം തന്നെ ഇദ്ദേഹം ചെലവഴിച്ചിരിക്കുന്നത്. ജീവിതത്തിൽ എന്തെല്ലാം കാര്യങ്ങൾക്ക് എത്രയോ പണം ചെലവഴിച്ചിരിക്കുന്നു. ഇങ്ങനെയൊരു സാംസ്കാരിക നന്മയ്ക്കായി ഇത്രയും പണം ചെലവഴിക്കുന്നത് ഒരു ജീവിത പുണ്യമായിട്ടാണ് ജനപ്രതിനിധി കൂടിയായ കുറുക്കത്തല ഇസ്മയിൽ കരുതുന്നത്. തിരുവനന്തപുരം ആകാശവാണിയിലെ സഹകരണസംഘത്തിൽ നിന്നാണ് രണ്ടു മൂന്ന് പ്രാവശ്യമായി ഈ റേഡിയോ മുഴുവൻ ഇദ്ദേഹം വാങ്ങിയത്.

അടുത്ത ലക്ഷ്യം പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിലായി മൂന്ന് നാല് റേഡിയോ കിയോസ്ക്കുകൾ സ്ഥാപിക്കുക എന്നതാണ്. മഹാനായ കുമ്പളത്ത് ശങ്കുപിള്ള പഞ്ചായത്ത് പ്രസിഡന്റായിരുന്ന കാലത്ത് മൂന്ന് റേഡിയോ കിയോസ്ക്കുകൾ അദ്ദേഹം സ്ഥാപിച്ചിരുന്നത്രേ. അവയൊന്നും ഇപ്പോൾ പ്രവർത്തനക്ഷമമല്ല. അവയെല്ലാം പുനരുജ്ജീവിപ്പിക്കുക എന്നതാണ് അടുത്ത ലക്ഷ്യം. പാടുകയും പറയുകയും ചെയ്യുന്ന ഈ റേഡിയോ കിയോസ്ക്കുകൾ മഹാനായ കുമ്പളത്തിന് ഉചിതമായ സ്മാരകം കൂടിയാകുമെന്നാണ് ഇദ്ദേഹത്തിന്റെ പക്ഷം. ആദ്യത്തെ കിയോസ്ക്ക് ഗ്രാമപഞ്ചായത്തിന്റെ സഹകരണത്തോടും അനുമതിയോടും കൂടി ചവറയിൽ ദേശീയ പാതയോടു ചേർന്നുള്ള മാർക്കറ്റിൽ സ്ഥാപിക്കാനാണ് ഉദ്ദേശിക്കുന്നത്. സായാഹ്നങ്ങളിൽ ചന്തയിൽ ഒത്തുചേരുന്നവർക്കും സാധനങ്ങൾ വാങ്ങാനായി എത്തുന്നവർക്കും ഇതൊരനുഗ്രഹമായിരിക്കും. അലസമായി അനാവശ്യ കാര്യങ്ങൾ സംസാരിച്ച് സമയം വൃഥാ കളയാതെ നല്ല വാർത്തകളും നല്ല വർത്തമാനങ്ങളും ശ്രവിക്കുവാൻ ഇത് സഹായകമാകുമെന്നാണ് ഇദ്ദേഹത്തിന്റെ കാഴ്ചപ്പാട്.

നിറം പിടിപ്പിച്ച പൂരക്കാഴ്ചകളുടെ ഒരു കാലമാണിത്. ഒരായിരം എപ്പിസോഡുകൾ വരെ നീണ്ടു പോകുന്ന കഥയില്ലാ കാഴ്ചകളിൽ കുടുംബമൊന്നാകെ അഭിരമിക്കുമ്പോൾ കേൾവിയിലൂടെ വിജ്ഞാനത്തിന്റെ ചെപ്പു തുറക്കുന്ന ഒരു കൊച്ചു ട്രാൻസിസ്റ്ററിന് എന്ത് പ്രസക്തി എന്ന് ചോദിക്കുന്നവരുമുണ്ടാകാം. നമ്മുടെ ഇസ്മയിലിന് തല യ്ക്ക് എന്തോ കാര്യമായ തകരാറാണെന്നാ തോന്നുന്നത്-മൂപ്പർക്ക് ഭ്രാന്താണെന്ന് പറയുന്നവരും ഉണ്ടത്രെ! ശരിയാണ് ഇതൊരുതരം ഭ്രാന്താണ് -നമ്മുടെ സമൂഹത്തിൽ നിന്നും ഊർന്നും ചോർന്നും ഇല്ലാതായിക്കൊണ്ടിരിക്കുന്ന ജീവിത മൂല്യങ്ങളെ തിരിച്ചുപിടിക്കാനായി പണവും സമയവും ചെലവഴിച്ച് നടത്തുന്ന ഈ സാംസ്കാരിക പ്രവർത്തനം ഒരു തരത്തിൽ നന്മ നിറഞ്ഞ ഭ്രാന്താണ്. ചങ്ങലയ്ക്കും ഭ്രാന്ത് ബാധിച്ചിരിക്കുന്ന ഈ പുതിയ കാലത്ത് കുറുക്കത്തല ഇസ്മയിൽ പന്മന ഗ്രാമത്തിൽ നടത്തുന്ന സമാനതകളില്ലാത്ത ഈ നിശ്ശബ്ദ ദൗത്യം കേരളത്തിനാകെ മാതൃകയായി മാറട്ടെ.

ലേഖകൻ തിരുവനന്തപുരം ആകാശവാണിയിൽ പ്രോഗ്രാം എക്സിക്യൂട്ടീവാണ്
- 9447220197

തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾക്കു വേണ്ടിയുള്ള ഓംബുഡ്സ്മാൻ ചുമതലയേറ്റു

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കായുള്ള പുതിയ ഓംബുഡ്സ്മാനായി റിട്ട. ജസ്റ്റിസ് കെ.കെ. ദിനേശൻ ചുമതലയേറ്റു. രാജ്ഭവനിൽ നടന്ന ചടങ്ങിൽ ഗവർണർ പി. സദാശിവം സത്യപ്രതിജ്ഞ ചൊല്ലിക്കൊടുത്തു. മുഖ്യമന്ത്രി പിണറായി വിജയൻ പങ്കെടുത്തു. മന്ത്രിമാർ, ചീഫ് സെക്രട്ടറി, മറ്റ് ഉയർന്ന ഉദ്യോഗസ്ഥർ സംബന്ധിച്ചു.

അമൃത്: 448.53 കോടി രൂപയുടെ പദ്ധതികൾക്ക് അംഗീകാരമായി

തിരുവനന്തപുരം, കൊച്ചി, തൃശ്ശൂർ, കോഴിക്കോട്, കണ്ണൂർ കോർപ്പറേഷനുകളും ആലപ്പുഴ, പാലക്കാട്, ഗുരുവായൂർ നഗരസഭകളും ഉൾപ്പെടെ എട്ട് അമൃത് നഗരങ്ങളിലെ 448.53 കോടി രൂപയുടെ 71 പദ്ധതികൾക്ക് ചീഫ് സെക്രട്ടറി ഡോ. കെ.എം. എബ്രഹാമിന്റെ അധ്യക്ഷതയിൽ ചേർ ഉന്നതാധികാരസമിതി യോഗം ഭരണാനുമതി നൽകി.

തിരുവനന്തപുരം കോർപ്പറേഷനിൽ കുടിവെള്ള വിതരണം, സ്റ്റോം വാട്ടർ ഡ്രെയിനേജ്, സിവറേജ്, അർബൻ ട്രാൻസ്പോർട്ട്, പാർക്ക് എന്നിവയുടെ 12 പദ്ധതികൾക്ക് 112.20 കോടി രൂപയുടെ അനുമതിയായി. തൃശ്ശൂർ കോർപ്പറേഷനിൽ ഇതേ വിഭാഗത്തിലെ 15 പദ്ധതികൾക്ക് 115.97 കോടി രൂപയുടെയും കൊച്ചി കോർപ്പറേഷനിൽ പാർക്ക് ഒഴികെയുള്ള 18 പദ്ധതികൾക്ക് 49.01 കോടി രൂപയുടെയും ഭരണാനുമതി നൽകി. കോഴിക്കോട് കോർപ്പറേഷനിൽ കുടിവെള്ള വിതരണവുമായി ബന്ധപ്പെട്ട ഒരു പദ്ധതിക്ക് 46.55 കോടി രൂപയും കണ്ണൂരിൽ സിവറേജ് സെക്ടറിലെ ഒരു പദ്ധതിക്ക് 46.81 കോടി രൂപയും ആലപ്പുഴ മുനിസിപ്പാലിറ്റിയിൽ എട്ട് പദ്ധതികൾക്ക് 32.78 കോടി രൂപയും ഗുരുവായൂരിൽ കുടിവെള്ള വിതരണം, പാർക്ക് എന്നീ വിഭാഗങ്ങളിലെ രണ്ടു പദ്ധതികൾക്ക് 10.35 കോടിരൂപയും പാലക്കാട് 14 പദ്ധതികൾക്ക് 34.84 കോടി രൂപയുമാണ് അനുമതിയായത്. അമൃത് വാർഷിക പദ്ധതിയിൽ അംഗീകാരം ലഭിച്ച 379 പദ്ധതികളിൽ 2032 കോടിരൂപയുടെ 355 പദ്ധതികളുടെ വിശദമായ പദ്ധതി റിപ്പോർട്ട് തയ്യാറായതായി തദ്ദേശ സ്വയംഭരണവകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി ടി.കെ. ജോസ് യോഗത്തെ അറിയിച്ചു.

നാട്ടുവെളിച്ചം

നാടോടി വിജ്ഞാനീയം

വെള്ളനാട് രാമചന്ദ്രൻ

സംസ്കാരം കൊണ്ടാണ് മനുഷ്യൻ തിരിച്ചറിയപ്പെടുന്നത്. ബഹുതലസ്പർശികളായ അനേകഘടകങ്ങളുടെ സംഘാതമാണ് സംസ്കാരം. സാമ്പത്തികവും ബൗദ്ധികവും കലാപരവും വിശ്വാസപരവുമായ സവിശേഷസിദ്ധികളുടെ ആകെത്തുകയാണ് സംസ്കാരം.

കാട്ടിലും മേട്ടിലും വേട്ടയാടി നടന്ന മനുഷ്യൻ കൃഷിയുടെ കണ്ടെത്തലോടു കൂടി ഊരുകളിലും പാടികളിലും പാർപ്പുറപ്പിച്ചു. അവർ ചവിട്ടിക്കയറിയ പരിഷ്ക്കാരത്തിന്റെ പടിക്കെട്ടുകളിൽ അടയാളപ്പെടുത്തിയിട്ട മൊഴിവഴക്കങ്ങളും കൈത്തഴക്കങ്ങളുമടങ്ങിയ നാട്ടറിവുകൾ പ്രാകൃതവും പാഴ്വസ്തുക്കളുമാണെന്ന കഴിഞ്ഞ നൂറ്റാണ്ടിലെ ആശയങ്ങളെ പിൻതള്ളി, ഇവയെ വർത്തമാനകാലത്തെ തിരുത്താനും ഭാവിയെ കരുപ്പിടിപ്പിക്കാനുമുള്ള ദത്തങ്ങളായി ഉപയോഗിക്കാമെന്ന തിരിച്ചറിവ് ഇന്ന് ഉണ്ടായി വന്നിരിക്കുന്നു. നൂറ്റാണ്ടുകൾ കൊണ്ട് തോറ്റിയെടുത്തതും പകരം വയ്ക്കാനില്ലാത്തതുമായ ഈ നാട്ടറിവുകളെ ശേഖരിക്കാനും ആലേഖനം ചെയ്ത് സൂക്ഷിക്കാനും നാം ഏറെ വൈകിയിരിക്കുന്നു.

നാട്ടുക്കൂട്ടത്തിന്റെ ഓർമ്മയിൽ മാത്രം നിലനിന്നുപോരുന്ന അറിവിന്റെ തീരാഖനികളെ ആധുനികകാലത്ത് ഒരു വഴിച്ചൂട്ടായി ഉപയോഗിക്കാമെന്ന കണ്ടെത്തലിന് ഒന്നര നൂറ്റാണ്ടിലേറെ പഴക്കമില്ല. പൗരാണികസമൂഹം തങ്ങൾക്ക് നേരിട്ട പ്രതിസന്ധികളെ എങ്ങനെ തരണം ചെയ്തു എന്നും ദുരന്തങ്ങളെ എങ്ങനെ അഭിമുഖീകരിച്ചു എന്നും അറിഞ്ഞുവയ്ക്കുന്നത് ഇന്നിനെ തിരുത്താനും നാളെയെ ഒരുക്കാനും ഉപയോഗപ്പെടുത്താമെന്ന ബോധം വളർന്നുവന്നതോടു കൂടി ഏറെക്കുറെ ശബ്ദശരീരികളായി മാറിക്കഴിഞ്ഞ നാടോടി വിജ്ഞാനത്തെ പഠിക്കാനും പകർത്താനുമുള്ള ശ്രമങ്ങൾ ആരംഭിച്ചു. എങ്കിലും മലയാളത്തെ സംബന്ധിച്ചിടത്തോളം നാട്ടറിവു പഠനം അതിന്റെ ശൈശവദശ പിന്നിട്ടു എന്നു പറയാനാവില്ല.

സാമ്രാജ്യങ്ങൾ രൂപം കൊള്ളുകയോ തകരുകയോ ചെയ്യാം. ഭരണീയർ മാറിയും മറിഞ്ഞും വരാം. പക്ഷെ സഹസ്രാബ്ദങ്ങൾ താണ്ടി വന്ന ഗ്രാമജീവിതം കൃത്യവും നിയതവുമായ ഒരു ക്രമത്തിലൂടെ മുന്നോട്ട പോകും. ഗ്രാമ്യജീവികയിലെ ഒരു ബഹുസ്വരസമൂഹത്തിൽ ഉൾപ്പെട്ട കുലങ്ങൾ, ഗോത്രങ്ങൾ അവർ പുലർത്തി വന്ന ആചാരങ്ങൾ, അനുഷ്ഠാനങ്ങൾ, തൊഴിൽരീതികൾ, വിശ്വാസങ്ങൾ, വിലക്കുകൾ, മൊഴിവഴക്കങ്ങൾ, ഭക്ഷണശീലങ്ങൾ, വേഷവിധാനങ്ങൾ, നാട്ടുകലകൾ, നാട്ടുകഥകൾ, നാടൻകളികൾ, നാട്ടുപേരുകൾ എന്നിവയെക്കുറിച്ചുള്ള അന്വേഷണം തന്നെ അതിന്റെ പിന്നിലുള്ള കൂട്ടായ്മയെകൂടി അറിഞ്ഞുവയ്ക്കലാണ്. ഒന്നൊരുക്കിപ്പറഞ്ഞാൽ നാടോടി വിജ്ഞാനീയം അഥവാ പാരമ്പര്യപഠനമെന്നത് ഒരു സമൂഹത്തിന്റെ സത്യസൗന്ദര്യങ്ങളെക്കുറിച്ചുള്ള അന്വേഷണമാണ്, ഒപ്പം ഇന്നലെച്ചെയ്തോരബദ്ധം ഇന്നത്തെയാചാരവും നാളത്തെ ശാസ്ത്രവുമായി മാറാതിരിക്കാനുള്ള മുൻകരുതലും.

നാട്ടുവെളിച്ചത്തിൽ തെളിയുന്ന ചില നുറുങ്ങറിവുകളുടെ കുറിപ്പടികൾ ആരംഭിക്കട്ടെ.

പാലം വലിച്ച കഥ

ചതിപ്രയോഗങ്ങളെയും തൻകാര്യസാദ്ധ്യത്തിനായി ചെയ്യുന്ന ദ്രോഹപ്രവൃത്തികളെയും സൂചിപ്പിക്കുന്ന ഒരു പ്രയോഗ വിശേഷമാണല്ലോ പാലം വലിക്കൽ. വാമൊഴിയിൽ മാത്രം തത്തിക്കളിച്ചിരുന്ന ഈ പ്രയോഗം ഇന്ന് വരമൊഴിയിലും കടിയേറിയിട്ടുണ്ട്. കുടുംബത്തെ ചതിച്ചവനെയും പ്രായം ചെന്നവരെ കുഴിയിൽ ചാടിച്ചവനെയും "അച്ചുന് പാലം വലിച്ചവൻ" എന്ന സവിശേഷശൈലിയിൽ ഗ്രാമ്യസമൂഹം വിവക്ഷിക്കാറുണ്ട്. ഈ നാട്ടുമൊഴി ഉരുവം കൊണ്ടതിനു പിന്നിലുള്ള കഥ ഇങ്ങനെ സംക്ഷേപിക്കാം.

പണ്ട് ഒരു ഗ്രാമത്തിൽ രണ്ട് എണ്ണക്കച്ചവടക്കാരുണ്ടായിരുന്നു. അച്ചുനും മകനുമായ ഇവർ അടുത്തടുത്താണ് താമസിച്ചിരുന്നത്. ആണ്ടിലെല്ലാ ദിവസവും വെള്ളം നിറഞ്ഞൊഴുകിയിരുന്ന ഒരു തോട് കടന്നുവേണം ഇരുവർക്കും ചന്തയിലെത്താൻ. തോടുകടക്കുന്നതിന് രണ്ടു കമുകിൻ തടികൾ കൂട്ടികെട്ടിയ ഒരു പാലം മാത്രമാണുണ്ടായിരുന്നത്. എന്നും ഓരോ കുടം എണ്ണയുമായി ഇരുവരും ആ അന്തിച്ചന്തയിൽ പോകും. എന്നാൽ അരക്കുടം എണ്ണ മാത്രമേ ഓരോരുത്തർക്കും വിറ്റുപോയിരുന്നുള്ളൂ. അഥവാ മൊത്തം ഒരു കുടം എണ്ണ വാങ്ങുവാനുള്ള ആൾക്കൂട്ടമേ ആ ഗ്രാമച്ചന്തയിൽ എത്തിയിരുന്നുള്ളൂ എന്ന് സാരം. ഈ തുച്ഛമായ വരുമാനം കൊണ്ട് ഇരു കുടുംബങ്ങളും അരവയറുണ്ട് ജീവിച്ചുപോന്നു. ഒരു ദിവസമെങ്കിലും തനിക്കും ഭാര്യയ്ക്കും മക്കൾക്കും സുഭിക്ഷമായി ഉണ്ടുറങ്ങുന്നതിനുള്ള മാർഗ്ഗം കണ്ടെത്തണമെന്നുള്ള അദമ്യമായ ആഗ്രഹം മകന്റെ മനസ്സിൽ ഉടലെടുത്തു. ദിവസങ്ങളായുള്ള ആലോചനകളിലൂടെ അയാൾ ഒരു വഴി കണ്ടെത്തി.

ഒരു ദിവസം പതിവുപോലെ മകൻ ഒരു കുടം എണ്ണയുമായി നേരത്തെ വീട്ടിൽനിന്നും തിരിച്ചു. അയാൾ തോട് കടന്ന് അക്കരെയെത്തിയശേഷം കമുകിൻതടികൾ കൊണ്ടുള്ള പാലം വലിച്ച് കരയിലേക്കിട്ടു. പാലമില്ലാത്തതുകാരണം അച്ചുന്, അന്ന് ചന്തയിലെത്താനായില്ല. അന്ന് മകന്റെ കച്ചവടം പൊടിപൊടിച്ചു; ഒരു കുടം എണ്ണയും വിറ്റുതീർന്നു.

അങ്ങാടിപ്പാട്ടായ ഈ സംഭവം ശൈലീരൂപം പൂണ്ട് വാമൊഴിയായി നാടെങ്ങും പ്രചരിച്ചു. ക്രമേണ "അച്ചുന് പാലം വലിച്ചവനെ" വരമൊഴി കുടം കൊള്ളുകയും മാനക മലയാളത്തിൽ ഒരു പ്രയോഗ വിശേഷമായി നിലനിർത്തിപ്പോരുകയും ചെയ്യുന്നു.

ലേഖകൻ ചരിത്രകാരനാണ്
ഫോൺ : 9495828585

ഇനി വായനക്കാർ

വൈവിധ്യമാർന്ന പദ്ധതികൾ

ലോകബാങ്ക് ധനസഹായം വിനിയോഗിച്ച് കേരളത്തിലെ ഗ്രാമപഞ്ചായത്തുകളും നഗരസഭകളും തദ്ദേശമിത്രം പദ്ധതി മുഖേന 42709 പദ്ധതികൾ നടപ്പാക്കിയെന്ന് പഞ്ചായത്ത് രാജ് മാസികയുടെ ഡിസംബർ ലക്കം പതിപ്പിൽ നിന്നും വായിച്ചറിഞ്ഞു. നമ്മുടെ നാടിന്റെ മുഖച്ഛായ തന്നെ മാറ്റിയെഴുതിയ ഈ പദ്ധതിയിൽ നിരവധി അംഗൻവാടികൾക്കും സ്കൂളുകൾക്കും ആശുപത്രികൾക്കും ആഫീസുകൾക്കും പുത്തൻകെട്ടിടങ്ങൾ ഉയർന്നു. മാർക്കറ്റുകൾ, അറവുശാലകൾ, ശ്മശാനങ്ങൾ, പാർക്ക്, നീന്തൽകുളങ്ങൾ എന്നിങ്ങനെ വൈവിധ്യമാർന്ന പദ്ധതികൾ വിജയകരമായി നടപ്പിലായി. മാത്രമല്ല നഗരസഭകളുടെയും ഗ്രാമപഞ്ചായത്തുകളുടെയും അക്കൗണ്ടിംഗ്, ആഡിറ്റിംഗ് സംവിധാനവും മെച്ചപ്പെടുത്തുന്നതിനും തദ്ദേശമിത്രം കാര്യമായ പങ്കുവഹിച്ചു. ചിട്ടയായ പ്രവർത്തനങ്ങളിലൂടെ പദ്ധതി നടത്തിപ്പിന് നേതൃത്വം നല്കിയ ഭരണസാരഥികൾ അഭിനന്ദനം അർഹിക്കുന്നു.

റെജി തോമസ്, നേര്യമംഗലം

വിജയാശംസകൾ

നിർദ്ധനർക്കും ആലംബഹീനർക്കും സ്വസ്ഥമായി താമസിക്കാനുള്ള ഇടം ലഭിക്കുക എന്നത് മറ്റെന്തിനെക്കാളും പ്രധാനപ്പെട്ട കാര്യമാണ്. ഈയവസരത്തിലാണ് കേരള സർക്കാരിന്റെ ലൈഫ് പദ്ധതി പ്രസക്തമാകുന്നത്. വീട് മാത്രമല്ല, ജീവനോപധിയായി തൊഴിൽ കൂടി നല്കുന്നു എന്നതാണ് ലൈഫിന്റെ പ്രത്യേകത. ഈ ദൗത്യത്തിന് എല്ലാവരും എല്ലാവിധ പിന്തുണയും നല്കേണ്ടത് അനിവാര്യമാണ്. സർക്കാരിന് എല്ലാ വിജയാശംസകളും

അനൂപ്, നൂറനാട്

അഭിനന്ദനാർഹം

മാലിന്യനിർമ്മാർജ്ജനം ഒരു കീറാമുട്ടിയായി കേരളസമൂഹത്തിനു മുമ്പിൽ നിലകൊള്ളുന്ന കാഴ്ച ദയനീയമാണ്. "എവിടെത്തിരിഞ്ഞൊന്നു നോക്കിയാലും അവിടെല്ലാം മാലിന്യക്കൂനമാത്രം" എന്ന കവിവാക്യം മാറ്റിയെഴുതേണ്ട ദുരവസ്ഥ. ഇതിനൊരപവാദമായി മാറുകയാണ് ആലപ്പുഴ ജില്ലയിലെ പ്രവർത്തനങ്ങൾ. എല്ലാവർക്കും ഒരു മാതൃകയായിട്ടുള്ള കാര്യമാണിത്. മാലിന്യസംസ്കരണത്തിൽ കൂടുതൽ ഊർജ്ജസ്വലത പുലർത്തേണ്ട കാലം അതിക്രമിച്ചിരിക്കുന്നു. ആലപ്പുഴ വാർത്ത സവിശേഷപ്രാധാന്യത്തോടെ പ്രസിദ്ധീകരിച്ച മാസിക അഭിനന്ദനമർഹിക്കുന്നു

സുരേഷ് ബാബു, കോട്ടയം.

കണ്ണും കാതും — **വീ. സീ. അഭിലാഷ്**

എറണാകുളത്ത് കെട്ടിടത്തിൽ നിന്ന് വീണയാളിനെ രക്ഷിക്കാതെ ആൾക്കൂട്ടം

പരസ്യ നിരക്ക്

കവർ (അവസാന പുറം) കളർ	₹ 12000
കവർ (ഉൾവശം) കളർ	₹ 10000
കവർ (ഉൾവശം) ബ്ലാക്ക് & വൈറ്റ്	₹ 8000
മറ്റു പേജുകൾ (കളർ)	₹ 8000
മറ്റു പേജുകൾ (ബ്ലാക്ക് & വൈറ്റ്)	₹ 6000
അരപേജ് (കളർ)	₹ 5000
അര പേജ് (ബ്ലാക്ക് & വൈറ്റ്)	₹ 3000

പഞ്ചായത്ത്‌രാജ്

വാർഷിക വരിസംഖ്യ ₹ 120

PANCHAYAT RAJ (Monthly) January 2018
Annual Subscription ₹120, Published on 20 January 2018
Posted at Trivandrum RMS on 25th & 26th of every month

RNI. No. : 7959/64
Postal Reg. No. KL/TV(N) 391/2015-17
Licensed to post without prepayment No. KL/TV(N) WPP-85/2015-17

ഫോർ ദി പീപ്പിൾ

കേരള സർക്കാർ
തദ്ദേശസ്വയംഭരണ വകുപ്പ്

പരാതിപ്പെടാം... ഓൺലൈനിലൂടെ

- പൊതുജനങ്ങൾക്ക് for the people പോർട്ടലിൽ (http//pglsgd.kerala.gov.in) പരാതികൾ ഓൺലൈനായി ആയി നൽകാം.
- ഈ സംവിധാനം വഴി പഞ്ചായത്തുകളെയും നഗരസഭകളെയും സംബന്ധിച്ച് രണ്ട് തരം പരാതികൾക്ക് പരിഹാരം തേടാം
  - സേവന ലഭ്യതയിൽ വരുന്ന വീഴ്ചകൾ
  - അഴിമതി സംബന്ധിച്ച പരാതി
- വ്യാജപരാതികൾ ഒഴിവാക്കാൻ ആധാർ/ഇലക്ഷൻ തിരിച്ചറിയൽ കാർഡ് നിർബന്ധം
- പരാതിക്കാരുടെ വ്യക്തിവിവരങ്ങൾ രഹസ്യമായി സൂക്ഷിക്കുന്നതിന് സൗകര്യം
- പഞ്ചായത്ത് വകുപ്പ്, ഗ്രാമവികസന വകുപ്പ്, നഗരകാര്യ വകുപ്പ്, നഗര-ഗ്രാമാസൂത്രണ വകുപ്പ് LSGD എഞ്ചിനീയറിംഗ് വിഭാഗം എന്നീ വകുപ്പുകളെയാണ് ഈ വെബ്പോർട്ടലിൽ ഉൾപ്പെടുത്തിയിരിക്കുന്നത്.

Printed & Published by P.Marykutty IAS, Director, Dept. of Panchayats on behalf of Govt. of Kerala and
Printed at Orange Printers Pvt. Ltd (for GLM), Pulimood, Thiruvananthapuram, Kerala - 695 001 and
Published at Directorate of Panchayats, Museum P.O., Thiruvananthapuram - 695 033, Kerala. Editor: P.Marykutty IAS